# ഗിരിദീപം

വാല്യം 04 ലക്കം 11 വില 10 രൂപ



## YEAR OF ST. JOSEPH

നവംബർ 2021



തലശ്ശേരി അതിരൂപതയുടെ
സഹായമെത്രാനായി ചുമതലയേറ്റിട്ട്
നവംബർ 8 ന് നാല് വർഷം
പൂർത്തിയാകുന്ന അഭിവന്ദ്യ
മാർ ജോസഫ് പാംപ്ലാനി
പിതാവിന്
പ്രാർത്ഥനാശംസകൾ
നവംബർ 30 ന് പൗരോഹിത്യ
സ്വീകരണത്തിന്റെ 58-ാം വാർഷികം
ആഘോഷിക്കുന്ന അഭിവന്ദ്യ
മാർ ജോർജ് വലിയമറ്റം
പിതാവിന്
പ്രാർത്ഥനാശംസകൾ

Golden Jubilee Celebration



മാർ ജോർജ് ഞറളക്കാട്ട്



ഫാ. ജോസഫ്
കദളിയിൽ



ഫാ. മാത്യു
കായാമ്മാക്കൽ



ഫാ. ആൻഡ്രൂസ്
തെക്കേക്കണ്ടം



ഫാ. സെബാസ്റ്റ്യൻ
പുളിന്താനം



ഫാ. ജോൺ
കണിയാംപാലയ്ക്കൽ



മോൺ. ആന്റണി
കൊഴുവനാൽ
(താമരശ്ശേരി)



ഫാ. തോമസ്
വട്ടോട്ടുതറപ്പേൽ
(താമരശ്ശേരി)



ഫാ. സൈമൺ
വള്ളോപ്പിള്ളി
(താമരശ്ശേരി)

Silver Jubilee Celebration



ഫാ. തോമസ്
ആമക്കാട്ട്



ഫാ. മാർട്ടിൻ
കിഴക്കേതലയ്ക്കൽ



ഫാ. ജോർജ്
കോടിമറ്റത്തിൽ



ഫാ. തോമസ്
കൂനാനിക്കൽ



ഫാ. ജോസഫ്
മറ്റത്തിൽ



ഫാ. ആന്റണി
പരതേപതിക്കൽ



ഫാ. ഫ്രാൻസിസ്
റാത്തപ്പിള്ളിൽ



ഫാ. മാർട്ടിൻ
വരിക്കാനിക്കൽ



ഫാ. ലാസർ
വരമ്പകത്ത്

ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).

വാല്യം 04 നവംബർ 2021 ലക്കം 11

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490 - 2342440

# ഉള്ളടക്കം


1. Prot No. 493 /21, Circular No. 12/21 .................... 07
2. കച്ചേരിക്കാര്യം .................... 12
3. പാസ്റ്ററൽ കൗൺസിൽ .................... 16
4. പ്രെസ്ബിറ്ററൽ കൗൺസിൽ .................... 18
5. വിശ്വാസപരിശീലനം .................... 20
6. കുടുംബകൂട്ടായ്മ .................... 27
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് .................... 29
8. ചെറുപുഷ്പ മിഷൻലീഗ് .................... 32
9. തിരുബാലസഖ്യം .................... 41
10. യുവജനശുശ്രൂഷ .................... 43
11. കുടുംബപ്രേഷിതത്വം .................... 50
12. വിദ്യാഭ്യാസ ഏജൻസി .................... 56
13. വിമൽജ്യോതി വാർത്തകൾ .................... 61
14. സാൻജോസ് അക്കാഡമി .................... 63
15. എ.കെ.സി.സി. .................... 66
16. നിർമ്മലഗിരി വാർത്തകൾ .................... 68
17. ADAM .................... 74
18. കരിസ്മാറ്റിക് നവീകരണം .................... 75
19. മദ്യവിരുദ്ധ പ്രസ്ഥാനം .................... 77
20. ഏയ്ഞ്ചൽ ട്രസ്റ്റ് .................... 79
21. സാമൂഹ്യസേവനവേദി .................... 81
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .................... 85
23. Programme of the Archbishop Mar George Njaralakatt .................... 89
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിമറ്റം പിതാവ്) .................... 91
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .................... 93
26. Programme of the Auxiliary Bishop Mar Joseph Pamplany .................... 96

Prot No. 493 /21, Circular No. 12/21

## സർക്കുലർ

## നവീകരിക്കപ്പെട്ട വിശുദ്ധ കുർബ്ബാനക്രമം

ഈശോയിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

2021 നവംബർ 28-ാം തീയതി, മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ച, സീറോ-മലബാർ സഭയെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒരു ദിവസമാണ്. നമ്മുടെ സഭയിൽ നവീകരിച്ച വി. കുർബ്ബാനക്രമം ഉപയോഗിച്ചു തുടങ്ങുന്നതും എല്ലാ രൂപതകളിലും ഏകീകൃതമായ രീതിയിൽ വി. കുർബ്ബാനയർപ്പണം ആരംഭിക്കുന്നതും അന്നാണ്. തലശ്ശേരി അതിരൂപതയെ സംബന്ധിച്ച് നവീകരിച്ച കുർബാനക്രമം ഉപയോഗിച്ചു തുടങ്ങുന്നു എന്നത് മാത്രമാണ് പുതുമ. കാരണം സീറോ-മലബാർ സിനഡ് 1999-ൽ തീരുമാനിച്ച രീതിയിലാണ് 2000 ജൂലൈ 3-മുതൽ നമ്മുടെ അതിരൂപതയിൽ വി. കുർബ്ബാന അർപ്പിച്ചു വരുന്നത്. അതായത് കാർമ്മികൻ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും ഉൾപ്പെടെ വിശ്വാസപ്രമാണം കഴിയുന്നതുവരെ വചനവേദി അഥവാ ബേമ്മയിൽ വച്ച് ജനാഭിമുഖമായും അനാഫൊറാ ഭാഗം ജനം നിൽക്കുന്ന അതേ ദിശയിൽ മദ്ബഹയിൽ അൾത്താരയ്ക്ക് അഭിമുഖമായും സമാപനശുശ്രൂഷ വചനവേദിയിൽ വച്ച് ജനാഭിമുഖമായും നടത്തുക എന്ന തീരുമാനത്തെ 2000-മാണ്ട് ജൂലൈ 3 മുതൽ വിശ്വസ്തയോടും വിധേയത്വത്തോടുംകൂടി നാം നടപ്പിലാക്കുകയും നാളിതുവരെ പിന്തുടർന്ന് വരികയും ചെയ്തിട്ടുണ്ട്. സഭയിലെ മറ്റെല്ലാ രൂപതകളും ഈ രീതിയിൽ വി. കുർബ്ബാന അർപ്പിക്കാൻ പുതിയ ആരാധനക്രമവത്സരത്തിന്റെ ഒന്നാം ഞായറാഴ്ച മുതൽ ആരംഭിക്കുന്നുവെന്നത് സന്തോഷകരമായ കാര്യമാണ്. കർത്താവിന്റെ വിശുദ്ധ ബലി ഒരുമയോടെയും ഒരുപോലെയും അർപ്പിക്കുന്നതിന്റെ മഹനീയമായ മാതൃക സഭാസമൂഹത്തിന് മുഴുവൻ നല്കാൻ തലശ്ശേരി അതിരൂപതയ്ക്ക് കഴിഞ്ഞു എന്നതിൽ നമുക്ക് അഭിമാനിക്കാം. ബലിയർപ്പണത്തിലെ കൂട്ടായ്മയുടെ ഈ ചൈതന്യവും സന്തോഷവും സഹോദര രൂപതകളിലെ എല്ലാ വൈദികർക്കും സന്യസ്തർക്കും അല്മായ സഹോദരർക്കും സംലഭ്യമാകട്ടെ എന്ന് പ്രാർത്ഥിക്കാം.

പരിശുദ്ധ മാർപ്പാപ്പയുടെയും സഭാപിതാക്കന്മാരുടെയും തീരുമാനങ്ങളെ പൂർണ്ണഹൃദയത്തോടെ സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന ശ്രേഷ്ഠമായ പാരമ്പര്യമാണ് നമ്മുടെ അതിരൂപതയ്ക്കുള്ളത്. അതിൽ ഞാൻ ഏറെ സന്തോഷിക്കുകയും അഭിമാനിക്കുയും ചെയ്യുന്നു. ഇക്കാര്യത്തിൽ തലശ്ശേരി അതിരൂപതയിലെ എല്ലാ വൈദികരെയും സന്ന്യസ്തരെയും അല്മായ സമൂഹത്തെയും അഭിനന്ദിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. തുടർന്നും കൂട്ടായ്മയുടെ ഈ ഉദാത്തമായ ശൈലിയെ പിന്തുടരാൻ എല്ലാവരെയും ക്ഷണിക്കുകയും ചെയ്യുന്നു.

വിശുദ്ധ കുർബ്ബാന പുസ്തകത്തിൽ (തക്സ) വരുത്തിയിരിക്കുന്ന പരിഷ്ക്കരണംവഴി കാതലായ മാറ്റങ്ങളൊന്നും തന്നെ വി. കുർബ്ബാനയർപ്പണത്തിൽ വന്നിട്ടില്ല. പ്രധാനമായും ഭാഷാപരമായ തിരുത്തലുകളും നാമിപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മാർ അദ്ദായി, മാർ മാറി എന്നിവരുടെ അനാഫറയുടെ മൂലരൂപത്തോട് ചേരുന്നതരത്തിലുള്ള ചില മാറ്റങ്ങളുമാണ്  വരുത്തിയിരിക്കുന്നത്. തക്സയിൽ മാർ തെയഡോറിന്റെയും മാർ നെസ്തോറിയസിന്റെയും അനാഫൊറകൾ കൂടി ചേർത്തിട്ടുണ്ട്. ആരാധനക്രമവത്സരത്തിലെ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസങ്ങളിൽ ഈ അനാഫൊറകൾ ഉപയോഗിക്കുന്നത് അഭികാമ്യമാണ്. ഈ നവീകരണം കൂടുതൽ ഭക്തിയോടെ വിശുദ്ധകുർബ്ബാന അർപ്പിക്കാനും അതുവഴി ദൈവാനുഭവം സ്വന്തമാക്കാനും ഓരോ വിശ്വാസിയേയും  സഹായിക്കും.

ദൈവത്തിന് നാമർപ്പിക്കുന്ന പരമോന്നതമായ ആരാധനയാണ് വിശുദ്ധ കുർബ്ബാന. മിശിഹായുടെ ശരീരമായ സഭ ശിരസ്സായ അവിടുത്തോട് ചേർന്ന് പിതാവായ ദൈവത്തിന് അർപ്പിക്കുന്ന ബലിയാണത്. സ്വർഗ്ഗത്തിന്റെ പ്രതീകമായ മദ്ബഹയിൽ സ്ഥിതിചെയ്യുന്ന ദൈവത്തിന്റെ സിംഹാസനവും മിശിഹായുടെ കബറിടവുമായ വിശുദ്ധ അൾത്താരയിൽ കാർമ്മികന്റെ നേതൃത്വത്തിൽ വിശ്വാസികളുടെ സമൂഹം ബലിയർപ്പിക്കുമ്പോൾ മാലാഖവൃന്ദങ്ങളും സ്വർഗ്ഗവാസികളായ വിശുദ്ധരും നമ്മോടൊപ്പം ഈ സ്വർഗ്ഗീയ ലിറ്റർജിയിൽ പങ്കെടുക്കുന്നുണ്ട്. ബെനഡിക്ട് 16-ാമൻ മാർപ്പാപ്പ "ലിറ്റർജിയുടെ ചൈതന്യം" എന്ന പുസ്തകത്തിൽ പഠിപ്പിക്കുന്നതുപോലെ "പുരോഹിതനെയോ പുരോഹിതനിലേക്കോ നോക്കുന്ന ഒരു കാര്യമല്ല, പ്രത്യുത വി. കുർബ്ബാ

നയിൽ ദൈവജനം ഒന്നുചേർന്ന് കർത്താവിലേക്ക് നോക്കുന്നതും അവനെ കണ്ടുമുട്ടാൻ പുറപ്പെടുന്നതുമാണ് പ്രസക്തം." ക്രിസ്തീയ ജീവിതം സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള ഒരു തീർത്ഥാടനമാണെന്ന് വിശുദ്ധ കുർബ്ബാനയിലെ അനുഷ്ഠാനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

വിശുദ്ധ കുർബ്ബാനയിലെ ഓരോ പ്രാർത്ഥനയും ഓരോ കർമ്മാനുഷ്ഠാനവും ആഴമേറിയ ദൈവശാസ്ത്രചിന്തകൾ ഉൾക്കൊള്ളുന്നതും ഈ ഭൂമിയിൽ ജീവിക്കുന്ന നമുക്ക് സ്വർഗ്ഗീയവിരുന്നിന്റെ മുന്നാസ്വാദനം പ്രദാനം ചെയ്യുന്നതുമാണ്. ദൈവികരഹസ്യങ്ങളെ വിശുദ്ധ കുർബ്ബാനയിൽ അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നത് വാക്കുകളുടെയും പ്രതീകങ്ങളുടെയും അടയാളങ്ങളുടെയും സഹായത്തോടെയാണ്. അതുകൊണ്ട് ചൊല്ലുന്ന പ്രാർത്ഥനകളുടെയും അനുഷ്ഠിക്കുന്ന കർമ്മങ്ങളുടെയും അർത്ഥം വൈദികർ കൃത്യമായി മനസ്സിലാക്കുകയും അവ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയും ചെയ്യണം. അപ്പോഴാണ് അർത്ഥപൂർണ്ണവും സജീവവുമായ ബലിയർപ്പണം സാധ്യമാകുന്നത്.

വി. കുർബ്ബാനയിലെ ഓരോ കർമ്മവും ഓരോ വാക്കും ഓരോ ഭാഷാപ്രയോഗവും ദൈവികരഹസ്യങ്ങളെ അവതരിപ്പിക്കുന്നതിനായി ശ്രദ്ധാപൂർവ്വം തിരഞ്ഞെടുത്ത് ഉപയോഗിച്ചിട്ടുള്ളവയാണ്. അതുകൊണ്ട് സഭ അംഗീകരിച്ചു നല്കിയിരിക്കുന്ന കുർബ്ബാനക്രമത്തെ അന്യൂനം പിന്തുടരുക വിശുദ്ധ കുർബ്ബാനയുടെ പൂർണ്ണതയ്ക്കും സാധുതയ്ക്കും ആവശ്യമാണ്. കാർമ്മികൻ ഇക്കാര്യത്തിൽ നിഷ്ഠയുള്ളവരായിരിക്കണം.

തക്സയിൽ അനുവദിച്ചിരിക്കുന്ന ഐച്ഛികങ്ങൾ കാർമ്മികർക്ക് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ആഘോഷമായ കുർബ്ബാനയിലും സാധാരണ കുർബ്ബാനയിലും വിശ്വാസപ്രമാണം ചൊല്ലുന്ന പതിവ് നമ്മുടെ അതിരൂപതയിൽ നിലനില്ക്കുന്നതുപോലെ തുടരുന്നതാണ് ഉചിതം.

വിശുദ്ധ കുർബ്ബാനയർപ്പണം നമ്മുടെ അതിരൂപതയിൽ ഏകീകൃതരൂപത്തിലാണെങ്കിലും വിശുദ്ധ കുർബ്ബാന സമയത്ത് ജനങ്ങൾ നില്ക്കുന്നതും ഇരിക്കുന്നതും മുട്ടുകുത്തുന്നതും പല ദൈവാലയങ്ങളിലും വ്യത്യസ്തമായ രീതിയിലാണ്. ഇത് ജനങ്ങൾക്ക് ആശയക്കുഴപ്പമുണ്ടാക്കുന്നു എന്ന ഒരു പരാതി കുറേ നാളുകളായി അല്മായ

സഹോദരങ്ങൾ പല വേദികളിലും ഉന്നയിച്ചിട്ടുണ്ട്. അതുകൊണ്ട് നവംബർ 28-ാംതീയതി മുതൽ എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബ്ബാന തക്സയിൽ നിർദ്ദേശിച്ചിരിക്കുന്ന സമയത്തു തന്നെ ജനങ്ങൾ നില്ക്കുകയും ഇരിക്കുകയും മുട്ടുകുത്തുകയും ചെയ്യുന്ന രീതി സ്വീകരിക്കേണ്ടതാണ്. തക്സയിൽ നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് വിശുദ്ധ കുർബ്ബാനയുടെ ആരംഭം മുതൽ പഴയനിയമ/ലേഖന വായന വരെ നില്ക്കുന്നു. പഴയനിയമവും ലേഖനവും വായിക്കുമ്പോൾ ഇരിക്കുന്നു. സുവിശേഷം വായിക്കുന്ന സമയത്ത് നില്ക്കുകയാണ് ചെയ്യുന്നത്. സുവിശേഷവായനയ്ക്കുശേഷം വിശ്വാസപ്രമാണം ആരംഭിക്കുന്നതുവരെ ഇരിക്കുന്നു. വിശ്വാസപ്രമാണം മുതൽ അനുതാപശുശ്രൂഷയുടെ ആരംഭം ("ദൈവമേ എന്നോട് കരുണ തോന്നണമേ" എന്ന സങ്കീർത്തനം) വരെ നില്ക്കുന്നു. അനുതാപശുശ്രൂഷയുടെ ആരംഭം മുതൽ വി. കുർബ്ബാന സ്വീകരണത്തിനുതൊട്ടുമുമ്പുള്ള 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന വരെ മുട്ടുകുത്തി നില്ക്കുന്നു. തുടർന്ന് സമാപനാശീർവ്വാദംവരെ നില്ക്കുന്നു. വി. കുർബ്ബാന സ്വീകരണത്തിന് ദീർഘമായ സമയമെടുക്കുന്നെങ്കിൽ ആ സമയത്തും ഇരിക്കാവുന്നതാണ്. മിക്ക പള്ളികളിലും ഈ രീതിയാണ് ഇപ്പോൾത്തന്നെ നിലവിലുള്ളത്. വ്യത്യസ്തമായ രീതി നിലവിലുള്ള പള്ളികളിൽ നവംബർ 28 മുതൽ ഈ രീതിയിൽ ക്രമീകരണം വരുത്തണം.

വിശുദ്ധ കുർബ്ബാനയിൽ ഇരിക്കുന്നത് ശ്രവണത്തെയും നില്ക്കുന്നത് ആരാധനയെയും മുട്ടുകുത്തുന്നത് അനുതാപത്തെയും സൂചിപ്പിക്കുന്നു. അർത്ഥമറിഞ്ഞ് ആദരവോടെ ഈ ശാരീരികനിലപാടുകൾ സ്വീകരിക്കുന്നത് വി. കുർബ്ബാനയിൽ കൂടുതൽ ഭക്തിയോടെ പങ്കെടുക്കുവാൻ സഹായിക്കും. നവീകരിക്കപ്പെട്ട കുർബ്ബാനക്രമം നമ്മെ ഓരോരുത്തരെയും കൂടുതൽ നന്നായി ദൈവികരഹസ്യങ്ങളെ ആഘോഷിക്കുവാനും സ്വർഗ്ഗീയഗണങ്ങളോട് ചേർന്ന് ദൈവപിതാവിന് ആരാധനാസ്തുതികളർപ്പിക്കുവാനും അതുവഴി ധാരാളം ആത്മീയ നന്മകൾ പ്രാപിക്കാനും സഹായിക്കട്ടെ.

ഐക്യത്തോടും സ്നേഹത്തോടുംകൂടി സമൂഹത്തിനു മുമ്പിൽ ക്രൈസ്തവ കൂട്ടായ്മയുടെ സാക്ഷികളാകാൻ സീറോ-മലബാർ സഭയിലെ എല്ലാവരെയും സഹായിക്കണമെന്ന് നമുക്ക് പ്രാർത്ഥിക്കാം. വ്യക്തിപരമായ അഭിപ്രായവ്യത്യാസങ്ങളെ പൊതുനന്മയ്ക്കായി മാറ്റി

വയ്ക്കാൻ എല്ലാവർക്കും സാധിക്കട്ടെ. മംഗളവാർത്തക്കാലം നമുക്ക് സന്തോഷകരമായ വാർത്തകളുടെ കാലമായി നമ്മുടെ കർത്താവ് പരിണമിപ്പിക്കട്ടെ.

ഈശോയുടെ പിറവിത്തിരുന്നാളിന് ഒരുക്കമായുള്ള ഇരുപത്തഞ്ച് നോമ്പിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഉണ്ണീശോയുടെ വരവിനായി നോമ്പെടുത്തും പ്രാർത്ഥിച്ചും ഒരുങ്ങാം. മംഗളവാർത്തക്കാലത്ത് എല്ലാദിവസവും വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കാൻ പരിശ്രമിക്കാം. ദൈവാനുഗ്രഹപ്രദമായ ഇരുപത്തഞ്ച് നോമ്പ് എല്ലാവർക്കും ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി

24-10-2021

**മാർ ജോർജ് ഞറളക്കാട്ട്**

തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2021 നവംബർ മാസം 21-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കുകയും ഇടവക വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ അറിയിക്കുകയും ചെയ്യണം.




**1. പുതിയ നിയമനങ്ങൾ**

ഫാ. ജോസഫ് മുട്ടത്തുകുന്നേൽ - വൈസ് ചാൻസലർ, അസിസ്റ്റന്റ് പ്രൊക്കുറേറ്റർ, ജഡ്ജ് മെട്രോപോളിറ്റൻ ട്രൈബ്യൂണൽ

**2. സ്വാഗതം**

റോമിൽ അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പിന്റെ വൈസ് പ്രൊക്കുറേറ്ററും സീറോ-മലബാർ വിശ്വാസികളുടെ ചാപ്ലയിനുമായിരുന്ന ഫാ. ജോസഫ് മുട്ടത്തുകുന്നേൽ മാതൃരൂപതയിലേയ്ക്ക് തിരിച്ചെത്തി. അച്ചന് സ്വാഗതവും പുതിയ ഉത്തരവാദിത്വങ്ങളിൽ എല്ലാ ആശംസകളും നേരുന്നു.

**3. പൗരോഹിത്യ സ്വീകരണത്തിന്റെ ജൂബിലി ആഘോഷിക്കുന്ന വൈദികർക്ക് ആശംസകൾ**

ഈ വർഷം പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലിയും രജതജൂബിലിയും ആഘോഷിക്കുന്ന അഭിവന്ദ്യ പിതാവിനും എല്ലാ ബഹുമാനപ്പെട്ട വൈദികർക്കും ജൂബിലിയുടെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

**സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവർ**

1. മാർ ജോർജ് ഞറളക്കാട്ട്
2. ഫാ. ജോസഫ് കദളിയിൽ
3. ഫാ. മാത്യു കായാമ്മാക്കൽ
4. ഫാ. ആൻഡ്രൂസ് തെക്കേക്കണ്ടം
5. ഫാ. സെബാസ്റ്റ്യൻ പുളിന്താനം
6. ഫാ. ജോൺ കണിയാംപാലയ്ക്കൽ
7. മോൺ. ആന്റണി കൊഴുവനാൽ (താമരശ്ശേരി)
8. ഫാ. തോമസ് വട്ടോട്ടുതറപ്പേൽ (താമരശ്ശേരി)
9. ഫാ. സൈമൺ വള്ളോപ്പിള്ളി (താമരശ്ശേരി)

**രജത ജൂബിലി ആഘോഷിക്കുന്നവർ**

1. ഫാ. തോമസ് ആമക്കാട്ട്
2. ഫാ. മാർട്ടിൻ കിഴക്കേതലയ്ക്കൽ
3. ഫാ. ജോർജ് കോടിമറ്റത്തിൽ

4. ഫാ. തോമസ് കൂനാനിക്കൽ
5. ഫാ. ജോസഫ് മറ്റത്തിൽ
6. ഫാ. ആന്റണി പരതേപതിക്കൽ
7. ഫാ. ഫ്രാൻസീസ് റാത്തപ്പള്ളിൽ
8. ഫാ. ലാസർ വരമ്പകത്ത്
9. ഫാ. മാർട്ടിൻ വരിക്കാനിക്കൽ

ഇവരോടൊപ്പം പൗരോഹിത്യം സ്വീകരിച്ച അകാലത്തിൽ നിര്യാതനായ ഫാ. ജോസഫ് കീച്ചൻകേരിയെ ആദരവോടെ അനുസ്മരിക്കുന്നു.

2021 നവംബർ 24-ന് വൈകുന്നേരം ജൂബിലി ആഘോഷിക്കുന്ന വൈദികർ അതിരൂപതാ കേന്ദ്രത്തിൽ എത്തിച്ചേരുകയും 25-ന് രാവിലെ അഭിവന്ദ്യപിതാക്കന്മാരോടൊപ്പം വിശുദ്ധ കുർബാനയർപ്പിച്ച് ദൈവത്തിന് നന്ദി പറയുകയും ചെയ്യുന്നതാണ്. ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യപിതാവും മറ്റ് വന്ദ്യവൈദികരും ചെയ്ത അമ്പതും ഇരുപത്തഞ്ചും വർഷങ്ങൾ നീണ്ട ശുശ്രൂഷയെ അതിരൂപത ഏറെ നന്ദിയോടെ അനുസ്മരിക്കുകയും ജൂബിലി മംഗളങ്ങൾ ആശംസിക്കുകയും ചെയ്യുന്നു.

## 4. പ്രെസ്ബിത്തേരിയം

തലശ്ശേരി അതിരൂപതയിലെ മുഴുവൻ വൈദികരുടെയും യോഗം 2021 നവംബർ 27-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളജ് ഓഡിറ്റോറിയത്തിൽ വച്ച് ചേരുന്നു. എല്ലാ തലശ്ശേരി അതിരൂപതാ വൈദികരും അതിരൂപതയിൽ വികാരിമാരും അസി. വികാരിമാരുമായി സേവനം ചെയ്യുന്ന സന്ന്യാസവൈദികരും ഈ യോഗത്തിൽ പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

## 5. വി. കുർബ്ബാന തക്സ

നവീകരിച്ച വിശുദ്ധ കുർബ്ബാന തക്സയും സമൂഹത്തിനുള്ള ചെറിയ പുസ്തകങ്ങളും സന്ദേശഭവൻ ബുക്ക്സ്റ്റാളിൽ ലഭിക്കും. നവംബർ 28 മുതൽ എല്ലാ ദൈവാലയങ്ങളിലും ചാപ്പലുകളിലും പുതിയ തക്സ ഉപയോഗിക്കുകയും കുർബ്ബാനപുസ്തകങ്ങൾ ജനങ്ങളുടെ ഉപയോഗത്തിന് ലഭ്യമാക്കുകയും ചെയ്യുമല്ലോ.

## 6. പുതിയ മാമ്മോദീസ രജിസ്റ്ററും സർട്ടിഫിക്കറ്റും

പ്രസ്ബിത്തേരിയവും പ്രസ്ബിറ്ററൽ കൗൺസിലും ആവശ്യപ്പെട്ട മാറ്റങ്ങളോടെ പുതിയ മാമ്മോദീസ രജിസ്റ്ററും സർട്ടിഫിക്കറ്റും തയ്യാറാക്കിയിട്ടുണ്ട്. മാമ്മോദീസ രജിസ്റ്ററിലും സർട്ടിഫിക്കറ്റിലും മാമ്മോദീസ പേര് കൂടാതെ ഔദ്യോഗിക രേഖകളിലെ പേര് രേഖപ്പെടുത്താനുള്ള കോളം കൂടി ഉൾപ്പെ

ടുത്തിയിട്ടുണ്ട്. എല്ലാ ഇടവകകളും 2022 ആരംഭം മുതലെങ്കിലും പുതിയ രജിസ്റ്റർ ഉപയോഗിക്കുന്നത് നന്നായിരിക്കും.

## 7. പുതിയ എഡ്യൂക്കേഷൻ ബോർഡ്

താഴെപ്പറയുന്ന അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് അഭിവന്ദ്യപിതാവ് അതിരൂപതാ എഡ്യുക്കേഷൻ ബോർഡ് പുനഃസംഘടിപ്പിച്ചു.

1. മാർ ജോസഫ് പാംപ്ലാനി
2. ഫാ. മാത്യു ശാസ്താംപടവിൽ
3. ഫാ. ജോസ് വെട്ടിക്കൽ
4. ഫാ. മാർട്ടിൻ കിഴക്കേത്തലയ്ക്കൽ
5. ഫാ. ജേക്കബ് നെടുങ്ങാട്ട്
6. ഡോ. എം.ജെ. മാത്യു മണ്ഡപത്തിൽ
7. സി. ജസീന്ത എൻ.എസ്, നസ്രത്ത് സുപ്പീരിയർ ജനറൽ
8. ശ്രീ. ജോർജ് റ്റി.ജെ, വയത്തൂർ
9. ശ്രീ. ഷാജി വർഗ്ഗീസ്, മണിക്കടവ്

## 8. ആദരാഞ്ജലികൾ

**1. അബ്രാഹം പയ്യനാട്ട് (83):** ബഹു. മാത്യു പയ്യനാട്ടച്ചന്റെ സഹോദരൻ അബ്രാഹം പയ്യനാട്ട് 2021 ഒക്ടോബർ 6-ന് നിര്യാതനായി. മൃതസംസ്കാരം പടുപ്പ് സെന്റ് ജോർജ് ദൈവാലയത്തിൽ അന്നേ ദിവസം തന്നെ നടന്നു. പരേതന് നിത്യശാന്തി നേരുകയും സന്തപ്തകുടുംബാംഗങ്ങളെ അനുശോചനമറിയിക്കുകയും ചെയ്യുന്നു.

**2. റവ. ഫാ. ജോൺ മണലിൽ (78):** അവിഭക്ത തലശ്ശേരി രൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിച്ച് താമരശ്ശേരി രൂപതയിൽ ശുശ്രൂഷ ചെയ്ത് വന്നിരുന്ന ഫാ. ജോൺ മണലിൽ 2021 സെപ്റ്റംബർ 30-ന് നിര്യാതനായി. ചങ്ങനാശ്ശേരി അതിരൂപതയിലെ മുട്ടാർ ഇടവകയിൽ 1943 ജൂൺ



01-ാം തീയതി ദേവസ്യ - ക്ലാരമ്മ ദമ്പതികളുടെ മകനായി ജനിച്ച ജോണച്ചൻ മുട്ടാറിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ പ്രവേശിച്ചു. തുടർന്ന് തലശ്ശേരി അതിരൂപതയിൽ ചേർന്ന് കുന്നോത്ത് സെന്റ് ജോസഫ്സ് സെമിനാരിയിലും ആലുവ, സെന്റ് ജോസഫ് പൊന്തിഫിക്കൽ മേജർ സെമിനാരിയിലുമായി വൈദികപരിശീലനം പൂർത്തിയാക്കി. 1968 ഡിസംബർ 20-ാം തീയതി ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ മേജർ സെമിനാരിയിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ

വള്ളോപ്പിള്ളി പിതാവിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു. 1968 ഡിസംബർ 21-ന് മുട്ടാർ ഇടവകയിൽ പ്രഥമ ദിവ്യബലിയർപ്പിച്ചു. മാനന്തവാടി രൂപതയിലെ പാലങ്കര ഇടവകയിലും താമരശ്ശേരി രൂപതയിലെ ഈരൂട്, മാവൂർ, പയ്യനാട്, കൂമംകുളം, മഞ്ചേരി, മരഞ്ചാട്ടി, കട്ടിപ്പാറ, കുളിരാമുട്ടി, വാലില്ലാപ്പുഴ, ചുണ്ടത്തുംപൊയിൽ, കുപ്പായക്കോട്, പടത്തുകടവ്, കല്ലുരുട്ടി തുടങ്ങിയ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മഞ്ചേരി, കൂമംകുളം എന്നീ ഇടവകകളുടെ സ്ഥാപനത്തിന് മുൻകൈയെടുത്തു. മൃതസംസ്ക്കാര ശുശ്രൂഷ 2021 സെപ്റ്റംബർ 30ന് ഈരൂഡ് സെന്റ് ജോസഫ്സ് ദൈവാലയത്തിൽ നടന്നു. ജോൺച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

**3. സി. ആൻഡ്രൂസ് എസ്.എച്ച്. (93):** ബഹുമാനപ്പെട്ട ആൻഡ്രൂസ് തെക്കേക്കണ്ടം അച്ചന്റെ മൂത്ത സഹോദരിയും തിരുഹൃദയസന്യാസിനീ സമൂഹത്തിന്റെ പാലാ പ്രൊവിൻസ് അംഗവുമായ സി. ആൻഡ്രൂസ് എസ്.എച്ച്. 2021 സെപ്റ്റംബർ 27-ന് മൂലമറ്റത്ത് നിര്യാതയായി. പേരാവൂർ, ചുങ്കക്കുന്ന് മഠങ്ങളിൽ 6 വർഷത്തോളം സേവനം ചെയ്തിരുന്നു. മൃതസംസ്ക്കാരം 2021 സെപ്റ്റംബർ 28-ന് മൂലമറ്റം ഫൊറോനപള്ളിയിൽ നടന്നു. പരേതയ്ക്ക് ദൈവം നിത്യസമ്മാനം നല്കി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## 9. സ്നേഹസ്മൃതി

1. റവ. ഫാ. ജോൺ ആറാംചേരി - 02-11-1975
2. മോൺ. തോമസ് മൂലക്കുന്നേൽ - 03-11-2001
3. റവ. ഫാ. തോമസ് നിലയ്ക്കപ്പള്ളി - 10-11-2006
4. റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി - 11-11-2004
5. റവ. ഫാ. ജോസഫ് ചൂരയ്ക്കമറ്റം - 12-11-1998
6. റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിയിൽ - 18-11-1982
7. റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട് - 26-11-2011
8. റവ. ഫാ. തോമസ് കാവുംപുറം - 26-11-2016

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

തലശ്ശേരി അതിരൂപത 18-ാമത് പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാമത് യോഗം 2021 സെപ്റ്റംബർ മാസം 25-ാം തീയതി ശനിയാഴ്ച ഓൺലൈനിൽ ചേർന്നു. മോൺ. ജോസഫ് ഒറ്റപ്ലാക്കലച്ചൻ നയിച്ച പ്രാർത്ഥനാശുശ്രൂഷകളോട യോഗം ആരംഭിച്ചു. മോൺ. അലക്സ് താരാമംഗലം സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ ജോർജ് തയ്യിൽ അവതരിപ്പിച്ച റിപ്പോർട്ട് യോഗം അംഗീകരിച്ചു.

ഉദ്ഘാടനപ്രസംഗത്തിൽ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് കൊറോണ പ്രതിസന്ധികാലഘട്ടത്തിൽ അതിരൂപത നടത്തിയ വിവിധ സേവനപ്രവർത്തനങ്ങളെ അനുസ്മരിക്കുകയും നേതൃത്വം നല്കിയ എല്ലാവർക്കും നന്ദി പറയുകയും ചെയ്തു. ജപമാല മാസവും മിഷൻമാസവും അർത്ഥപൂർണ്ണമായി ആചരിക്കണമെന്നും പഞ്ചാബ് മിഷനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. നവംബർമാസം 28 മുതൽ വിശുദ്ധ കുർബ്ബാനയുടെ ഏകീകൃതരൂപവും നവീകരിക്കപ്പെട്ട കുർബ്ബാനയും നടപ്പിലാക്കുകയാണെന്നും അത് സഭയുടെ ഐക്യത്തെ ഊട്ടിയുറപ്പിക്കുമെന്ന് പ്രത്യാശിക്കുകയാണെന്നും അഭിവന്ദ്യപിതാവ് പറഞ്ഞു. നാർക്കോട്ടിക് വിവാദത്തിൽ സഭയുടെ നിലപാട് പാലായിലെ അഭിവന്ദ്യപിതാവ് പറഞ്ഞത് തന്നെയാണെന്നും നാം അദ്ദേഹത്തെ പിന്തുണയ്ക്കുന്നുവെന്നും അതേ സമയം സമചിത്തതയോടെയുള്ള പ്രതികരണങ്ങൾ നടത്തണമെന്നും പിതാവ് പറഞ്ഞു. എയ്ഞ്ചൽ ഡയാലിസിസ് പദ്ധതിയെക്കുറിച്ചും ദീപികയെക്കുറിച്ചുമുള്ള ചർച്ചകൾ നടത്തണം എന്നു പിതാവ് കൂട്ടിച്ചേർത്തു.

ചർച്ചകളിൽ ആദ്യവിഷയം അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിന്റെ ജൂബിലി ആഘോഷമായിരുന്നു. മാർ ജോസഫ് പാംപ്ലാനി വിഷയാവതരണം നടത്തി. ഒക്ടോബർ 30-ാം തീയതി ജൂബിലി ആഘോഷം നടത്താനും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ മാത്രം പങ്കെടുപ്പിക്കുകയും ചെയ്യാമെന്ന് തീരുമാനിച്ചു. മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ജോർജ് ആലഞ്ചേരി, കർദ്ദിനാൾ ബസേലിയൂസ് ക്ലീമിസ് ബാവ, മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ, കേന്ദ്രമന്ത്രി വി. മുരളീധരൻ, മന്ത്രി റോഷി അഗസ്റ്റിൻ, പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, എംപിമാർ, എംഎൽഎമാർ തുടങ്ങിയവരെ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു. ജൂബിലി ആഘോഷവേളയിൽ കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ, എയ്ഞ്ചൽ ഡയാലിസിസ് പദ്ധതി, മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമ്മാണ പദ്ധതി 500-ാമത് ഭവനം എന്നിവയുടെ ഉദ്ഘാടനം നിർവ്വഹിക്കും. അഭിവന്ദ്യ ഞറളക്കാട്ട് പിതാവിനെക്കുറിച്ച് ഒരു ഡോക്യുമെന്ററി തയ്യാറാക്കണമെന്ന അഭിപ്രായമുണ്ടായി. വിവിധ കമ്മറ്റിക

ളിലേക്ക് അഡ്വ. ടോണി പുഞ്ചക്കുന്നേൽ, ശ്രീ ജോർജ് തയ്യിൽ, ശ്രീ ഡി.പി. ജോസ്, ശ്രീ ബേബി നെട്ടനാനി, ശ്രീ സജി വള്ളോപ്പിള്ളി, അഡ്വ. ബിനോയി ഓമത്തടത്തിൽ. ശ്രീ സക്കറിയാസ് റ്റി.എസ്, ഡോ. എം.ജെ. മാത്യു, ശ്രീ മാത്തുക്കുട്ടി പന്തപ്ലാക്കൽ, ശ്രീ ആന്റണി മേൽവെട്ടം, ശ്രീ പി.വി. ബാബു, ശ്രീ സിജോ അമ്പാട്ട്, ശ്രീ സെബാസ്റ്റ്യൻ പുത്തൻപുര എന്നിവരെ തിര ഞ്ഞെടുത്തു.

പാലാ രൂപതാദ്ധ്യക്ഷൻ നടത്തിയ നാർക്കോട്ടിക് ജിഹാദ്, ലൗ ജിഹാദ് വിഷയങ്ങളെക്കുറിച്ചുള്ള പ്രസ്താവന വിവാദമായ പശ്ചാത്തലത്തിൽ ഈ വിഷയത്തെക്കുറിച്ചുള്ള ചർച്ചയ്ക്ക് മാർ ജോസഫ് പാംപ്ലാനി നേതൃത്വം കൊടുത്തു. പാസ്റ്ററൽ കൗൺസിൽ ഏകകണ്ഠമായി പാലാ പിതാവിന് പിന്തു ണപ്രഖ്യാപിച്ചു. നാർക്കോട്ടിക്ക്, ലൗ ജിഹാദുകൾ വസ്തുതാപരമായി നില നില്ക്കുന്നുവെന്നും അതിനെതിരായി നമ്മുടെ സമുദായത്തിൽത്തന്നെ അവ ബോധം സൃഷ്ടിക്കണമെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. സാമുദായിക സൗഹാർദ്ദം വളർത്താൻ പരിശ്രമിക്കുന്നതോടൊപ്പം വിശ്വാസത്തിനെതിരേ ആസൂത്രിതമായി നടക്കുന്ന അക്രമണങ്ങൾക്കെതിരേ ജാഗ്രത പുലർത്തുക കൂടിവേണം എന്ന് യോഗം വിലയിരുത്തി.

കർഷകക്ഷേമനിധി, അസൈൻമെന്റ് പട്ടയങ്ങൾ, വന്യമൃഗശല്യം തുട ങ്ങിയവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൂടുതൽ പഠിക്കുകയും ആവശ്യ മായ ഇടപെടലുകൾ നടത്തുകയും ചെയ്യണമെന്ന് തീരുമാനിച്ചു.

യോഗത്തിന് പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി ഫാ. തോമസ് തെങ്ങുംപള്ളിൽ നന്ദി പറഞ്ഞു. അഭിവന്ദ്യ പിതാവിന്റെ ആശീർവ്വാദ പ്രാർത്ഥ നയോടെ യോഗം പര്യവസാനിച്ചു.

**ശ്രീ. ജോർജ് തയ്യിൽ**
സെക്രട്ടറി

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ജനറൽ സെക്രട്ടറി

# പ്രെസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

2021-2024 വർഷത്തേക്ക് രൂപീകരിച്ച തലശ്ശേരി അതിരൂപതാ വൈദിക സമിതിയുടെ പ്രഥമ സമ്മേളനം 2021 സെപ്റ്റംബർ 24-ാം തീയതി ഓൺലൈനായി ചേർന്നു. മോൺ. ജോസഫ് ഒറ്റപ്ലാക്കൽ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. മോൺ. അലക്സ് താരാമംഗലം സ്വാഗതം ആശംസിച്ചു. ഫാ. അബ്രാഹം ഞാമത്തോലിൽ അവതരിപ്പിച്ച മുൻ യോഗ റിപ്പോർട്ട് യോഗം ഏകകണ്ഠമായി അംഗീകരിച്ചു.

ഉദ്ഘാടന പ്രസംഗത്തിൽ അതിരൂപതാദ്ധ്യക്ഷൻ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പുതുതായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളെയും അനുമോദിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്തു. ഇതുവരെ വൈദിക സമിതി സെക്രട്ടറിയായി സ്തുത്യർഹമായി പ്രവർത്തിച്ച അബ്രാഹം ഞാമത്തോലിൽ അച്ചന് നന്ദി പറഞ്ഞു. വൈദിക സമിതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ച് അഭിവന്ദ്യപിതാവ് വിശദീകരിച്ചു. കൊറോണ മാറിവരുന്ന സാഹചര്യത്തിൽ വി. കുർബാനയും മതബോധനവും മറ്റ് അജപാലന പ്രവർത്തനങ്ങളും കൂടുതൽ ഊർജ്ജസ്വലമാക്കുവാൻ സാധിക്കണമെന്നും നാം തുടങ്ങിവച്ച എയ്ഞ്ചൽ ഡയാലിസിസ് പദ്ധതിപോലെയുള്ള സംരംഭങ്ങൾ വിജയിപ്പിക്കുവാൻ എല്ലാവരുടെയും സഹകരണമുണ്ടാകണമെന്നും അഭിവന്ദ്യപിതാവ് പറഞ്ഞു.

ഉദ്ഘാടന പ്രസംഗത്തിനുശേഷം വിവിധ കമ്മിറ്റികളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നടന്നു. പുതിയ വൈദികസമിതി സെക്രട്ടറിയായി ഫാ. ഫിലിപ്പ് കവിയിൽ തിരഞ്ഞെടുക്കപ്പെട്ടു. അജണ്ട കമ്മിറ്റി അംഗമായി ഫാ. ജോർജ് കരോട്ടിനെയും പാസ്റ്ററൽ കൗൺസിലിലേക്ക് ഫാ. ജോസഫ് ഈനാച്ചേരിൽ, ഫാ. ജോൺ മുണ്ടോളിക്കൽ എന്നിവരെയും തിരഞ്ഞെടുത്തു. അതിരൂപതാ വിദ്യാഭ്യാസ കൗൺസിലിലേക്ക് ഫാ. മാണി ആട്ടേൽ, ഫാ. എമ്മാനുവേൽ പൂവത്തിങ്കൽ, ഫാ. തോമസ് അട്ടേങ്ങാട്ടിൽ എന്നിവരെ തിരഞ്ഞെടുത്തു. നിലവിലുണ്ടായിരുന്ന വൈദിക ക്ഷേമസമിതിക്ക് പകരം പി.പി. എഫിലേക്ക് രണ്ട് വൈദികരെ കൂടി കൂട്ടിച്ചേർക്കാൻ തീരുമാനിക്കുകയും ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ, ഫാ. കുര്യാക്കോസ് കോലക്കുന്നേൽ എന്നിവരെ തിരഞ്ഞെടുക്കുകയും ചെയ്തു.

തുടർന്ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തെക്കുറിച്ച് ചർച്ച ചെയ്തു. മാർ ജോസഫ് പാംപ്ലാനി വിഷയാവതരണം നടത്തി. ഒക്ടോബർ 30-ാം തീയതി ജൂബിലി ആഘോഷം നടത്താമെന്നും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ മാത്രം

ക്ഷണിക്കാമെന്നും തീരുമാനിച്ചു. എല്ലാ ഇടവകകളിലും പിതാവിനെ അനുസ്മരിച്ച് വി. കുർബ്ബാനയർപ്പിക്കുകയും മധുരപലഹാരവും പടവും വിതരണം ചെയ്യാനും തീരുമാനിച്ചു. കൂടുതൽ ജനപങ്കാളിത്തം സാധിക്കുമോ എന്ന് കോവിഡ് മാനദണ്ഡങ്ങൾ മാറുന്നതിനനുസരിച്ച് തീരുമാനിക്കാം.

വാർഷികധ്യാനം നവംബർ 1 മുതൽ 5 വരെ ഓൺലൈനായി നടത്തുകയാണെന്നും ബഹുമാനപ്പെട്ട അച്ചന്മാർ ഫൊറോനകളിൽ ഒന്നിച്ചുകൂടി ധ്യാനത്തിൽ പങ്കെടുക്കണമെന്നും മാർ ജോർജ് ഞറളക്കാട്ട് പിതാവ് പറഞ്ഞു. ഫൊറോനകളിൽ ഒന്നിച്ചുകൂടുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് ചില ഫൊറോന വികാരിയച്ചന്മാർ സൂചിപ്പിച്ചെങ്കിലും ഫൊറോനതലത്തിൽ ഒന്നിച്ച് നടത്താമെന്നുതന്നെ തീരുമാനിച്ചു.

തുടർന്ന് എയ്ഞ്ചൽ ഡയാലിസിസ് പദ്ധതിയെക്കുറിച്ച് മാർ ജോസഫ് പാംപ്ലാനി സംസാരിച്ചു. ഓരോ ഫൊറോനയിലും ഡയാലിസിസ് പദ്ധതിയിലേക്ക് സംഭാവന സമാഹരിക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് ചർച്ച ചെയ്തു. എയ്ഞ്ചലിന്റെ പേരിലുള്ള ബിൽബുക്കുകൾ ഉടൻതന്നെ ഫൊറോനകളിൽ എത്തിച്ചുകൊടുക്കാമെന്ന് തീരുമാനിച്ചു. കാഞ്ഞങ്ങാട് ഭാഗത്തുള്ളവർക്ക് അവിടെ ഡയാലിസിസ് ചെയ്യാൻ സഹായം കൊടുക്കും. കുടുതൽ വിശദാംശങ്ങൾ എയ്ഞ്ചൽ ട്രസ്റ്റിന്റെ യോഗത്തിനുശേഷം അറിയിക്കുന്നതാണ്.

നാർക്കോട്ടിക്ക് ജിഹാദ് വിവാദത്തെ സംബന്ധിച്ച് മാർ ജോസഫ് പാംപ്ലാനി ആമുഖമായി സംസാരിച്ചു. നമ്മുടെ ആളുകൾക്ക് ഇതിനെക്കുറിച്ച് അവബോധം നല്കണം. പാലാ പിതാവിന് പിന്തുണ കൊടുക്കണമെന്ന് ചർച്ചയിൽ പൊതു അഭിപ്രായമുണ്ടായി. പരസ്യപ്രസ്താവനകൾ ആലോചിച്ച് മതിയെന്ന് അഭിവന്ദ്യ ഞറളക്കാട്ട് പിതാവ് പറഞ്ഞു. മറ്റ് മതങ്ങളിലേക്ക് ചേർന്ന നമ്മുടെ ആളുകളുടെ കണക്ക് ഗൂഗിൽ ഫോം വഴി ശേഖരിക്കണം.

ദൈവവിളി രംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് മൈനർ സെമിനാരി റെക്ടർ ഫാ. ജോർജ് കരോട്ട് സംസാരിച്ചു. പ്രീസ്റ്റ് ഹോമിൽ മുറികൾ തീർന്നെന്നും പി.പി. എഫിലേക്ക് ഫണ്ട് വരാത്തതുകൊണ്ട് പ്രീസ്റ്റ് ഹോമിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെന്നും ശാന്തിഭവൻ ഡയറക്ടർ ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ പറഞ്ഞു.

യോഗത്തിന് വൈദികസമിതി സെക്രട്ടറി ഫാ. ഫിലിപ്പ് കവിയിൽ നന്ദി പ്രകാശിപ്പിച്ചു. അഭിവന്ദ്യപിതാവിന്റെ ആശീർവ്വാദത്തോടെ യോഗം അവസാനിച്ചു.

**ഫാ. ഫിലിപ്പ് കവിയിൽ**
സെക്രട്ടറി

# വിശ്വാസപരിശീലനം

> "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).

## 1. മതാധ്യാപകദിനം നവംബർ 4

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4-ആണല്ലോ മതാധ്യാപകദിനമായി നാം ആഘോഷിക്കുന്നത്. നവംബർ 4 വ്യാഴാഴ്ചയായതിനാൽ എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 7-ാം തീയതി ഞായറാഴ്ച മതാധ്യാപകദിനമായി ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ നല്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

## 2. റെഗുലർ സൺഡേ ക്ലാസ്സുകൾ - നവംബർ 7 ഞായർ

നവംബർ 7 ഞായറാഴ്ച മുതൽ ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വിശ്വാസപരിശീലന ക്ലാസുകൾ നമുക്ക് ആരംഭിക്കാം. ക്ലാസുകൾ എപ്രകാരം ക്രമീകരിക്കുവാൻ സാധിക്കുമെന്ന് ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി തീരുമാനിക്കുമല്ലോ. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 3. അസൈൻമെന്റ് - ക്ലാസ്സ് XII

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഈ അധ്യായനവർഷത്തെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **നവംബർ 30 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

അധ്യായം1 : മാധ്യമങ്ങളും അവയുടെ നന്മയും

2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

3 : മാധ്യമങ്ങളെ എങ്ങനെ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാം

അസൈൻമെന്റ് എഴുതാൻ സഹായകമായ ആധാരഗ്രന്ഥങ്ങൾ താഴെകൊടുക്കുന്നു.

1. രണ്ടാം വത്തിക്കാൻ കൗൺസിൽ, സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെക്കുറിച്ചുള്ള ഡിക്രി
2. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മീഡിയ ഗൈഡ്
3. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമം തലമുറയുടെ മാർഗദർശി
4. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങൾ ചെയ്യുന്നതും നാം ചെയ്യേണ്ടതും
5. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങളുടെ അധിനിവേശം
6. പത്മന രാമചന്ദ്രൻ നായർ, മാധ്യമപഠനങ്ങൾ
7. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പത്രലോകം
8. എൻ. പി രാമചന്ദ്രൻ, വേണം മാധ്യമങ്ങളുടെ മേലെയും ഒരു കണ്ണ്.

## 4. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII)

ഈ അധ്യായനവർഷം 12-ാം ക്ലാസിൽ പഠിക്കുന്ന റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ **നവംബർ 15-നുള്ളിൽ** പൂർത്തിയാക്കേണ്ടതാണ്. ഹെഡ്മാസ്റ്റർമാർക്ക് തന്നിരിക്കുന്ന രജിസ്ട്രേഷൻ ഫോമിൽ കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തിയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. ആവശ്യമായ വിവരങ്ങൾ കുട്ടികളുടെ പക്കൽനിന്നും ശേഖരിച്ചതിനുശേഷം ഫോം പൂരിപ്പിച്ച് കുട്ടികളെ കാണിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തിയിട്ടായിരിക്കണം രജിസ്ട്രേഷൻ ഫോമുകൾ ഓഫീസിലേക്ക് അയക്കേണ്ടത്. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. സർട്ടിഫിക്കറ്റിൽ പിന്നീട് വരുന്ന തിരുത്തലുകൾക്ക് ഫൈൻ ഈടാക്കുന്നതായിരിക്കും.

**നിർദ്ദേശങ്ങൾ**

a. Internal Assesment മാർക്ക് ഇപ്പോൾ ചേർക്കേണ്ടതില്ല. കുട്ടികൾക്ക് രജിസ്ട്രേഷൻ നമ്പർ ഓഫീസിൽനിന്നും നൽകി ഫോം തിരികെ നൽകുന്നതാണ്. അപ്പോഴാണ് ഇന്റേണൽ മാർക്ക് ചേർക്കേണ്ടത് (പരമാവധി 25 മാർക്ക്). മാർക്ക് കണക്കാക്കുമ്പോൾ ഓൺലൈൻ കാലഘട്ടത്തിലെ വിശ്വാസപരിശീലനത്തിൽ കുട്ടിയുടെ ഭാഗഭാഗിത്വം, ക്ലാസ്സ് ടെസ്റ്റുകളിൽ കുട്ടിയുടെ പങ്കാളിത്തം, വി. കുർബാനയിൽ കുട്ടിയുടെ ഭാഗഭാഗിത്വം etc... കണക്കിലെടുക്കേണ്ടതാണ്.

b. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് നൽകിയിരിക്കുന്നത് അപൂർണ്ണമാണെങ്കിൽ പരീക്ഷയെഴുതാൻ അനുവദിക്കുന്നതല്ല.

c. രജിസ്ട്രേഷൻ ഫോം ഇംഗ്ലീഷിലായിരിക്കണം പൂരിപ്പിക്കേണ്ടത്.

d. **നവംബർ 15-നുള്ളിൽ** ഓഫീസിൽ ലഭിക്കത്തക്കവിധം രജിസ്ട്രേഷൻ ഫോം അയക്കേണ്ടതാണ്.

## 5. XII-ാം ക്ലാസ്സ് ഡിപ്ലോമ സേ പരീക്ഷ

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2022 ജനുവരി 26-ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **നവംബർ 15-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

## 6. ഡിപ്ലോമ: നോൺ റെഗുലർ സ്റ്റുഡൻസ്

വിശ്വാസപരിശീലനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **നവംബർ 15-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കണം. അവർ അസൈൻമെന്റ് എഴുതേണ്ടതാണ്.

## 7. നവംബർ മാസത്തിലെ വിശ്വാസപരിശീലന ക്ലാസ്സുകൾ

ശാലോം ടിവിയിൽ സംപ്രേഷണം ചെയ്യുന്ന (തിങ്കൾ മുതൽ ശനിവരെ) വിശ്വാസപരിശീലന ക്ലാസ്സുകളുടെ യൂട്യൂബ് ലിങ്ക് ഞായറാഴ്ചകളിൽ വാട്സ് ആപ്പ് ഗ്രൂപ്പിൽ നൽകുന്നത് താഴെ കൊടുത്തിരിക്കുന്ന വിധമായിരിക്കും.

07.11.2021 ഞായർ - അദ്ധ്യായം 11 പാർട്ട് 2
14.11.2021 ഞായർ - അദ്ധ്യായം 12 പാർട്ട് 1
21.11.2021 ഞായർ - അദ്ധ്യായം 12 പാർട്ട് 2
28.11.2021 ഞായർ - അദ്ധ്യായം 13 പാർട്ട് 1

## 8. നവോദയ-സ്പോർട്സ് സ്കൂളുകളിലെ കുട്ടികളുടെ വിശ്വാസപരിശീലനം

സൺഡേസ്കൂളുകളിൽ റഗുലറായി പഠിക്കുവാൻ സാധിക്കാത്ത 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾ സ്കൂളിലെ റഗുലർ ക്ലാസ്സ് തുടങ്ങുന്നതുവരെ സൺഡേ

സ്കൂളിൽ റെഗുലറായി ചേർന്ന് പഠിക്കണം. ബഹു. ഹെഡ്മാസ്റ്റർ നവോദയ-സ്പോർട്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.

## 9. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. നവംബർ രണ്ടാമത്തെ ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി വിശ്വാസപരിശീലന ക്ലാസ്സുകളിലെ കുട്ടികളുടെ പങ്കാളിത്തം വിലയിരുത്തണം.

## 10. വെബിനാർ – ഫൊറോനകളിൽ

ഫൊറോനകളിൽ എല്ലാ വിശ്വാസപിശീലകരെയും ഉൾപ്പെടുത്തികൊണ്ട് ഒന്നരമണിക്കൂർ ദൈർഘ്യമുള്ള വെബിനാർ സംഘടിപ്പിക്കണം. ആനുകാലിക വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്ലാസ്സുകൾ വിശ്വാസപരിശീലകർക്ക് നൽകണം. വെബിനാറിന്റെ തീയതിയും സമയവും ബഹു. ഫൊറോന വികാരിയച്ചനുമായി ആലോചിച്ച് ഫൊറോന പ്രസിഡന്റും ടീം അംഗങ്ങളും തീരുമാനിക്കേണ്ടതാണ്.

## 11. വെബിനാർ – അഭിനന്ദനങ്ങൾ

തളിപ്പറമ്പ്, എടൂർ ഫൊറോനകളിൽ വിശ്വാസപരിശീലകർക്കുവേണ്ടി വെബിനാർ സംഘടിപ്പിച്ചു. വെബിനാറിന് നേതൃത്വം നൽകിയ ബഹു. ഫൊറോന വികാരിമാർക്കും, ഫൊറോന പ്രസിഡണ്ട്, സെക്രട്ടറി, പ്രധാനാധ്യാപകർ എന്നിവർക്കും വെബിനാറിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നന്ദി.

## 12. ദൈവശാസ്ത്രകോഴ്സ്

വിശ്വാസപരിശീലകർക്കായി നടത്തപ്പെടുന്ന ദൈവശാസ്ത്രകോഴ്സിൽ പുതുതായി വന്ന വിശ്വാസപരിശീലകരും നിലവിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നവരും പങ്കെടുക്കണം. ഈ വർഷം പുതുതായി പേര് രജിസ്റ്റർ ചെയ്തവർക്കുള്ള ക്ലാസ്സുകൾ ആരംഭിച്ചു. കോഴ്സ് സംബന്ധമായ സംശയനിവാരണത്തിന് താഴെ കൊടുത്തിരിക്കുന്ന നമ്പറുകളിൽ വിളിക്കേണ്ടതാണ്. (9495947807, 7559897792, 8086312826).

## 13. എയ്ഞ്ചൽ നേഴ്സറി

സീറോ മലബാർ കാറ്റക്കിസം കമ്മീഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ നേഴ്സറി കുട്ടികളുടെ ക്ലാസ്സുകൾ ഞായറാഴ്ച ഗുഡ്നെസ്സ്, ഷെക്കെയ്ന എന്നീ ചാനലുകളിലും തിങ്കളാഴ്ച ശാലോം ടീവിയിലും സംപ്രേഷണം ചെയ്യുന്നുണ്ട്. കുട്ടികൾക്കുള്ള പാഠപുസ്തകങ്ങൾ ഓഫീസിൽ ലഭ്യമാണ്. മാതാപിതാക്കളെ ഈ വിവരം അറിയിക്കുമല്ലോ...

## 14. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകൾക്കും ഓഫീസ് ഉണ്ടായിരിക്കണം. ഓഫീസ് റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടെയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കണം.

## 15. വിശ്വാസപരിശീലകർക്ക് ഓൺലൈൻ പരീക്ഷ - നന്ദി

"ആരാണ് ഏതാണ് സത്യം" എന്ന പുസ്തകത്തെ ആസ്പദമാക്കി വിശ്വാസപരിശീലകർക്ക് ഒക്ടോബർ 3 ഞായറാഴ്ച രാത്രി 9 മണിക്ക് ഓൺലൈൻ പരീക്ഷ നടത്തി. പങ്കെടുത്ത എല്ലാവർക്കും, നറുക്കെടുപ്പിൽ വിജയികളായവർക്കും അഭിനന്ദനങ്ങൾ.

## 16. ASPCT പരീക്ഷ - നവംബർ 14 ഞായർ

വിശ്വാസപരിശീലകർക്ക് ഈ വർഷം പഠിക്കാനുള്ള **"ആരാണ് നിങ്ങളുടെ ദൈവം"** എന്ന പുസ്തകത്തിന്റെ ആദ്യ അദ്ധ്യായത്തെ ആസ്പദമാക്കിയുള്ള ഓൺലൈൻ പരീക്ഷ നവംബർ 14 ഞായറാഴ്ച രാത്രി 9 മണിക്ക് നടത്തുന്നു.

### നിർദ്ദേശങ്ങൾ

a. ഗൂഗിൾ ഫോമിലൂടെ ആയിരിക്കും പരീക്ഷ നടത്തുന്നത്.
b. 25 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.
c. പുസ്തകത്തിന്റെ 8 മുതൽ 29 വരെയുള്ള പേജുകളിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക (ആമുഖം + അദ്ധ്യായം 1).
d. ഒരാൾ ഒരു പ്രാവശ്യം മാത്രമേ ഉത്തരങ്ങൾ പൂരിപ്പിച്ച് അയക്കുവാൻ പാടുള്ളൂ.
e. പരീക്ഷയുടെ സമയം 15 മിനിറ്റായിരിക്കും.
f. ഉത്തരങ്ങൾ സബ്മിറ്റ് ചെയ്തതിന്ശേഷം മാർക്കിന്റെ സ്ക്രീൻഷോട്ട് എടുത്ത് ഹെഡമാസ്റ്ററിന് നൽകേണ്ടതാണ്.
g. അധ്യാപകർക്ക് ലഭിച്ച മാർക്കുകൾ ഹെഡ്മാസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 17. സ്നേഹവീട് - ഭവനപദ്ധതി

താഴെ പേര് നല്കിയിരിക്കുന്ന സൺഡേസ്കൂളുകൾ ഒക്ടോബർ മാസത്തിൽ സ്നേഹവീട് ഭവനപദ്ധതിയിലേയ്ക്ക് സംഭാവന നല്കിയിട്ടുണ്ട്. സഹകരിച്ച എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. ഇനിയും തുക നല്കാത്തവർ നവംബർ മാസത്തിൽ തന്നെ സംഭാവന സമാഹരിച്ച് ഓഫീസിൽ നല്കുമല്ലോ. നവംബർ മാസത്തിൽ ഭവനത്തിന്റെ പണികൾ ആരംഭിക്കുന്നതാണ്.

**സംഭാവന നൽകിയ സൺഡേ സ്കൂളുകൾ**

അഡോട്ടുകയ - 7000.00 പേരാവൂർ - 27,500.00

**18. മിഷൻ ഞായർ ഒക്ടോബർ 17 – നന്ദി**

ആഗോളമിഷൻ ഞായറായ ഒക്ടോബർ 17-ാം തീയതി എല്ലാ സൺഡേ സ്കൂളുകളിലും സമുചിതമായി നടത്തി. എല്ലാ കുഞ്ഞു മിഷണറിമാർക്കും അഭിനന്ദനങ്ങൾ. അതിരൂപതാതല ഉദ്ഘാടനം കണ്ണൂർ ഹോളിഫാമിലി ഇടവകയിൽവെച്ച് നടത്തി.

**19. രാജത്വത്തിരുനാൾ – നവംബർ 21**

മിശിഹായുടെ രാജത്വത്തിരുനാൾ ദിനമായ നവംബർ 21-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

**20. പ്രധാനാധ്യാപകരുടെ മീറ്റിംഗ് – നന്ദി**

ഒക്ടോബർ 15 വെള്ളിയാഴ്ച രാത്രി 8.30 മുതൽ 9.45 വരെ പ്രധാനാധ്യാപകരുടെ ഓൺലൈൻ മീറ്റിംഗ് നടത്തി. വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ പ്രധാനാധ്യാപകർക്കും നന്ദി.

**21. ഉപപാഠപുസ്തക വിതരണം**

ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകളിലെ ഉപപാഠ പുസ്തകങ്ങൾ നവംബർ 15-നും 20-നും ഇടയിൽ ഫൊറോന കേന്ദ്രത്തിൽ എത്തിക്കുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**22. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

ഈ വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ ഓൺലൈൻ വഴി ഭംഗിയായി ക്രമീകരിക്കാൻ വിശ്വാസപരിശീലന കേന്ദ്രം പരിശ്രമിക്കുന്നുണ്ട്. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് വലിയ സാമ്പത്തിക ചിലവുണ്ടെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഒരു കുട്ടിയുടെ പക്കൽ നിന്നും **20 രൂപ** (സ്റ്റുഡൻസ് ഫണ്ട് + ചോദ്യപേപ്പർ) പരമാവധി നേരത്തെ തന്നെ collect ചെയ്യുമല്ലോ. ഒപ്പംതന്നെ ഓഫീസിൽ അടയ്ക്കേണ്ട മറ്റു തുകകളും (പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു.

താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 23. അഭിനന്ദനങ്ങൾ

1. കേരളത്തിലെ ഏറ്റവും മികച്ച എൽ.പി. വിഭാഗത്തിലെ പ്രധാനാധ്യാപകന് കേരള കാത്തലിക് ടീച്ചേർസ് ഗിൽഡ് നൽകുന്ന അവാർഡിന് പന്ത്രണ്ട് വർഷമായി തോമാപുരം സൺഡേസ്കൂൾ വിശ്വാസപരിശീലകയും തോമാപുരം സെന്റ് തോമസ് എൽ.പി. സ്കൂൾ പ്രധാനാധ്യാപികയുമായിരുന്ന ശ്രീമതി ത്രേസ്യാമ്മ കാഞ്ഞിരത്തിങ്കൽ അർഹയായി. അവാർഡ് ജേതാവിന് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ.
2. കുടിയാന്മല സൺഡേസ്കൂളിൽ പന്ത്രണ്ടാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന ആൻമരിയ ബിജു ചന്ദ്രൻകുന്നേൽ World Handwriting Competition ആർട്ടിസ്റ്റിക്ക് വിഭാഗത്തിൽ ഒന്നാം സ്ഥാനത്തിന് അർഹയായി. നിരന്തരമായ കഠിനപരിശ്രമത്തിലൂടെ ഈ നേട്ടത്തിന് അർഹയായ ആൻമരിയയ്ക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ.
3. കണ്ണൂർ യൂണിവേഴ്സിറ്റി നടത്തിയ BSc ഫിസിക്സ് പരീക്ഷയിൽ (2017-2020) കുന്നോത്ത് സൺഡേ സ്കൂളിലെ അധ്യാപകനായ ശ്രീ. ഷാജി മംഗലത്ത് സാറിന്റെ മകൾ സാന്ദ്ര മരിയ രണ്ടാംറാങ്കിന് അർഹയായി. സാന്ദ്രയ്ക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ.

## 24. ഡയറക്ടറച്ചന്റെ സന്ദർശനം

ഡയറക്ടറച്ചൻ കണ്ണൂർ, മാങ്ങോട് എന്നീ ഇടവകകളിൽ സന്ദർശനം നടത്തി വിശ്വാസപരിശീലന പ്രവർത്തനങ്ങൾ വിലയിരുത്തി.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത
## FAMILY RENEWAL UNITS IN THALASSERY (FRUITS)

**കോവിഡിന്റെ പ്രത്യാഘാതങ്ങളിൽനിന്ന് സമൂഹം സാവധാനം മുക്തിപ്രാപിച്ച് വരികയാണല്ലോ. നമുക്ക് ദൈവത്തിന് നന്ദിപറയാം.**

കഴിഞ്ഞ രണ്ട് വർഷത്തോളമായി ആളുകൾ ഒത്തുചേരുവാനുള്ള സാഹചര്യങ്ങൾ നിരോധിതമായതിനാൽ നമ്മുടെ കൂട്ടായ്മകൾ മുടങ്ങിപോയി. സഭ അടിസ്ഥാനപരമായി വിശ്വാസികളുടെ കൂട്ടായ്മയാണ്. ഒന്നുചേർന്ന് ദൈവത്തെ ആരാധിക്കുന്ന സമൂഹത്തിന്റെ അടിസ്ഥാനഭാവം നഷ്ടമാകുമ്പോൾ ക്രിസ്തീയതയുടെ സൗന്ദര്യമാണ് വികലമാകുന്നത്. അതിനാൽ കൂട്ടായ്മകൾ സാധിക്കുന്നതുപോലെ പുനരുദ്ധരിക്കുവാൻ നാം ഓരോരുത്തരും പരിശ്രമിക്കേണ്ടതുണ്ട്.

കോവിഡിന്റെ നിയന്ത്രണങ്ങളിൽ ഇളവ് വന്നതിനാൽ ജീവിതം സാധാരണപോലെ ആയി മാറി കഴിഞ്ഞിരിക്കുന്നു. സ്ഥാപനങ്ങളും വാണിജ്യസമുച്ചയങ്ങളും സ്കൂളുകളും തിയേറ്ററുകളുംപോലും തുറന്നതിനാൽ ജനജീവിതം തിരക്കിലും ആരവങ്ങളിലും അമർന്ന് കഴിഞ്ഞു. ദൈവാലയങ്ങളും ആരാധനാകൂട്ടായ്മകളും മാത്രം നിയന്ത്രിക്കപ്പെടുന്നത് ആശങ്കയോടെ നാം കാണേണ്ടിയിരിക്കുന്നു. രാഷ്ട്രീയ പാർട്ടികളുടെ ബ്രാഞ്ച്, ലോക്കൽ, ജില്ലാ സമ്മേളനങ്ങൾ നൂറ് കണക്കിന് ആളുകളെ പങ്കെടുപ്പിച്ച് നിർബാധം നടത്തപ്പെടുന്നതും നാം കാണുന്നു. പള്ളിയിലും കൂട്ടായ്മകളിലും മാത്രം വളരുന്ന ഒരു കൊറോണ വൈറസ് ഇല്ലല്ലോ... അതിനാൽ ഭൗതികതയുടെയും ഈശ്വരനിഷേധത്തിന്റെയും ഈ പ്രവണതയിൽനിന്ന് ജനത്തെ നാം മോചിപ്പിക്കണം.

വിശ്വാസിഗണത്തിന്റെ ദൈവാശ്രയബോധം ഉജ്ജ്വലിപ്പിക്കുകവഴി, സാമുദായികബോധവും കൂട്ടായ്മയും വളർത്തുവാനാണ് നാം കുടുംബകൂട്ടായ്മകൾ ആരംഭിച്ചത്. നമ്മുടെ വിശ്വാസത്തെയും ആചാരങ്ങളെയും വെല്ലുവിളിക്കുകയും സഭാസമൂഹത്തിൽ വിള്ളൽവീഴ്ത്താൻ വിവിധപ്രസ്ഥാനങ്ങൾ പരിശ്രമിക്കുകയും ചെയ്യുന്നവേളയിൽ കൂടുതൽ തീക്ഷ്ണതയോടെ ജനത്തെ ചേർത്ത് നിറുത്തുവാൻ അജപാലകരും നേതാക്കന്മാരും കൂടുതൽ തീക്ഷ്ണതയോടെ പരിശ്രമിക്കണം. “സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കുവാൻ എങ്ങനെ കഴിയുമെന്ന് നമുക്ക് ആലോചിക്കാം. ചിലർ സാധാരണയായി ചെയ്യാറുള്ളതുപോലെ നമ്മുടെ സഭായോഗങ്ങൾ നാം ഉപേക്ഷിക്കരുത്. മാത്രമല്ല, ആ ദിനം അടുത്തുവരുമ്പോൾ നിങ്ങൾ പരസ്പരം കൂടുതൽ കൂടുതൽ, പ്രോത്സാഹിപ്പിക്കണം (ഹെബ്രാ. 10:24). അതിനാൽ ജനത്തെ പ്രേരിപ്പിച്ചും പ്രോത്സാ

ഹിപ്പിച്ചും കൂട്ടായ്മകൾ തുടങ്ങുവാൻ ബഹുമാനപ്പെട്ട വൈദികരോടും സമർപ്പിതരോടും കൂട്ടായ്മ ഭാരവാഹികളോടും അഭ്യർത്ഥിക്കുന്നു. ജനത്തിന് ആത്മീയ താല്പര്യവും ഭക്തിയും സജീവമാകുന്ന ഡിസംബർ മാസത്തിൽ, ക്രിസ്മസിന് മുൻപ് തന്നെ എല്ലാ കൂട്ടായ്മകളും വിളിച്ച് ചേർക്കുവാൻ നേതാക്കൾ ആസൂത്രണം ചെയ്യണം.

പഴയത് പോലെ ഒരു ഭവനത്തിൽ ഒന്നിച്ച് ചേരാം. വീടിന്റെ മുറ്റത്തും വരാന്തയിലുമായി ഇരുന്നാൽ മതിയല്ലോ. പ്രാർത്ഥനയും ഹാജർ വിളിയും റിപ്പോർട്ടും കുശാലനാന്വേഷണങ്ങളും ലഘു കാപ്പിയുമായി ആദ്യത്തെ കൂട്ടായ്മ നടത്താം. അത്താഴവും ഗൗരവതരമായ ഭക്ഷണങ്ങളും തൽക്കാലം ഒഴിവാക്കാം. ക്രിസ്തുമസ്സന്തോഷം പങ്ക് വച്ച് ഒരു കേക്ക് മുറിച്ച്കൊടുത്ത് കാപ്പിയുമായി ആദ്യകൂട്ടായ്മ നമുക്ക് സംഘടിപ്പിക്കാം.

തീർത്തും സൗകര്യമില്ലാത്ത യൂണിറ്റുകൾ ദൈവാലയത്തിൽ ഒന്നിച്ചു കൂടി കുടുംബക്കൂട്ടായ്മ നടത്താൻ പരിശ്രമിക്കാം.

## ബഹുമാനപ്പെട്ട വൈദികരുടെ ശ്രദ്ധയ്ക്ക്

1. ക്രിസ്തുമസിന് മുമ്പ് എല്ലാ വർഡിലും കുടുംബകൂട്ടായ്മ നടത്താൻ നിർബന്ധമായും പരിശ്രമിക്കണമേ..
2. ഏറ്റവും അടുത്തദിവസം ഇടവക കോർഡിനേറ്ററുടെയും കൂട്ടായ്മ ഭാരവാഹികളുടെയും ആനിമേറ്റർമാരുടെയും ഒരു യോഗം വിളിച്ച് ചേർത്തു ക്രിസ്തുമസിന് മുമ്പ് കുടുംബക്കൂട്ടായ്മ നടത്തുന്ന കാര്യം ആലോചിക്കുന്നതു നല്ലതാണ്.
3. ഓരോ വാർഡിന്റെയും തീയതിയും സമയവും ക്രമീകരിച്ച് നേരത്തെ തന്നെ വാട്ട്സ്ആപ്പിലൂടെ ഇടവകകൂട്ടായ്മയെ അറിയിക്കുക.
4. ആരെയും നിർബന്ധിക്കാതെ, എന്നാൽ സ്നേഹപൂർവ്വം പ്രോത്സാഹിപ്പിച്ച് കൂട്ടായ്മയിലേയ്ക്ക് ജനത്തെ ചേർക്കുക.
5. മാസ്കും, സാമൂഹ്യ അകലവും പാലിച്ച് തന്നെ നാം കൂട്ടായ്മ ഒരുക്കണം.

ആരെയും തള്ളിക്കളയാതെ, എല്ലാവരെയും അടുപ്പിക്കുന്ന ദൈവപിതാവിന്റെ സ്നേഹം അനുഭവവേദ്യമാക്കുവാനുള്ള സുവർണ്ണാവസരമാണ് കുടുംബക്കൂട്ടായ്മ. വിശ്വാസത്തിലും സഭാബോധത്തിലുമുള്ള മന്ദതയും മടുപ്പും മറികടന്ന് ജനത്തെ സാമുദായികബോധത്തിലും കൂട്ടായ്മയിലും ഒത്തുചേർക്കുവാനുള്ള ഏറ്റവും നല്ല മാർഗ്ഗമാണ് കുടുംബക്കൂട്ടായ്മ എന്ന് തിരിച്ചറിയുക. പരിശ്രമിക്കുക. എല്ലാവർക്കും നന്മകളും ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

ആധുനിക കാലത്തെ സഭയുടെ വസന്തം എന്ന് വിശേഷിപ്പിക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഏറ്റവും പുരോഗമനപരമായ ദർശനങ്ങളിലൊന്നായിരുന്നു അൽമായർക്കും സമർപ്പിതർക്കും ദൈവശാസ്ത്രവും വി. ഗ്രന്ഥവും പഠിക്കാനുള്ള അവസരമൊരുക്കുക എന്നത്. 2006 മുതൽ കഴിഞ്ഞ 15 വർഷങ്ങളായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് സഭയിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത് വിശ്വാസത്തിന്റെ തുടർ പരിശീലനമാണ്. സണ്ടേസ്കൂൾ ക്ലാസ്സുകൾക്ക് ശേഷം വിശ്വാസരഹസ്യങ്ങളെ വ്യക്തമായി പഠിപ്പിക്കുന്ന ഈ തുടർ വിശ്വാസ പരിശീലന പദ്ധതിക്ക് അതിൽത്തന്നെ സമകാലിക സഭയിൽ വലിയ പ്രസക്തിയും പ്രാധാന്യവുമുണ്ട്.

## ബിരുദദാന ചടങ്ങുകൾ

മാനന്തവാടി സി.എം.സി. പ്രൊവിൻഷ്യൽ ഹൗസ് നടവയൽ, എസ്. എച്ച് പ്രൊവിൻഷ്യൽ ഹൗസ് ദ്വാരക, നെല്ലിക്കാംപോയിൽ സി.എം.സി പ്രൊവിൻഷ്യൽ ഹൗസ്, പാലക്കാട് സി.എം.സി പ്രൊവിൻഷ്യൽ ഹൗസ് എന്നീ സ്ഥലങ്ങളിൽവച്ച് നടത്തപ്പെട്ട ബിരുദദാന ചടങ്ങുകളിൽ 125 വിദ്യാർത്ഥികൾ ബിരുദം സ്വീകരിച്ചു. ആർച്ച് ബിഷപ് മാർ ജോർജ് ഞറളക്കാട്ട് പിതാവ് മാനന്തവാടിയിലും മാർ ജോസഫ് പാംപ്ലാനി പിതാവ് പാലക്കാടും നെല്ലിക്കാംപോയിലിലും ബിരുദദാനം നിർവ്വഹിച്ചു. പ്രസിഡന്റ് ഡോ. ഫിലിപ്പ് കവിയിൽ അധ്യക്ഷ പ്രസംഗവും, എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ടോം ഓലിക്കരോട്ട് കോൺവൊക്കേഷൻ പ്രഭാഷണവും നടത്തി. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്സാമിനേഷൻ കൺട്രോളർ സി. ഡോ. ജിസി മരിയ കോൺവൊക്കേഷൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഓരോ സെന്ററിലും പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ് സ്വാഗത പ്രഭാഷണവും സ്റ്റുഡന്റ് കോർഡിനേറ്റർമാർ നന്ദിയും പറഞ്ഞു. കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നതിന്റെ ഭാഗമായി, ഓരോ സെന്ററുകളിൽ വച്ചാണ് ഈ വർഷത്തെ ബിരുദദാന ചടങ്ങുകൾ നടത്തപ്പെടുന്നത്.

## MTh ബിരുദദാന ചടങ്ങുകൾ മിയാമി (USA) സെന്ററിൽ നടത്തപ്പെട്ടു

ആൽഫയുടെ അമേരിക്കയിലുള്ള സെന്ററിൽനിന്നും എം.റ്റി.ച്ച് ബിരുദമെടുത്ത 12 വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഒക്ടോബർ 23 ന് മിയാമിയിൽവച്ച് നടത്തപ്പെട്ടു. ചിക്കാഗോ അതിരൂപതാധ്യക്ഷകൻ മാർ ജേക്കബ് അങ്ങാടിയത്ത് ബിരുദദാനം നിർവ്വഹിച്ചു.

**നവംബർ മാസത്തിലെ ബിരുദദാന ചടങ്ങുകൾ**

കുളത്തുവയൽ - നവംബർ 6 (MSMI Generalate)

പാലാ - നവംബർ 13 (CMC Provincial House)

എറണാകുളം - നവംബർ 20 (CMC Provincial House)

## ആൽഫയുടെ തലശ്ശേരിയിലെ ബിരുദദാന ചടങ്ങ് ഡിസംബർ 4 ന്

2017, 2018 ബാച്ചുകളിലായി ദൈവശാസ്ത്രപഠനം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ MTh, BTh ബിരുദദാനം 2021 ഡിസംബർ 4-ാം തിയ്യതി ശനിയാഴ്ച തലശ്ശേരി സന്ദേശഭവൻ ഓഡിറ്റോറിയത്തിൽവച്ച് നടത്തുന്നു. തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞറളക്കാട്ടിന്റെയും മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും മറ്റ് വിശിഷ്ടാതിഥികളുടെയും സാന്നിദ്ധ്യത്തിൽ രാവിലെ കൃത്യം 10.00 മണിക്ക് ചടങ്ങ് ആരംഭിക്കും. ബിരുദം സ്വീകരിക്കുന്ന എല്ലാ വിദ്യാർത്ഥികളും രാവിലെ 8.30 മണിയോടെ ചടങ്ങ് നടക്കുന്ന ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്ന് തങ്ങളുടെ പേര് രജിസ്റ്റർ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. അവർ ധരിക്കേണ്ട കോൺവൊക്കേഷൻ വസ്ത്രവും ക്യാപ്പും രജിസ്റ്റർ ചെയ്യുമ്പോൾ നല്കുന്നതായിരിക്കും. എല്ലാവിധ കോവിഡ് പ്രോട്ടോക്കോളുകളും അനുസരിച്ചായിരിക്കും ചടങ്ങ് നടക്കുക. 9.30 നുള്ള കോൺവൊക്കേഷൻ പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നവർക്കു മാത്രമേ ഹാളിൽ പ്രവേശനം ലഭിക്കുകയുള്ളൂ.

**നവംബർ മാസത്തിലെ ക്ലാസ്സുകളുടെ സമയ ക്രമീകരണം**

നവംബർ 12 - പഴയനിയമ ദൈവശാസ്ത്രം (English) - 9 pm

നവംബർ 13 - എസ്രാ നെഹെമിയാ (English) - 9 pm

**2. ഡിപ്ലോമ (മലയാളം)**

നവംബർ 16 - വി. മർക്കോസിന്റെ സുവിശേഷം (10.00am -11.30am)

നവംബർ 17 - മരിയവിജ്ഞാനീയം (03.00pm -04.30pm)

നവംബർ 23 - പരിശുദ്ധ ത്രിത്വം (10.00am -11.30am)

നവംബർ 24 - പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ (03.00pm -04.30pm)

**3. ഡിപ്ലോമ (ഇംഗ്ലീഷ്)**

നവംബർ 16 - St. Mark (03.00pm -04.30pm)

നവംബർ 17 - Mariology (10.00am -11.30am)

നവംബർ 23 - Holy Trinity (03.00pm -04.30pm)

നവംബർ 24 - St. Paul (10.00am -11.30am)

**സപ്ലിമെന്ററി പരീക്ഷകൾ**

സപ്ലിമെന്ററി പരീക്ഷകൾ ഒക്ടോബർ 25 മുതൽ ആരംഭിച്ചു. പരീക്ഷയ്ക്ക്

രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് അവരുടെ ഈമെയിലിലേക്ക് പരീക്ഷാ ദിവസവും സമയവും അറിയിപ്പായി ലഭിക്കുന്നതാണ്. നവംബർ ആദ്യവാര ത്തോടെ സപ്ലിമെന്ററി പരീക്ഷകൾ അവസാനിക്കുന്നതാണ്.

## സെമസ്റ്റർ പരീക്ഷകൾ നവംബർ 15 മുതൽ

ഈ സെമസ്റ്ററിലെ പരീക്ഷകൾ നവംബർ 15 മുതൽ ഡിസംബർ 20 വരെ നടത്തപ്പെടുന്നു. ഈ വർഷത്തെ റഗുലർ പരീക്ഷകൾ മൂന്നു രീതി യിൽ നടത്തപ്പെടുന്നതാണ്: 1. എഴുത്തു പരീക്ഷ, 2. ഓൺലൈൻ MCQ (Multiple Choice Questions) 3. ഓൺലൈൻ വൈവ. പരീക്ഷ എഴുതാനുള്ള വിദ്യാർത്ഥികൾ ഈമെയിൽ വഴിയാണ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടത്. വിദ്യാർത്ഥിയുടെ പേര്, രജിസ്റ്റർ നമ്പർ, ഫോൺ നമ്പർ, ഈമെയിൽ അഡ്രസ്സ്, പരീക്ഷാ വിഷയം, ഭാഷ എന്നിവയെല്ലാം ഉൾപ്പെടുത്തി alphits@gmail.com ലേക്ക് മെയിൽ ചെയ്യാവുന്നതാണ്. നവംബർ 5 മുത ലാണ് പരീക്ഷാ രജിസ്ട്രേഷൻ ആരംഭിക്കുന്നത്.

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ,
ഡയറക്ടർ,
ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

**ഫാ. ടോം ഓലിക്കരോട്ട്**
എക്സിക്യൂട്ടീവ്
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## ജൂബിലി ആശംസകൾ



നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയ ശുശ്രൂഷിയായി 50 വർഷം പൂർത്തിയാക്കുന്ന ശ്രീ. ജോസ് ഇല്ലിക്കലിന് ആശംസകൾ!

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഈശോയുടെ രാജത്വത്തിരുനാൾ ആഘോഷിക്കുവാൻ ഏറ്റവും അടുത്ത് ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലോ നമ്മൾ. നമുക്കുവേണ്ടി ജനിച്ച് ജീവിച്ച് പ്രവർത്തിച്ച് മരിച്ച് ഉത്ഥിതനായ രാജാവാണ് നമ്മുടെ ക്രിസ്തു. മനുഷ്യ ഹൃദയങ്ങളെ സ്പർശിക്കുന്ന പുതിയ ഉടമ്പടിയിലെ സ്നേഹത്തിന്റെ നിയമം സ്വജീവിതത്തിലൂടെ നമുക്ക് കാണിച്ചുതന്ന മിശിഹായുടെ രാജത്വത്തിരുനാൾ ആഘോഷിക്കുമ്പോൾ ക്ഷമിക്കുകയും, സ്നേഹിക്കുകയും, മനസ്സിലാക്കുകയും, അംഗീകരിക്കുകയും ചെയ്യുന്ന നല്ല പ്രേഷിതരായി ഈ വർഷത്തെ രാജത്വത്തിരുന്നാൾ നമുക്ക് ആഘോഷിക്കാം...എല്ലാവർക്കും രാജത്വത്തിനുന്നാളിന്റെ മംഗളങ്ങൾ...പ്രാർത്ഥനകൾ....

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | മിശിഹായുടെ രാജത്വത്തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. അന്ത്രയോസ് |
| പ്രാർത്ഥനാനിയോഗം | : | മേഖലാസമിതികളുടെ നിയോഗങ്ങൾക്കുവേണ്ടി |
| സുകൃതം | : | 74 പരിശുദ്ധ രാജ്ഞി ജപം |
| സുകൃത ജപം | : | രക്ഷകനായ ഈശോയെ, ശുദ്ധീകരണാത്മാക്കളുടെമേൽ കരുണയായിരിക്കണമേ. |
| *സങ്കീർത്തന പാരായണം* | : | സങ്കീ: 60 – 69 അദ്ധ്യായങ്ങൾ |
| സംഘടനയെ അറിയാം | : | എംബ്ലം |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 1 തിങ്കൾ | : | സകല വിശുദ്ധരുടെയും തിരുനാൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ – കാർട്ടൂൺ, പോസ്റ്റർ നിർമ്മാണം. |
| 2 ചൊവ്വ | : | സകല മരിച്ചവരുടെയും തിരുനാൾ |
| 4 വ്യാഴം | : | മതാദ്ധ്യാപകദിനം |
| 7 ഞായർ | : | മതാദ്ധ്യാപകരെ ആദരിക്കൽ |
| 14 ശനി | : | അൾത്താര നക്ഷത്രം – ദൈവവിളി ക്യാമ്പ് |
| 19 വെള്ളി | : | വൃദ്ധമാതാപിതാക്കളെ, മാതൃവേദി പ്രവർത്തകരെ ആദരിക്കുന്നു. |
| 21 ഞായർ | : | രാജത്വത്തിരുനാൾ |

30 ചൊവ്വ : ആൽബം, ഉപന്യാസം, ക്ലിക്ക്ഷോട്ട്, പൂമ്പാറ്റ എന്നിവ അതിരൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം.

**2. മേഖലകൾ ശ്രദ്ധിക്കാൻ** : എക്സിക്യൂട്ടീവ്, സെമിനാർ, മേഖലാ സാഹിത്യമത്സരങ്ങൾ, വി. യൗസേപ്പിതാവിന്റെ തീർത്ഥാടന ദേവാലയ സന്ദർശനം, ശാഖാ ഭാരവാഹികൾക്ക് ട്രെയിനിംഗ്, ലഹരി വിരുദ്ധപ്രവർത്തനങ്ങൾ, മതാദ്ധ്യാപകദിനം, മിശിഹായുടെ രാജത്വത്തിരുനാൾ, അതിരൂപതാ സാഹിത്യമത്സരം.

## 3. രാജത്വതിരുനാൾ

നവംബർ 21-ാം തിയതി ഞായറാഴ്ച ക്രിസ്തുരാജന്റെ തിരുനാൾ ആചരിക്കുകയാണല്ലോ. ക്രിസ്തുവാണ് നമ്മുടെ രാജാവും നേതാവും നാം അനുകരിക്കേണ്ട മാതൃകയും എന്ന ബോധ്യം കുട്ടികൾക്ക് ലഭിക്കത്തക്ക വിധം ഇപ്പോഴത്തെ സാഹചര്യം അനുസരിച്ച് വിവിധ പരിപാടികൾ ക്രമീകരിക്കുമല്ലോ. അതിരൂപതാ തലത്തിൽ കുന്നോത്ത് മേഖലയിലെ ചരൾ ശാഖയിൽ വച്ച് രാജത്വതിരുനാൾ ആചരിക്കും.

## 4. മിഷൻ പച്ചക്കറിതോട്ടം

പച്ചക്കറിത്തോട്ടമത്സരത്തിൽ പങ്കെടുക്കാൻ നേരത്തെ രജിസ്റ്റർ ചെയ്തതനുസരിച്ച് പ്രസിദ്ധീകരിച്ചതിനു പുറമേ പുതുതായി രജിസ്റ്റർ ചെയ്തിരിക്കുന്ന ശാഖകളുടെ പേരുകൾ ചുവടെ ചേർക്കുന്നു. പേരാവൂർ, മണ്ഡപം, കമ്പല്ലൂർ, തോമാപുരം, ചട്ടമല, നാട്ടക്കൽ, രണ്ടാംകടവ്, ചെറുപുഴ, നെല്ലിക്കുറ്റി. നവംബർ 15-ാം തിയതിക്ക് മുമ്പ് അതിരൂപതാ ടീം ഒന്നാം ഘട്ടം പച്ചക്കറിത്തോട്ടസന്ദർശനം നടത്തുന്നതിനായി പേര് രജിസ്റ്റർചെയ്ത ശാഖകളിൽ എത്തുന്നതായിരിക്കും എന്നകാര്യം ഓർമ്മിപ്പിക്കട്ടെ.

## 5. ഉപന്യാസം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത സുവർണ്ണ ജൂബിലി സ്മാരക അവാർഡിനായി 18 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന ഉപന്യാസ മത്സരം ഓഫീസിൽ ലഭിക്കേണ്ട അവസാന തിയ്യതി ഈ മാസം 30 ആണെന്ന് ഓർമ്മിപ്പിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് ഒക്ടോബർ മാസത്തെ ഗിരിദീപം പേജ് 40 കാണുക) വിഷയം: **"ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്"**.

## 6. ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലീം

5-ാംക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലിം മത്സരത്തിൽ പങ്കെടുക്കുന്നവർ അതിന്റെ സി. ഡി, പെൻഡ്രൈവ് ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ (കൂടുതൽ വിവരങ്ങൾക്ക് ഓഗസ്റ്റ് മാസത്തെ ഗിരിദീപം പേജ് 49 കാണുക).

## 7. പൂമ്പാറ്റ ആംഗ്യപ്പാട്ട്

5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരത്തിൽ പങ്കെടുക്കുന്നവർ അതിന്റെ സി.ഡി, പെൻഡ്രൈവ് ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ (കൂടുതൽ വിവരങ്ങൾക്ക് ഓഗസ്റ്റ് മാസത്തെ ഗിരിദീപം പേജ് 49 കാണുക).

## 8. ആൽബം

**"ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്"** എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽനിന്ന് മേഖലയിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. ആൽബനിർമ്മാണത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 32 കാണുക.

## 9. ടീം ക്വിസ്സ്

ഈ വർഷത്തെ ടീം ക്വിസ്സ് 2022 ജനുവരി 26 ന് ആണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**നിബന്ധനകൾ**

- ടീം ക്വിസ് ഈ പ്രവർത്തനവർഷം 5 മുതൽ 10 വരെ ക്ലാസ്സുകളിൽ മതബോധനം പഠിക്കുന്ന കുട്ടികൾക്കായിരിക്കും.
- 6 പേർ ഉൾപ്പെടുന്ന മേഖലാ ടീം ആണ് മത്സരിക്കേണ്ടത്. ഇതിൽ 2 ആൺകുട്ടികളും 2 പെൺകുട്ടികളും നിർബന്ധമായി ഉണ്ടായിരിക്കണം. മേഖലാ ടീം ഒരേ ശാഖയിൽ നിന്ന്തന്നെ വേണമെന്ന് നിർബന്ധമില്ല.
- മത്സരം വ്യക്തിഗതമായിരിക്കണം. ചർച്ച ചെയ്ത് എഴുതാൻ പാടില്ല.
- മത്സരത്തിൽ പങ്കെടുക്കുന്ന ടീം അംഗങ്ങളുടെ മുഴുവൻമാർക്കും കൂട്ടിയായിരിക്കും വിജയിച്ച ടീമിനെ നിശ്ചയിക്കുക. വ്യക്തിഗത സമ്മാനം ഉണ്ടായിരിക്കും.
- മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് അംഗത്വകാർഡ്, ബാഡ്ജ്, പഠിക്കുന്ന ക്ലാസ് തെളിയിക്കുന്ന ശാഖാഡയറക്ടറുടെ കത്ത് എന്നിവ ഉണ്ടായിരിക്കണം.
- ക്വിസ്മത്സരത്തെപ്പറ്റിയുള്ള അതിരൂപതാ എക്സിക്യൂട്ടീവിന്റെ തീരുമാനം അന്തിമമായിരിക്കും.
- ടീം ക്വിസ് പഠനഭാഗങ്ങൾ : അപ്പസ്തോല പ്രവർത്തനം 30% മഹാമിഷനറി 20% , സഭ 20 % , സംഘടന 30% .
- ജനുവരി 20 ന് മുമ്പായി മേഖലാ തലത്തിൽ ടീം ക്വിസ്സ് നടത്തി മേഖലാ

വിജയികളായ ടീമിന്റെ വിവരം അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

## 10. കൈയ്യെഴുത്ത് മാസിക

ശാഖകളിൽ കൈയ്യെഴുത്ത് മാസിക നിർമ്മാണം ആരംഭിച്ചുകാണുമല്ലോ. മേഖലാ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയ്യെഴുത്ത് മാസികകൾ ജനുവരി 26 നുള്ളിൽ അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

**നിബന്ധനകൾ**

- മാസിക 100 പേജിൽ കവിയരുത്. അളവ് A4 Size
- മാസികയിലെ ചിത്രങ്ങളുൾപ്പെടെയുള്ള എല്ലാ രചനകളും സി. എം. എൽ. അംഗങ്ങളുടെ സൃഷ്ടിയായിരിക്കണം. ഇവയിൽ അംഗങ്ങളുടെ പേരും, അംഗത്വനമ്പറും, ഫോൺനമ്പറും നിർബന്ധമായും ചേർത്തിരിക്കണം.
- ബഹു. അച്ചൻമാർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ് എന്നിവരുടെ രചനകൾ മാസികയിൽ ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ ആശംസകൾ ഉൾപ്പെടുത്താം.
- രചനകൾ ക്രിസ്തീയ ആദർശം പ്രതിഫലിപ്പിക്കുന്നവയായിരിക്കണം. ക്രിസ്തീയ ആശയങ്ങൾക്ക് വിരുദ്ധമായതൊന്നും രചനകളിൽ പാടില്ല.
- ലേഖനം, ചെറുകഥ, കാർട്ടൂൺ, കവിത, ഫലിതബിന്ദുക്കൾ, മഹത്വചനങ്ങൾ, കടംകഥകൾ, ക്വിസ്, പദപ്രശ്നം, നിങ്ങൾക്കറിയാമോ, നുറുങ്ങുകൾ, ഹാസ്യഭാവന, ഏകാങ്കം, ചിത്രങ്ങൾ, കളർഡ്രോയിംഗ്, പെൻസിൽ ഡ്രോയിംഗ്, തുടങ്ങിയവ മാസികയിൽ ഉൾപ്പെടുത്താം.
- രചനകളുടെ വൈവിധ്യം, ഉൾക്കൊള്ളുന്ന മുല്യങ്ങൾ, നിലവാരം, മാസികയുടെ കലാമേൻമ, എഡിറ്റിംഗ്, ചമയം, ആശംസകൾ, ആമുഖം, ഉചിതമായപേര്, മുഖചിത്രം തുടങ്ങിയവയെല്ലാം വിലയിരുത്തപ്പെടും.
- കൈയെഴുത്ത് മാസികാമത്സരത്തെപ്പറ്റിയുള്ള അതിരൂപതാ എക്സിക്യുട്ടീവ് തീരുമാനങ്ങളും, ഏറ്റവും നല്ല കൈയെഴുത്ത്മാസിക തിരഞ്ഞെടുക്കുന്നതിൽ ജഡ്ജിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങളും അന്തിമമായിരിക്കും.
- കൈയെഴുത്ത് മാസികയിലെ രചനകളിൽ 75%, 17 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗങ്ങളുടേത് ആയിരിക്കണം.
- ഈ വർഷത്തെ പഠനവിഷയമായ "**ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്**" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള രചനകൾ നിർബന്ധമായും മാസികയിൽ ഉൾക്കൊള്ളിച്ചിരിക്കണം.
- കൈയെഴുത്ത് മാസിക അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാന തിയതി ജനുവരി 26.

## 11. അതിരൂപതാ സാഹിത്യമത്സരം

നവംബർ അവസാനത്തോടുകൂടി അതിരൂപതാ സാഹിത്യമത്സരം നടത്തപ്പെടുന്നു. സബ്ജൂണിയർ, ജൂണിയർ, സീനിയർ, സൂപ്പർസീനിയർ എന്നീ വിഭാഗത്തിലായിരിക്കും മത്സരം നടത്തപ്പെടുക. **മത്സര ഇനങ്ങൾ:** കഥ, കവിത, ഉപന്യാസം, ചിത്രരചന എന്നിവയായിരിക്കും. മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം ലഭിക്കുന്നവരുടെ പേരുകൾ നവംബർ 15 ന് അതിരൂപതയിൽ അറിയിക്കേണ്ടതാണ്.

**പ്രായപരിധി:**

1. സബ്ജൂണിയർ : 2009 ജനുവരി 1 – നോ ശേഷമോ ജനിച്ചവർ
2. ജൂണിയർ : 2006 ജനുവരി 1 – 2008 ഡിസംബർ 31
3. സീനിയർ : 2002 ജനുവരി 1 – 2005 ഡിസംബർ 31
4. സൂപ്പർ സീനിയർ : 2002 ജനുവരി 1 – ന് മുമ്പ് ജനിച്ചവർ

A) **ഉപന്യാസം :** 10 പേജിൽ കവിയരുത്. വിഷയാവതരണത്തിലെ ആധികാരികത 25%, ഘടന, ആശയം, അവതരണശൈലി 25%, ഉചിതമായ ഭാഷ 25%, ആനുകാലിക പ്രസക്തമായ ക്രൈസ്തവ സന്ദേശം 25% എന്നിങ്ങനെയായിരിക്കും മാർക്ക് വിഭജനം

**വിഷയം** : ജൂണിയർ : വി. ലൂക്കാ 13–ാം അദ്ധ്യായം
**വിഷയം** : സീനിയർ : വി. ലൂക്കാ 14–ാം അദ്ധ്യായം
**വിഷയം** : സൂപ്പർ സീനിയർ : വി.ലൂക്കാ 15–ാം അദ്ധ്യായം

B) **കഥ**

6 പേജിൽ കവിയരുത്. വിഷയ ബന്ധിതമായ ആശയം 25%, ആകർഷകമായ രചനാശൈലി 25%, ഭാഷയുടെ ലാളിത്യം, ഭംഗി 25%, ആനുകാലിക പ്രസക്തമായ ക്രൈസ്തവ സന്ദേശം 25%

**വിഷയം** : ജൂണിയർ : വി. ലൂക്കാ 13–ാം അദ്ധ്യായം
**വിഷയം** : സീനിയർ : വി. ലൂക്കാ 14–ാം അദ്ധ്യായം
**വിഷയം** : സൂപ്പർ സീനിയർ : വി. ലൂക്കാ 15–ാം അദ്ധ്യായം

C) **കവിത**

48 വരിയിൽ കവിയരുത്. വിഷയ ബന്ധിതമായ ആശയം 25%, ഭാഷാശൈലി 25%, വർണ്ണനകൾ, പ്രയോഗങ്ങൾ 25%, ആനുകാലിക പ്രസക്തമായ ക്രൈസ്തവ സന്ദേശം 25% എന്നിങ്ങനെയായിരിക്കും മാർക്ക് വിഭജനം.

**വിഷയം** : കവിതാ രചനയ്ക്ക്മാത്രം സംസ്ഥാനതല മത്സരം ഉള്ളതിനാൽ സംസ്ഥാനതലത്തിലും, അതിരൂപതാതലത്തിലും ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി എന്ന വിഷയം അടിസ്ഥാനമാക്കിയായിരിക്കും വിഷയം നൽകുക. അതിനാൽ മേഖലാതലത്തിലും

"ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്" പ്ലാറ്റിനംജൂബിലി ആപ്തവാക്യം അടിസ്ഥാനമാക്കി വിഷയം നിശ്ചയിച്ച് നൽകുക.

D) **ചിത്രരചന**

ചിത്രരചനാ മത്സരം സബ്ജൂണിയർ വിഭാഗത്തിന് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. വരക്കാൻ ഒരു ചിത്രം നൽകുന്നതായിരിക്കും. (ജലഛായം)

**വിഷയം** : വചനഭാഗം: വി. ലൂക്കാ 19-ാം അദ്ധ്യായം

**നിർദ്ദേശങ്ങൾ**

1) മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ചെറുപുഷ്പ മിഷൻലീഗ് അംഗത്വ കാർഡും ബാഡ്ജും നിർബന്ധമാണ്.
2) ഒരു വ്യക്തിയ്ക്ക് സ്വന്തം പ്രായപരിധിയിലുള്ള ഇനങ്ങളിൽ മാത്രമേ മത്സരിക്കാൻ അനുവാദമുള്ളൂ.
3) ഒരു വ്യക്തിയ്ക്ക് സ്വന്തം പ്രായപരിധിയിലുള്ള ഒരു ഇനത്തിൽ മാത്രമേ മത്സരിക്കാൻ അനുവാദമുള്ളൂ.
4) 100 കുടുംബങ്ങളിൽ താഴെയുള്ള ഇടവകകൾ മേഖലാ തലത്തിൽ മത്സരത്തിൽ പങ്കെടുക്കുമ്പോൾ അത്തരം ഇടവകകളിലെ ഒരു കുട്ടിക്ക് 2 ഇനങ്ങളിൽ മത്സരിക്കാം.
5) എല്ലാ മത്സരങ്ങളും ഒന്നര മണിക്കൂർ ആയിരിക്കും സമയം
6) മേഖലകളിൽ ഒന്നാം സ്ഥാനം കിട്ടുന്നവർക്ക് മാത്രമേ അതിരൂപതാ മത്സരത്തിൽ പങ്കെടുക്കാൻ അനുവാദമുള്ളൂ ആൺ-പെൺ വ്യത്യാസം ഇല്ല.
7) സാഹിത്യ മത്സരം നടക്കുന്ന അതേ സമയം തന്നെയായിരിക്കും ചിത്രരചനാമത്സരവും നടക്കുന്നത്.
8) ഗ്രേഡിങ്ങ് ഉണ്ടായിരിക്കുന്നതാണ്.
   A ഗ്രേഡിന് 5 ഉം, B ഗ്രേഡിന് 3 ഉം, C ഗ്രേഡിന് 1 ഉം, ഇതിനു പുറമേ വ്യക്തിഗത ഇനങ്ങളിൽ സ്ഥാനങ്ങൾക്ക് 5, 3, 1 വീതം പോയിന്റ് ലഭിക്കും. ഉദാ: വ്യക്തിഗത ഇനങ്ങളിൽ ഒന്നാം സ്ഥാനവും A ഗ്രേഡും ലഭിച്ചാൽ 5 + 5 =10, പോയ്ന്റും ലഭിക്കും.
9) ഓരോ മേഖലയും സാഹചര്യമനുസരിച്ച് മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ച് മേഖലാതല മത്സരം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
10) നവംബർ 15 ന് മുമ്പായി മേഖലാതലത്തിൽ വിജയികളായവരുടെ പേരുകൾ അതിരൂപതയിൽ നൽകേണ്ടതാണ്. അതിരൂപതാതല മത്സരം നവംബർ 27 ന് ആയിരിക്കും നടത്തുക.
11) ഓരോ മത്സര ഇനത്തിലും വിവിധ പ്രായ വിഭാഗത്തിലുള്ളവർക്ക് നിശ്ചയിച്ച് നൽകിയിരിക്കുന്ന വചനഭാഗത്തുനിന്നും വിഷയം മേഖലകൾ

നിശ്ചയിച്ച് നൽകേണ്ടതാണ്. നവംബർ 27 ന് നടത്തപ്പെടുന്ന അതിരൂപ താതല മത്സരങ്ങൾക്കുള്ള വിഷയം അതിരൂപതയിൽ നിന്നും നൽകു ന്നതായിരിക്കും.

12) കൂടുതൽ വിവരങ്ങൾക്ക് അതിരൂപതാ ഓഫീസുമായി ബന്ധപ്പെടുക.

## 12. മതാദ്ധ്യാപക ദിനം

നവംബർ 4–ാം തിയതി മതാദ്ധ്യാപന ദിനമാണല്ലോ. നവംബർ 4–ാം തിയതി വ്യാഴായ്ചയായതിനാൽ നവംബർ 7–ാം തിയതി ഞായറാഴ്ച എല്ലാ ശാഖകളിലും മതാദ്ധ്യാപകരെ ആദരിക്കുമല്ലോ. അതിരൂപതാതലം ഒറ്റത്തൈ ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

## 13. പുതിയ മേഖലാ സാരഥികൾ

2021 – 2023 വർഷത്തേയ്ക്ക് കാഞ്ഞങ്ങാട്, എടൂർ, ചെമ്പേരി, മേരിഗിരി മേഖലകളെ നയിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട എല്ലാ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം. അതോടൊപ്പം കഴിഞ്ഞ രണ്ട് വർഷക്കാലം മേഖലയെ കർമ്മധീരതയോടെ നയിച്ച എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

## 14. മേഖലാ ജൂണിയർ ഭാരവാഹികളുടെ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2021 – 2022 വർഷത്തേക്കുള്ള മേഖലാ ജൂണിയർ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്താത്ത ഓരോ മേഖലയും അവരുടെ സാഹചര്യം അനുസരിച്ച് ഈ മാസം തന്നെ (നവംബർ 30 നകം) നടത്തി ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

## 15. നല്ലിടയൻ പദ്ധതി

തളിപ്പറമ്പ് മേഖലയുടെ നേതൃത്വത്തിൽ പരിയാരം ശാഖയിലെ എളു ക്കുന്നേൽ ആന്റണി എന്ന വ്യക്തിക്കും, നെല്ലിക്കാംപോയിൽ മേഖലയിലെ ശാന്തിനഗർ ശാഖയിലെ ബീന പൊട്ടംപ്ലാക്കൽ എന്ന വ്യക്തിക്കും, ചെമ്പ ന്തൊട്ടി മേഖലയിലെ നെടുവാലൂർ ശാഖയിലെ ബിനീഷ് അയ്യമല എന്ന വ്യക്തിക്കും ആടിനെ നൽകി.

## 16. വി. കൊച്ചുത്രേസ്യായുടെ തിരുനാളും അംഗത്വ നവീകരണവും

വി. കൊച്ചുത്രേസ്യായുടെ തിരുനാളും അംഗത്വ സ്വീകരണവും ഒക്ടോ ബർ 10–ാം തിയതി ഞായറാഴ്ച കടുമേനി ശാഖയിൽ വച്ച് നടന്നു. പരിപാടി കൾക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്ത് തന്ന ശാഖാ ഡയറക്ടർ ബഹുമാ നപ്പെട്ട സെബാസ്റ്റ്യൻ മുക്കിലിക്കാട്ട് അച്ചനും വൈസ്ഡയറക്ടർ സിസ്റ്ററിനും ഭാരവാഹികൾക്കും മതാദ്ധ്യാപകർക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി.

## 17. ദേശീയ - അതിരൂപതാതല പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം

03.10.21 ന് ഞായറാഴ്ച രാവിലെ 10 മണിക്ക് സന്ദേശഭവനിൽ വച്ച് ദേശീയ പ്രസിഡന്റ് ശ്രീ. ബിനോയ് പള്ളിക്കാപ്പറമ്പിൽ, സംസ്ഥാന പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി, അതിരൂപതാ പ്രസിഡന്റ് ശ്രീ. സുനിൽ കല്ലിടുക്കിൽ എന്നിവരുടെ നേതൃത്വത്തിൽ അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി, മാർ ജേക്കബ്ബ് മുരിക്കൻ, മാർ ജോർജ് ഞറളക്കാട്ട്, മാർ ജോസഫ് പാംപ്ലാനി, മാർ ജോർജ് വലിയമറ്റം എന്നീ പിതാക്കൻമാരുടെ മഹനീയ സാന്നിധ്യ ത്തിൽ ദേശീയ-അതിരൂപതാ തല പ്ലാറ്റിനം ജൂബിലി വർഷം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും കെ.ടി.ജോൺ കൊച്ചുചെറുനിലത്ത് നന്ദിയും പറഞ്ഞു.

## 18. മിഷൻ ഞായർ ആഘോഷം

17.10.20 ന് മിഷൻ ഞായർ ആഘോഷം അതിരൂപതാതലം ചെമ്പേരി മേഖലയിലെ നെല്ലിക്കുറ്റി ശാഖയിൽ വച്ച് നടത്തി. മിഷൻ ഞായർ ആഘോഷങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്ത് തന്ന ശാഖാ ഡയറക്ടർ ബഹു. മാത്യു ഓലിക്കൽ അച്ചനും വൈസ് ഡയറക്ടർ സിസ്റ്റ റിനും ഭാരവാഹികൾക്കും മതാദ്ധ്യാപകർക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി. അതോടൊപ്പം മിഷൻ ഞായർ സാഘോഷം കൊണ്ടാടിയ എല്ലാ ശാഖകൾക്കും മേഖലകൾക്കും പ്രത്യേകം നന്ദി.

## 19. എം റ്റി സി ക്ലാസ്സ്

2021-2022 വർഷത്തെ എം റ്റി സി ക്ലാസ്സും, ക്യാമ്പും സാഹചര്യമനുസ രിച്ച് മേഖലകളിൽ നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. മേഖ ലകളിൽ നിന്ന് ലഭിച്ചിരിക്കുന്ന എണ്ണമനുസരിച്ച് ഈ വർഷത്തെ പുസ്തകം മേഖലകളിൽ എത്തിച്ചിട്ടുണ്ട്. വില 20 രൂപ

## 20. മേഖലാ പ്രസിഡന്റ്മാരുടെ മീറ്റിംഗ്

28.09.2021 ന് ചൊവ്വാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിലിന്റെ അദ്ധ്യക്ഷതയിൽ മേഖലാപ്രസിഡന്റ്മാരുടെ മീറ്റിംഗ് കൂടി. തളിപ്പറമ്പ് ഫൊറോനവികാരി റവ. ഫാ. അബ്രാഹം പോണാട്ട് പ്ലാറ്റിനം ജൂബിലി തിരി തെളിച്ച് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. തളിപ്പറമ്പ് മേഖലാ ഡയറക്ടർ റവ.ഫാ. ജോസഫ് കുളത്തറ ജൂബിലി ബാനർ എല്ലാ പ്രസി ഡന്റുമാർക്കും കൈമാറി. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും അതിരൂപതാ ഓർഗനൈസർ ശ്രീ സുനിൽ ചെന്നിക്കര നന്ദിയും പറഞ്ഞു. പങ്കെടുത്താ എല്ലാ മേഖലാ പ്രസിഡന്റു മാർക്കും, നേതൃത്വംകൊടുത്ത അതിരൂപതാ എക്സിക്യൂട്ടീവ് അംഗ ങ്ങൾക്കും നന്ദി.

**21. മിഷൻജ്യോതി പ്രകാശനം :** 03.10.2021 ന് ഞായറാഴ്ച സന്ദേശഭവനിൽ വച്ച് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഇറക്കിയ മിഷൻജ്യോതി വാർത്താപത്രിക തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോർജ്ജ് ഞറളക്കാട്ട് പ്രകാശനം ചെയ്തു. എല്ലാ ശാഖകളിലേക്കുമുള്ള വാർത്താപത്രികയുടെ കോപ്പികൾ മേഖലകളിൽ എത്തിച്ചിട്ടുണ്ട്.

**22. മലബാർ റീജണൽ സംഗമം :** 11.10. 2021 ന് തിങ്കളാഴ്ച ഗൂഗിൾ മീറ്റിലൂടെ നടന്ന മലബാർ റീജിയണൽ സംഗമത്തിൽ അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**23. സെമിനാറുകൾ, ക്ലാസ്സുകൾ**

- 10.10.2021 ന് കടുമേനി ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.

**24. പ്രതിഷേധം**

28.09.21 ന് മേഖലാ പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ കാട്ടാനയുടെ ആക്രമത്തിൽ കൊല്ലപ്പെട്ട പെരിങ്കരി സ്വദേശി ശ്രീ ജെസ്റ്റിൻ ചെമ്പകശ്ശേരിയിലിന് ആദരാഞ്ജലികൾ അർപ്പിക്കുകയും വന്യമൃഗശല്യത്തിനെതിരെ സർക്കാരുകൾ സത്വരനടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം പാസാക്കി അവതരിപ്പിക്കുകയും പ്രതിഷേധം അറിയിക്കുകയും ചെയ്തു.

**25. മിഷൻലീഗ് മാർഗ്ഗരേഖ**

ഈ പ്രവർത്തനവർഷത്തെ മാർഗ്ഗരേഖയുടെ പ്രിന്റ് ചെയ്ത കോപ്പികൾ ശാഖകളിലേക്കുള്ളത് മേഖലകളിൽ എത്തിയിട്ടുണ്ട്. മേഖലാ ഭാരവാഹികളിൽ നിന്ന് കോപ്പി കൈപ്പറ്റേണ്ടതാണ്.

**26. അഭിനന്ദനങ്ങൾ**

World Handwriting Competition ആർട്ടിസ്റ്റ്ക് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ ചെമ്പേരി മേഖലയിലെ കുടിയാൻമല ശാഖാംഗമായ ആൻമരിയ ബിജു ചന്ദ്രൻകുന്നേൽ എന്ന കുട്ടിക്ക് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

നവംബർ 21 -ാം തിയതി നമ്മുടെ രാജാവും നേതാവുമായ ക്രിസ്തു രാജന്റെ രാജത്വതിരുനാൾ നാം ആഘോഷിക്കുകയാണല്ലോ, അന്നേ ദിനം ഇപ്പോഴത്തെ സാഹചര്യം മനസ്സിലാക്കിക്കൊണ്ട് വിവിധ പരിപാടികളോ ടുകൂടെ തിരുനാൾ ആഘോഷിക്കുവാൻ ആനിമേറ്റേഴ്സും മതാദ്ധ്യാപകരും കുട്ടികളെ ഒരുക്കുമല്ലോ. എല്ലാ കൊച്ചുകൂട്ടുകാർക്കും രാജത്വത്തിരുനാളിന്റെ മംഗളങ്ങളും...പ്രാർത്ഥനകളും...

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | വി. മിശിഹായുടെ രാജത്വതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധ | : | വി. സിസിലി |
| പ്രാർത്ഥനാനിയോഗം | : | എല്ലാ സഭാ അധികാരികൾക്കും വേണ്ടി |
| സുകൃത ജപം | : | ഈശോയെ രാജാവായി എന്റെ ഹൃദയത്തിൽ എഴുന്നള്ളി വരേണമേ |
| വചനം | : | ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്നു (യോഹ :10-11) |
| *പ്രവൃത്തി* | : | ശുദ്ധീകരാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കാൻ കുട്ടികളെ പഠിപ്പിക്കുക. |
| മനപാഠമാക്കുക | : | ദു:ഖത്തിന്റെ രഹസ്യം പഠിക്കുക. |
| എയ്ഞ്ചൽസ് വോയ്സ് | : | ക്രിസ്തുരാജൻ ഫാൻസിഡ്രസ്സ് മത്സരം (ആൺകുട്ടികൾക്ക് മാത്രം) |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 1 തിങ്കൾ | : | സകല വിശുദ്ധരുടെയും തിരുനാൾ |
| 2 ചൊവ്വ | : | സകല മരിച്ചവരുടെയും തിരുനാൾ |
| 4 വ്യാഴം | : | മതാദ്ധ്യാപകദിനം |
| 7 ഞായർ | : | മതാദ്ധ്യാപകരെ ആദരിക്കൽ |
| 19 വെള്ളി | : | ലോക മാതൃദിനം, എല്ലാ അമ്മമാർക്കും ആശംസകളറിയിക്കുക. |
| 21 ഞായർ | : | രാജത്വത്തിരുനാൾ |

## 2. മതാദ്ധ്യാപക ദിനം

നവംബർ 4-ാം തിയതി മതാദ്ധ്യാപന ദിനമാണല്ലോ. നവംബർ 4-ാം

തിയതി വ്യാഴായ്ചയായതിനാൽ നവംബർ 7-ാം തിയതി ഞായറാഴ്ച എല്ലാ ശാഖകളിലും മതാദ്ധ്യാപകരെ ആദരിക്കുമല്ലോ. അതിരൂപതാതലം ഒറ്റത്തൈ ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

### 4. രാജത്വതിരുനാൾ

നവംബർ 21-ാം തിയതി ഞായറാഴ്ച ക്രിസ്തു രാജന്റെ തിരുനാൾ ആചരിക്കുകയാണല്ലോ. ക്രിസ്തുവാണ് നമ്മുടെ രാജാവും നേതാവും നാം അനുകരിക്കേണ്ട മാതൃകയും എന്ന ബോധ്യം കുട്ടികൾക്ക് ലഭിക്കത്തക്ക വിധം ഇപ്പോഴത്തെ സാഹചര്യം അനുസരിച്ച് വിവിധ പരിപാടികൾ ക്രമീകരിക്കുമല്ലോ. അതിരൂപതാ തലത്തിൽ കുന്നോത്ത് മേഖലയിലെ ചരൾ ശാഖയിൽ വച്ച് രാജത്വതിരുനാൾ ആചരിക്കും.

### 5. മദർതെരേസ ഫാൻസിഡ്രസ്സ് മത്സര വിജയികൾ

| | | |
|---|---|---|
| I^st^ | ആൻതെരേസ വെള്ളാപ്പള്ളി | വെള്ളാട് |
| II^nd^ | ഏയ്ഞ്ചൽ മരിയ ആക്കാട്ട് | ഉമ്മർപൊയിൽ |
| III^rd^ | ആൻതെരേസ തെന്നടിയിൽ | അട്ടേങ്ങാനം |

### 6. ക്രിസ്തുരാജൻ ഫാൻസിഡ്രസ്സ് മത്സരം

മിശിഹായുടെ രാജത്വതിരുനാളിനോടനുബന്ധിച്ച് ആൺകുട്ടികൾക്കായി ക്രിസ്തുരാജൻ ഫാൻസി ഡ്രസ്സ് മത്സരം സംഘടിപ്പിക്കുന്നു. ഫോട്ടോ എടുത്ത് holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേക്ക് അയയ്ക്കുക.. അയക്കേണ്ട അവസാന ദിവസം നവംബർ 25. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. രേഖപ്പെടുത്താതെ അയക്കുന്നത് മത്സരത്തിൽ പരിഗണിക്കുന്നതല്ല. ഒരു ശാഖയിൽ നിന്നും ഒരുകുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
ഡയറക്ടർ

# യുവജനശുശ്രൂഷ

(അല്ലയോ യുവജനങ്ങളെ, നിങ്ങളുടെ ജീവിതം സത്യമായും സഭയിൽ ആഘോഷിക്കപ്പെടേണ്ടതാണ്) (വി.ജോൺ പോൾ പാപ്പ)

പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

ദൈവരാജ്യം സ്നേഹത്തിൽ അധിഷ്ഠിതമാണ്. ഈശോ സ്ഥാപിച്ച ദൈവരാജ്യത്തിന്റെ വക്താക്കളാണ് നാം എന്ന ഓർമ്മ എപ്പോഴും നമ്മിൽ ഉണ്ടായിരിക്കട്ടെ. നമ്മുടെ ഹൃദയങ്ങളിൽ ക്രിസ്തുരാജൻ ജയിക്കാൻ, ക്രിസ്തു രാജ്യം ലോകമെങ്ങും പ്രത്യേകിച്ച്, നാം ജീവിക്കുന്ന ചുറ്റുപാടുകളിൽ വ്യാപിക്കാൻ ആഗ്രഹിച്ച് പരിശ്രമിക്കാം. ഈശോയുടെ തിരുഹൃദയമേ അങ്ങയുടെ രാജ്യം വരണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ഏവർക്കും സമാഗതമാകുന്ന ക്രിസ്തുരാജന്റെ തിരുനാൾ മംഗളങ്ങൾ ഏറ്റവും സ്നേഹത്തോടെ ആശംസിക്കുന്നു.

നവംബർ മാസത്തിൽ ശുദ്ധീകരണ ആത്മാക്കളെയും മരണമടഞ്ഞ സകലരെയും നമ്മുടെ പ്രാർത്ഥനയിൽ പ്രത്യേകം അനുസ്മരിക്കുകയും സിമിത്തേരി സന്ദർശിച്ചു പ്രാർത്ഥിക്കുകയും ചെയ്യാം.

## ഫൊറോന സന്ദർശനം

**നവംബർ മാസം മുതൽ രൂപതാ സമിതി ഫൊറോന സന്ദർശനങ്ങൾ ആരംഭിക്കുകയും അതിന് ശേഷം യൂണിറ്റ് സന്ദർശനങ്ങൾ നടത്തുകയും ചെയ്യും.**

## 2020-2021 സമിതിക്ക് നന്ദിയോടെ...

2020-21 പ്രവത്തനവർഷത്തെ തലശ്ശേരി അതിരൂപത കെസിവൈഎം, എസ്എംവൈഎം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ശ്രി. വിപിൻ മാറുകാട്ടുകുന്നേലിന്റെ സമിതിക്ക് അഭിനന്ദനങ്ങളും നന്ദിയും. ശബ്ദമില്ലാത്തവന്റെ ശബ്ദമാവുക (എക്കോ) എന്ന മുദ്രാവാക്യവുമായി ധീരമായി മുന്നേറിയ സമിതിക്ക് വിജയകരമായി പുർത്തിയാക്കാൻ സാധിച്ചു. ഒരുവർഷക്കാലം അഭിമാനത്തിന്റെയും, ആത്മാർപ്പണത്തിന്റെയും മുന്നേറ്റത്തിന്റെയും കാലമായിരുന്നു. എല്ലായിപ്പോഴും ഒരുമയോടെ കൂട്ടായ്മയോടെ സഹകരണത്തോടെ മുന്നേറിയതാണ് സമിതിയുടെ വിജയം. ഫൊറോനയിലെ എല്ലാ യൂണിറ്റുകളെയും ചേർത്ത്നിർത്തി സമിതി പൂർത്തിയാക്കിയ പ്രവർത്തനങ്ങൾ - നില്പ്പ് സമരം, അഭിപ്രായപ്പെട്ടു, 2020 - 21 വർഷത്തെ പ്രവർത്തന ലോഗോ ഡിസൈനിംങ്ങ് മത്സരം, ലോഗോ പ്രകാശനം, ടൗൺ കരോൾ,

ഫൊറോന സന്ദർശനം-പതാക 2k21, JAM (Jesus and me ) പന്തം കൊളുത്തി പ്രതിഷേധം, സംവരണകാര്യത്തിലെ ചിലരുടെ നിലപാട് ഇരട്ടത്താപ്പ്, വിമൻ വിങ്ങ് ഉദ്ഘാടനം, കർഷക സമരം-രക്തസാക്ഷികളായ കർഷകർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു, WAY TO BETHLAHEM (ക്രിസ്തുമസ്സ് ഒരുക്ക ചിന്തകൾ) മോൺ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ അവാർഡ് ഫാ. ബെന്നി നിരപ്പേലിന്, അതിഥി തൊഴിലാളികൾക്കൊപ്പം, പത്രമാധ്യമങ്ങളിലൂടെ പ്രതിഷേധം, പ്രീ-മെട്രിക് സ്കോളർഷിപ്പ് അപേക്ഷ : ആശങ്ക പരിഹരിക്കണമെന്ന് കെസിവൈഎം, കോവിഡ് വോളണ്ടിയേഴ്സിന് ആദരം, BUD (Bold your Dreams ) അർദ്ധവാർഷിക സെനറ്റ്, പെട്രോൾ പാചക വാതക വില വർദ്ധനവിനെതിരെ പ്രതിഷേധം. അന്താരാഷ്ട്ര വനിതാദിനം, പ്രകൃതി സഹവാസ ക്യാമ്പ്, കാൽവരി യാത്ര, പെനുവേൽ 2k21, Google pay ചലഞ്ച്, ആമ്മേൻ അമ്മയോടൊപ്പം ഇത്തിരിനേരം, നേഴ്സസ്സ് ഡേ ആചരണം, കോവിഡ് ടാസ്ക്ക് ഫോഴ്സ്, (Help line) കൈത്താങ്ങ് (അഗതിമന്ദിരങ്ങൾക്കൊരു സഹായം) ഫാ. സ്റ്റാൻ സ്വാമിയെ മോചിപ്പിക്കുന്നതിനായി മെയിൽ ക്യാമ്പെയിൻ സംഘടിപ്പിച്ചു. പരിസ്ഥിതി ദിനം, പ്രതിഷേധ ജ്വാല (Bring Back) പെട്രോൾ വിലവർദ്ധനവിനെതിരെ പ്രതിഷേധം, റിലേ ഉപവാസ സമരം, സ്വപ്നവീട് -100 Rupees challange, അഗതി ദിനാചരണം (കാരുണ്യസ്പർശം) PSC കോച്ചിംങ്ങ് ഉദ്ഘാടനം, പ്രതിഷേധം-ആവിഷ്കാര സ്വാതന്ത്ര്യം മതവിഭാഗങ്ങളുടെ വിശ്വാസത്തെ വ്രണപ്പെടുത്താനല്ല. സമർപ്പിത ദിനാചരണം, ഇടയനോടൊപ്പം, വന്യജീവി വിഷയത്തിനെതിരെ അഭിപ്രായ സർവ്വേ, കാപ്പികുടി സമരം തുടങ്ങിയവും, പലതരത്തിലുള്ള പ്രതിഷേധ പ്രകടനങ്ങളും, ആനുകാലിക പ്രശ്നങ്ങളിലുള്ള ഇടപെടലുകളും എല്ലാം നന്ദിയോടെ ഓർക്കുന്നു. ശ്രി. വിപിൻ മാറുകാട്ടുകുന്നേലിന്റെ നേതൃത്വത്തിലുള്ള സമിതി - ജനറൽ സെക്രട്ടറി അമൽ കെ ജോയി, വൈസ്പ്രസിഡന്റ് നീന ബേബി, ഡെപ്യൂട്ടി പ്രസിഡന്റ് ടോണി ജോസഫ്, സെക്രട്ടറി സനീഷ് പാറയിൽ, ജോയിൻ സെക്രട്ടറി ഐശ്വര്യ കെ, ട്രഷറർ ജിൻസ് മാമ്പുഴക്കൽ, സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ എബിൻ കുര്യാക്കോസ്, ചിഞ്ചു വട്ടപ്പാറ എന്നിവരുടെ അകമഴിഞ്ഞ സഹകരണവും പ്രവർത്തനങ്ങളുമാണ് ഈ പ്രവർത്തന വിജയങ്ങൾക്ക് നിദാനമായത്. വിപിന്റെ നേതൃത്വത്തിലുള്ള അതിരൂപതാ സമിതിക്ക് എല്ലാ യുവജനങ്ങളുടെയും ആത്മാർത്ഥമായ നന്ദിയും വിജയാശംസകളും നേരുന്നു.

## എക്സ്പ്ലോറ 2k21

2021-2022 പ്രവർത്തന വർഷത്തിലേക്കുള്ള അതിരൂപത ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2021 ഒക്ടോബർ 3 ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംങ്ങ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. ചെമ്പേരി ഫൊറോന വികാരി ഡോ. ജോർജ് കാഞ്ഞിരക്കാട്ട് ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് വിപിൻ മാറുകാട്ടുകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, ഫാ. ജോബി ചെരുവിൽ, അൽമായ

ആനിമേറ്റർ ജോമോൻ കരിനാട്ട് എന്നിവർ നേതൃത്വം നൽകി. കെസി വൈഎം ഫൊറോന ഡയറക്ടർ ജോമിഷ് അച്ചനും ഫൊറോനകളിൽ നിന്ന് എത്തിച്ചേർന്ന ആനിമേറ്റേഴ്സിനും, സെനറ്റ് അംഗങ്ങൾക്കും എക്സ്പ്ലോറ ക്കായി സ്ഥലസൗകര്യങ്ങൾ ഒരുക്കിതന്ന ചെമ്പേരി വിമൽ ജ്യോതി എഞ്ചി നീയറിംങ്ങ് കോളേജിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുന്ന എല്ലാ വൈദിക ർക്കും തലശ്ശേരി അതിരുപതയുടെ നന്ദി അറിയിക്കുന്നു.

**2021 – 22 പ്രവർത്തന വർഷത്തിലെ അതിരൂപത ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. ജോയൽ ജോസഫ് തൊട്ടിയിൽ-പൈസക്കരി |
| ജനറൽ സെക്രട്ടറി | : | ശ്രീ. അഖിൽ ചാലിൽ പുത്തൻപുരയിൽ-നെല്ലിക്കാംപൊയിൽ |
| വൈസ് പ്രസിഡന്റ് | : | കുമാരി സരിഗ കൊന്നക്കൽ-ചെമ്പന്തൊട്ടി |
| ഡെപ്യൂട്ടി പ്രസിഡന്റ് | : | ശ്രീ. ജിബിൻ ജോസഫ്-പുലിക്കുരുമ്പ, ചെമ്പേരി |
| സെക്രട്ടറി | : | ശ്രീ. സോജോ തോമസ്-കടുമേനി, തോമാപുരം |
| ജോ. സെക്രട്ടറി | : | കുമാരി അമയ തോമസ്-കൊളക്കാട്, പേരാവൂർ |
| ട്രഷറർ | : | ശ്രീ. ടോമിൻ തോമസ് പോൾ കിളിയന്തറ, കുന്നോത്ത് |
| കൗൺസിലർ | : | ശ്രീ. നിതിൻ ചൂരനോലിൽ - താബോർ, ചെറുപുഴ |
| കൗൺസിലർ | : | കുമാരി അൽന തറയിൽ - എടൂർ |
| സംസ്ഥാന സിൻഡിക്കേറ്റ് | : | ശ്രീ. ഷിജോ നിലക്കപ്പള്ളി - ഉദയഗിരി, ആലക്കോട് |
| | : | കുമാരി നീന പറപ്പള്ളി - പയ്യാവൂർ, പൈസക്കരി |
| വനിത സിൻഡിക്കേറ്റ് | : | കുമാരി ക്രിസ്റ്റീന ഞാറ്റുതൊട്ടിയിൽ-ചെറുപാറ, മേരിഗിരി |
| | : | കുമാരി ടെറീന സണ്ണി - തളിപ്പറമ്പ് |
| ഓഡിറ്റേഴ്സ് | : | ശ്രീ. അഖിൽ എടത്താഴെ - ഓടംതോട്, പേരാവൂർ |
| | : | കുമാരി ട്രീസ പുതുപറമ്പിൽ - പാടിച്ചാൽ, ചെറുപുഴ |

പുതിയ നേതൃനിരക്ക് എല്ലാ വിജയാശംസകളും, പ്രാർത്ഥനകളും നേരുന്നു.

## പ്ലസ് വൺ പ്രവേശനം : വിദ്യാർത്ഥികളുടെ ആശങ്കകൾക്ക് അടിയന്തിര പരിഹാരം വേണം

പ്ലസ് വൺ അലോട്ട്മെന്റുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ ആശങ്ക കൾക്ക് അടിയന്തിര പരിഹാരം കണ്ടെത്തണമെന്ന് തലശ്ശേരി അതിരൂപത കെസിവൈഎം സിൻഡിക്കേയ്റ്റ് യോഗം ആവശ്യപ്പെട്ടു. രണ്ടാം അലോട്ട്മെന്റ് കഴിയുമ്പോഴും രണ്ട് ലക്ഷത്തിനടുത്ത് വിദ്യാർത്ഥികൾ ഇനിയും അലോ ട്ട്മെന്റ് കിട്ടാതെ പുറത്തു നിൽക്കുന്ന സാഹചര്യം തീർത്തും അപലപനീയ മാണെന്ന് അതിരൂപത ഡയറക്ടർ അറിയിച്ചു.

## പ്രതിഷേധം

ഇന്ത്യയെന്ന കാർഷിക രാജ്യത്ത് ജീവിക്കാനാവാത്തവിധം കാർഷിക മേഖലയെ തകിടം മറിച്ച് കോർപറേറ്റ് ഭീമൻമാരെ പ്രീണിപ്പിക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങളെ അപലപിക്കുന്നു. കർകസമരത്തിന് നേരെ വാഹനം ഓടിച്ച് കയറ്റി നാല് കർഷകരുടെ ജീവനെടുത്ത കേന്ദ്ര ആഭ്യന്തര സഹമ ന്ത്രിയുടെ മകന്റെ നിഷ്ടൂരമായ പ്രവർത്തിക്കെതിരെ തലശ്ശേരി അതിരൂപ തയിലെ യുവജനങ്ങൾ പ്രതിഷേധം അറിയിച്ചു.

**പേരാവൂർ ഫൊറോന:** ഫൊറോന സമിതി യൂണിറ്റുകളിൽ സന്ദർശനം നടത്തുന്നു. ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ സ്കൂളുകളും പരിസരവും വൃത്തിയാക്കി.

**പനത്തടി ഫൊറോന:** കല്ലറങ്ങാട്ട് പിതാവിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

## അന്തർ സംസ്ഥാന പാത ഉപരോധിച്ചു

വന്യമൃഗത്തിന്റെ ആക്രമണം മൂലം മരിച്ച ജെസ്റ്റിന് ആദരാഞ്ജലികൾ അർപ്പിച്ചു. ജനവാസ കേന്ദ്രങ്ങളിലേക്ക് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനാസ്ഥമൂലം വന്യമൃഗങ്ങൾ ഇറങ്ങി പലരുടെയും മരണത്തിന് കാരണമാകുന്നതിനെതിരെ കാഞ്ഞങ്ങാട്, പാണത്തൂർ, സുള്ള്യ അന്തർസംസ്ഥാന പാത ഉപരോധിച്ചു.

**പ്രതിഷേധം –** കർഷക സമരത്തിലേക്ക് വാഹനം ഇടിച്ചു കയറ്റിയതിനെതിരെ പ്രതിഷേധിച്ചു.

**ആദരാഞ്ജലികൾ അർപ്പിച്ചു–** ജമ്മു കാശ്മീരിൽ വീരമൃത്യു വരിച്ച സൈനീകർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

**കാഞ്ഞങ്ങാട് ഫൊറോന**യിൽ അന്താരാഷ്ട്ര ആംഗ്യ ഭാഷ ദിനത്തോടും ബധിരമൂക വാരത്തോടും അനുബന്ധിച്ച് **എഫാത്ത 2k21**പരിപാടി ഫൊറോന വികാരി റവ. ഫാ. മാത്യു ഇളംതുരുത്തിപടവിൽ ഉദ്ഘാടനം ചെയ്തു. നിശബ്ദതയുടെ ഏകാന്തതയിൽ തളക്കപ്പെട്ടവരുടെ ലോകത്ത് ആത്മീയ വെളിച്ചം പകരുന്ന ADAMS Ministry Director പ്രിയേഷ് കളരിമുറിയിൽ അച്ചനെ മെമന്റോ നൽകി ആദരിച്ചു. ചായോം യൂണിറ്റ് ഡയറക്ടർ ഫാ. ലൂയി മരിയ ദാസ് പൊന്നാട അണിയിച്ച് ആദരിച്ചു. ജ്യോതി ഭവൻ ബധിര വിദ്യാലയത്തിലെ കുട്ടികൾ കരകൗശല വസ്തുക്കൾ നിർമ്മിക്കുകയും എക്സിബിഷൻ സോണിൽ പ്രദർശിപ്പിക്കുകയും ചെയ്തു. കാലിച്ചാനടുക്കം, ചായോം, ജ്യോതി ഭവൻ സ്പെഷ്യൽ സ്കുൾ എന്നിവിടങ്ങളിലെ കുട്ടികളുടെ നൃത്ത ചുവടുകൾ എല്ലാവരെയും അത്ഭുതപ്പെടുത്തി. 50 ഓളം പേർക്ക് സ്നേഹ വിരുന്ന് നൽകിയും ഈ ദിനം മനോഹരമാക്കി.

**സ്നേഹോപഹാരം –** കാഞ്ഞങ്ങാട് ഫൊറോന സെക്രട്ടറിയും കണ്ണൂർ സർവ്വകലാശാല പോൾവാട്ട് മത്സരത്തിൽ വെള്ളി മെഡൽ ജേതാവുമായ മാർട്ടിൻ, ദേശീയ വടംവലി മത്സരത്തിൽ സ്വർണ്ണ മെഡൽ നേടിയ ചീമേനി ഇടവകാഗം ജെറിൻ എന്നിവരെ സ്നേഹോപഹാരം നൽകി ആദരിച്ചു.

**SALT –** എന്ന പേരിൽ ആരംഭിച്ച വനിതാ വിങ്ങ് കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ശ്രീ. സിജോ അമ്പാട്ട് സെമിനാർ നയിച്ചു.

**പൈസക്കരി ഫൊറോന:** മരിയൻ തീർത്ഥാടന കേന്ദ്രമായ പൈസക്കരിയിൽ വച്ച് നടത്തിയ അമ്മയോടൊപ്പം എന്ന ജപമാല പ്രാർത്ഥനയിൽ പൈസക്കരി യൂണിറ്റിന്റെ നേതൃത്വത്തിൽ കൊന്ത ചൊല്ലി പ്രാർത്ഥിക്കുകയും അത് ഗുഡ്നെസ് ചാനലിൽ സംപ്രേഷണം ചെയ്യുകയും ചെയ്തു. ഫൊറോന ഭാരവാഹികളും ജപമാലയിൽ പങ്കുചേർന്നു.

**ആദരം:** 2021-22 വർഷത്തെ കെസിവൈഎം രൂപതാപ്രസിഡൻ്റായി തിരഞ്ഞെടുക്കപ്പെട്ട ജോയൽ ജോസഫ് തൊട്ടിയിൽ, സംസ്ഥാന സിൻഡിക്കേറ്റ് അംഗമായി തിരഞ്ഞെടുക്കപ്പെട്ട നീന ബേബി പറപ്പള്ളി എന്നിവരെ ആദരിച്ചു. മീറ്റിംങ്ങിൽ വച്ച് ഈ വർഷത്തെ പ്രവർത്തനങ്ങളെ കുറിച്ച് ആലോചന നടത്തി.

**ചെമ്പേരി ഫൊറോന** അമ്മയോടൊപ്പം കൊന്ത നമസ്കാരം ഫൊറോനയിലെ എല്ലാ യൂണിറ്റുകളിലൂടേയും നടത്തി വരുന്നു.

## അനുമോദനവും യാത്രയയപ്പ് സമ്മേളനവും

വിവിധ മേഖലകളിൽ മികവ് തെളിയിച്ച യുവജനങ്ങൾക്ക് ആദരവ് നൽകുകയും പതിനഞ്ച് വർഷക്കാലം കെസിവൈഎം സംഘടനയിൽ സജീവമായി പ്രവർത്തിച്ച ശ്രീ. സിജോ കണ്ണേഴത്തിനും, 2020-21 വർഷത്തെ ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾക്കും യാത്രയയപ്പ് നൽകി. രൂപതയുടെ നിയുക്ത പ്രസിഡൻ്റ് ജോയൽ തൊട്ടിയിലിനെ ആദരിച്ചു.

**എടൂർ ഫൊറോന**യുടെ നേതൃത്വത്തിൽ **MAHN** (Make a Healthy Nation) എന്ന പേരിൽ ഗാന്ധി ജയന്തിയോടനുബന്ധിച്ച് ഫൊറോനയിലെ വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ ടൗണുകൾ വൃത്തിയാക്കി.

**ഹൃദയ്സേ :** വയോജന ദിനത്തോടനുബന്ധിച്ചും, ജപമാല മാസത്തോടനുബന്ധിച്ചും ഒക്ടോബർ 1 മുതൽ 31 വരെ എല്ലാ യൂണിറ്റുകളിൽ നിന്നും സാധനങ്ങൾ സമാഹരിച്ച് അഗതിമന്ദിരങ്ങളിൽ എത്തിച്ച് നൽകാൻ തീരുമാനിച്ചു.

**നിവേദനം നൽകി :** കീഴ്പ്പള്ളി ബസ്റ്റാൻഡ് പ്രവർത്തന സജ്ജമാക്കുകയും അതുവഴി കീഴ്പ്പള്ളി ടൗണിലെ ഗതാഗത കുരുക്ക് പരിഹരിക്കുകയും ചെയ്യുക എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ഫൊറോന സമിതിയുടെ നേതൃത്വത്തിൽ ആറളം പഞ്ചായത്ത് പ്രസിഡൻ്റ് കെ.വി. രാജേഷിന് നിവേദനം നൽകി.

**അനുശോചനവും പ്രതിഷേധ സദസ്സും :** കാട്ടാനയുടെ ആക്രമണത്തിൽ ജീവൻ നഷ്ടമായ ജസ്റ്റിന് ആദരാഞ്ജലികൾ അർപ്പിച്ചും, ഭരണകൂട അനാസ്ഥയ്ക്കെതിരെ ശക്തമായ പ്രതിഷേധവുമായി ഫൊറോന യുവജന കൂട്ടായ്മ സംഘടിപ്പിച്ചു.

## ഐക്യദാർഢ്യം പ്രകടിപ്പിച്ചു

എകെസിസിയുടെ ഏകദിന ഉപവാസ സമരത്തിന് ഐക്യദാർഢ്യം അറിയിച്ചുകൊണ്ട് ജാഥ നയിക്കുകയും ഫൊറോന പ്രസിഡൻ്റ് ഉപവാസമനുഷ്ടിക്കുകയും ചെയ്തു. ഫൊറോനയുടെ നേതൃത്വത്തിൽ സ്വപ്ന വീടിൻ്റെ നിർമ്മാണത്തിനായി സമാഹരിച്ച തുക കൈമാറി.

**തളിപ്പറമ്പ് ഫൊറോന**യുടെ നേതൃത്വത്തിൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് പട്ടുവം അഗതി മന്ദിരം സന്ദർശിക്കുകയും അവിടുത്തെ പരിസരം വൃത്തിയാക്കുകയും ചെയ്തു.

**ഐക്യദാർഢ്യ റാലി നടത്തി** - സത്യം തുറന്ന് പറഞ്ഞതിന്റെ പേരിൽ പാലാ ബിഷപ്പിനെ വളഞ്ഞിട്ട് ആക്രമിക്കാൻ അനുവദിക്കില്ലെന്ന് കെസി വൈഎം ഫൊറോന ഡയറക്ടർ ഫാ. വിപിൻ വലിയ നിരപ്പേൽ. പാലാ ബിഷപ്പിന്റെ പ്രസംഗത്തെ പിന്തുണച്ച് ഫൊറോനയുടെ നേതൃത്വത്തിൽ തളിപ്പറമ്പ് ടൗണിൽ ഐക്യദാർഢ്യ റാലി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയയിരുന്നു അദ്ദേഹം

**ഗൂഗിൾ ഫോം തയ്യാറാക്കി :** ഫൊറോനയിലെ എല്ലാ യുവജനങ്ങളുടെയും വിവരം ശേഖരിക്കാനായി ഫോം തയ്യാറാക്കുകയും പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി അഭിപ്രായം അറിയിക്കാൻ അഭിപ്രായപ്പെട്ടി തയ്യാറാക്കുകയും ചെയ്തു.

**ചെമ്പന്തൊട്ടി ഫൊറോന**

**വയോധിക ദിനം** ആചരിച്ചു - വൃദ്ധജനങ്ങളുടെ ആശങ്കകളും പ്രശ്നങ്ങളും അകറ്റുന്നതിനായി സമൂഹത്തിൽ അവബോധമുണ്ടാക്കാൻ വയോധിക ദിനം ആചരിക്കുന്നു. പ്രതിസന്ധികളുടെ കാലത്തിലും ദൈവാനുഭത്തിലേക്ക് ഇവരെ നയിക്കാൻ ഫൊറോനയുടെ നേതൃത്വത്തിൽ വി. കുർബാന യുട്യൂബിലൂടെ പ്രദർശിപ്പിക്കുകയും യുവജനങ്ങൾ ഇവർക്കൊപ്പമുണ്ട് എന്ന ചിന്ത നൽകുകയും ചെയ്തു.

**ഗാന്ധിജയന്തി** ദിനം സേവനദിനമായി ഫൊറോനയുടെ നേതൃത്വത്തിൽ ആചരിച്ചു.

**SOULMATE** (Lasting or existing forever) ബന്ധങ്ങൾ ബന്ധനങ്ങളാകാതെ ആത്മാർത്ഥമായി വിശ്വാസത്തോടെ സൗഹൃദങ്ങളെ പ്രണയിക്കാൻ ബന്ധങ്ങളെ കുറിച്ച് മനസ്സിലാക്കാൻ ഫാ. ആന്റണി അമ്പാട്ട് സൂം പ്ലാറ്റ് ഫോമിലൂടെ ക്ലാസ് നയിച്ചു.

**ലോക വിദ്യാർത്ഥി ദിനം** ആചരിച്ചു - ഫൊറോനയിലെ യുവജനങ്ങൾ ചെമ്പന്തൊട്ടി ദിവ്യകാരുണ്യ ഗുരുകുലം സന്ദർശിക്കുകയും കുട്ടികൾക്ക് പഠനോപകരണങ്ങളും, മധുരവും നൽകുകയും കുട്ടികളുടെ കലാപരിപാടികളിൽ പങ്കെടുക്കുകയും ചെയ്തു.

**Pregnancy and Infants Loss Remembrance Day -** പ്രസവ കാലത്തും ജനനശേഷവും മരണമടഞ്ഞ കുഞ്ഞുങ്ങളെ ഓർക്കുന്നതിനും പ്രിയപ്പെട്ടവരുടെ ദുഖത്തിൽ പങ്ക് ചേർന്നുകൊണ്ടും ഫൊറോനയിലെ യുവജനങ്ങൾ പ്രാർത്ഥിക്കുകയും ആകാശത്തിലേക്ക് ദീപം ഉയർത്തി അവരുടെ ഓർമ്മ ആചരിക്കുകയും ചെയ്തു.

**തോമാപുരം ഫെറോന** - മികച്ച പച്ചക്കറി കൃഷിക്ക് സംസ്ഥാന തലത്തിൽ അംഗികാരം ലഭിച്ച ഈസ്റ്റ് എളേരി സർവ്വീസ് സഹകരണ ബാങ്ക് ജീവനക്കാരെ ഫൊറോനയുടെ നേതൃത്വത്തിൽ ആദരിച്ചു.

**അനുമോദിച്ചു –** CA പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ ടിബിൻ ആന്റണിയെ ഫൊറോനയുടെ നേതൃത്വത്തിൽ അനുമോദിച്ചു.

**അമ്മക്കൊപ്പം –** ജപമാല മാസത്തിൽ ഓരോ യൂണിറ്റിലും ജപമാല പ്രാർത്ഥന നടത്തുന്നു. ഗൂഗിൾ മീറ്റിലൂടെ ഫൊറോനയിലെ എല്ലാ യൂണിറ്റുകളും ഈ പ്രാർത്ഥനയിൽ പങ്ക് ചേർന്ന് ലോക സമാധാനത്തിനും കൊറോണയിൽനിന്നുള്ള മോചനത്തിനുമായി പ്രാർത്ഥിക്കുന്നു.

**കർഷക കുരുതി – പ്രതിഷേധ ജ്വാല :** കർഷക സമരത്തിനിടയിലേക്ക് വാഹനമോടിച്ചു കയറ്റി കർഷകരെ നരനായാട്ട് നടത്തിയതിൽ പ്രതിഷേധിച്ച് ഫൊറോനയുടെ നേതൃത്വത്തിൽ തയ്യേനി യൂണിറ്റിൽ വച്ച് പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു.

**ആയിരം ദീപം തെളിക്കൽ –** കാശ്മീരിലെ പൂഞ്ച് ജില്ലയിൽ ഭീകരരുമായുള്ള ഏറ്റു മുട്ടലിൽ വീരമൃത്യു വരിച്ച സൈനീകർക്ക് പ്രണാമം അർപ്പിച്ചു.

**വെള്ളരിക്കുണ്ട് ഫൊറോന –** ജപമാല ചൊല്ലി ഫൊറോന സമിതി പരി.അമ്മയോടൊപ്പം പ്രാർത്ഥിച്ചു.

**ആലക്കോട് ഫൊറോന**യുടെ നേതൃത്വത്തിൽ നിർമ്മല യുപി സ്കൂളും പരിസരവും വൃത്തിയാക്കി.

**സ്വപ്ന വീട്** – നിർമ്മാണത്തിനായുള്ള പെയിന്റിങ്ങ് സാധനങ്ങൾ ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ എത്തിച്ച് കൊടുത്തു.

**വായാട്ടുപറമ്പ് ഫൊറോന –** ആശാൻ കവലയിലെ തിരുരക്താശ്രമത്തിൽ പുതിയതായി പണിയുന്ന കെട്ടിട നിർമ്മാണത്തിൽ ഫൊറോനയിലെ യുവജനങ്ങൾ സഹായമായി ഒരുദിനം അവരൊടൊപ്പം ചെലവഴിച്ചു.

**നെല്ലിക്കാംപൊയിൽ ഫൊറോന – PURGE 2k21** എന്ന പേരിൽ ഗാന്ധി ജയന്തി ദിനത്തിൽ ക്ലീനിംങ്ങ് ക്യാമ്പെയിൻ തുടക്കം കുറിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ മാട്ടറ കാരിസ് യുപി സ്കൂൾ, കാഞ്ഞിരക്കൊല്ലി യുപി സ്കൂൾ ഈ വിദ്യാലയങ്ങളും പരിസരവും വൃത്തിയാക്കി.

**CUM DILECTIONE : WE THANK YOU - 2020-21** വർഷക്കാലം ഫൊറോനയെ നയിച്ച ഭരണ സമിതിക്ക് സ്നേഹാദരങ്ങൾ നൽകി.

**മേരിഗിരി ഫൊറോന – IGNITE 2k21** എന്ന പേരിൽ 2020–21 പ്രവർത്തന വർഷത്തിൽ ഫൊറോനയെ മുന്നിൽ നിന്ന് നയിച്ച സമിതി അംഗങ്ങൾക്ക് ആദരവും പുതിയ ഭാരവാഹികൾക്ക് സ്വാഗതവും നൽകി. യുവജനങ്ങളുടെ ആത്മീയ ഉണർവ്വിനാവശ്യമായ ദിവ്യകാരുണ്യ ആരാധന, ജപമാല, കുമ്പസാരം എന്നിവയും റവ. ഡോ. ടോം ഓലിക്കരോട്ട് നയിച്ച ക്ലാസ്സും ഉണ്ടായിരുന്നു.

സ്നേഹപൂർവ്വം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## I) 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

892 എം.പി.സി ഓൺലൈൻ കോഴ്സ് ഒക്ടോബർ 8-9 തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 231 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അഭിവന്ദ്യപിതാക്കന്മാർ അവർക്കായി സന്ദേശം നൽകി സംസാരിച്ചു. അവസാനദിവസം മാതാപിതാക്കൾക്കായുള്ള ക്ലാസും നടന്നു.

| **2. Online MPC Live Classes** | |
|---|---|
| **MPC 2021** | |
| November | 12 - 13 (Friday, Saturday) |
| December | 17 -18 (Friday, Saturday) |

1. **Time Schedule :**
   **എം.പി.സി ഓൺലൈൻ ഒന്നാം ദിവസം : 08.00 am – 07.30 pm**
   **രണ്ടാം ദിവസം : 08.00 am – 06.00 pm**
2. ഓൺലൈൻ എം.പി.സി രജിസ്ട്രേഷൻ നടത്തുന്നതിനായി www.familytly.com എന്ന വെബ്സൈറ്റ് തുറന്ന് Date തിരഞ്ഞെടുത്ത് അപേക്ഷാഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക.
3. വികാരിയച്ചന്മാരുടെ കത്ത്, രജിസ്ട്രേഷൻ ഫീസ് റസിപ്റ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ, എന്നിവ അപേക്ഷാഫോമിനോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
4. രജിസ്ട്രേഷൻ ഫീസ് Rs/600 അടക്കാനുള്ള Bank Details
   A/c No : 0078053000073775,
   Name : Director, Family Apostolate,
   IFSC Code : SIBL0000078,
   South Indian Bank, Thalassery Branch
5. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവർ കാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ കോഴ്സ് ആരംഭിക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Ph: 0490 2966974, 9400206974
6. സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി അയച്ചുകൊടുക്കുന്നതാണ്. ആവശ്യമുള്ളവർക്ക് ഓഫീസിൽ നേരിട്ട് വന്ന് സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.

7. ഇടവകാ ഗ്രൂപ്പുകളിൽ ഓൺലൈൻ എം.പി.സി രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

8. **ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് രണ്ട് ദിവസം മുമ്പ് രജിസ്ട്രേഷൻ ക്ലോസ് ആകുന്നതാണ്.**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :- www.anugrahamarry.com

സീറോമലബാർ സഭയുടെ എല്ലാ രൂപതകളുടെയും മാര്യേജ് ബ്യൂറോകളുടെ ലിങ്ക് ലഭിക്കുന്നു. പണമടച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും, ഫോട്ടോയും ദീപിക പത്രത്തിൽ സൗജന്യമായി പരസ്യം നൽകുന്നു.

**Packages :**
**Free - 15 Days**
**Till You Marry - 9999 (1 Year)**
**Diamond Package - 4999(1 Year)**
**Golden Package - 3999(1 Year)**
**Silver Package - 2999(6 monts)**

## III. മാതൃവേദി

1. **തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാം.

2. **യൂണിറ്റ്തല പ്രവർത്തനം** - ഈ മാസത്തെ യൂണിറ്റുതല പ്രവർത്തനം – നവോമി സംഗമം. മക്കളില്ലാത്ത ദമ്പതികളുടെ ലിസ്റ്റ് മേഖലയിൽ എത്തിക്കുക.

3. **ഈ മാസത്തെ ജപാല യജ്ഞം മേഖലകൾ** - പൈസക്കരി, പേരാവൂർ, നെല്ലിക്കാംപൊയിൽ

4. **നവംബർ മാസത്തിൽ Onlife Media യൂട്യൂബ് ചാനലിലേക്ക് പരിപാടികൾ നടത്താനുള്ള മേഖല -** ചെറുപുഴ

### 5. അതിരൂപതാതല മേഖലാ എക്സിക്യൂട്ടീവ് മീറ്റിംഗ്

ഒക്ടോബർ 9-ാം തീയ്യതി അതിരൂപതാ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽഅതിരൂപതാതല മേഖലാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. അതിരൂപതാ ആനിമേറ്റർ സി.പൗളിൻ സി.എച്ച്.എഫ് സ്വാഗതമാശംസിച്ച മീറ്റിംഗിൽ അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും മേഖലാ പ്രസിഡണ്ടുമാരും പങ്കെടുത്തു. സെനറ്റ് മെമ്പർ ശ്രീമതി ലാലിമ്മ പറമ്പിൽ നന്ദി അർപ്പിച്ചു.

### 6. അതിരൂപതാ മാതൃവേദി മികച്ച മേഖല - യൂണിറ്റുകൾ

തലശ്ശേരി അതിരൂപതാ മാതൃവേദി 2021 വർഷത്തെ മികച്ച മേഖല - യൂണിറ്റുകളെ വിലയിരുത്തി വിജയികളെ പ്രഖ്യാപിച്ചു.

**മികച്ച മേഖല**

1) ഒന്നാം സ്ഥാനം : ചെമ്പേരി, 2) രണ്ടാം സ്ഥാനം : ആലക്കോട്

3) മൂന്നാം സ്ഥാനം : പേരാവൂർ

**മികച്ച യൂണിറ്റ്**

1) ഒന്നാം സ്ഥാനം : കരുവഞ്ചാൽ 2) രണ്ടാം സ്ഥാനം : പെരുമ്പടവ്

3) മൂന്നാം സ്ഥാനം : കുടിയാന്മല, കോളയാട്

**A ഗ്രേഡ് നേടിയ മേഖലകൾ**

1) വെള്ളരിക്കുണ്ട്
2) എടൂർ
3) കുന്നോത്ത്
4) നെല്ലിക്കാംപൊയിൽ
5) മേരിഗിരി
6) വായാട്ടുപറമ്പ്
7) കാഞ്ഞങ്ങാട്

**A പ്ലസ് നേടിയ യൂണിറ്റുകൾ**

1) ആലക്കോട്
2) കോലുവള്ളി
3) പുല്ലടി
4) പൈസക്കരി
5) പറമ്പ
6) എടൂർ
7) പെരിങ്കരി
8) കച്ചേരിക്കടവ്
9) കമ്പല്ലൂർ
10) കല്ലുവയൽ
11) നീലേശ്വരം
12) വായാട്ടുപറമ്പ്
13) പൂളക്കുറ്റി
14) പുലിക്കുരുമ്പ
15) വിമലശ്ശേരി

**A ഗ്രേഡ് നേടിയ യൂണിറ്റുകൾ**

1) ചീക്കാട്
2) വിജയഗിരി
3) പുളിങ്ങോം
4) ജോസ്ഗിരി
5) മേലേച്ചൊവ്വ
6) ചെമ്പന്തൊട്ടി
7) പനത്തടി
8) മാനടുക്കം
9) വെമ്പുവ
10) പാടാംകവല
11) ആടാംപാറ
12) അട്ടേങ്ങാനം
13) മാലോം
16) ആനപ്പന്തി
17) കുന്നോത്ത്
18) കിളിയന്തറ
19) മണ്ഡപം
20) കടുമേനി
21) കാഞ്ഞിരക്കൊല്ലി
22) മുണ്ടാനൂർ
23) വെള്ളരിയാനം
24) ചെമ്പേരി
25) നിർമ്മലഗിരി
26) വെള്ളരിക്കുണ്ട്
27) കാസർഗോഡ്
28) എണ്ണപ്പാറ
31) മഠപ്പുറച്ചാൽ
32) മഞ്ഞളാംപുറം
33) ഉളിക്കൽ
34) നെല്ലിക്കാംപൊയിൽ
35) ചെറുപാറ
36) അടോട്ടുകയ
37) കരുണാപുരം
38) പാത്തൻപാറ

14) കരിക്കോട്ടക്കരി 29) അങ്ങാടിക്കടവ്
15) കീഴ്പ്പള്ളി 30) പടന്നക്കാട്

സമ്മാനർഹരായ എല്ലാവർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

## 7. മാതൃവേദി പ്രവർത്തന പദ്ധതി - നവംബർ 2021

നവംബർ 1 - സകല വിശുദ്ധരുടെയും തിരുനാൾ
2 - സകല മരിച്ചവരുടെയും ഓർമ്മ ദിവസം
5 - വി.സഖറിയാസും ഏലീശ്വായും
14 - ശിശുദിനം
21 - പരി. കന്യകാ മറിയത്തിന്റെ കാഴ്ചവയ്പ്പ്-മിശിഹായുടെ രാജത്വത്തിരുനാൾ
28 - മാതൃവേദി കലാസംഗമം, വാർഷിക ആഘോഷങ്ങൾ (ഓൺലൈൻ)

## 8. തലശ്ശേരി അതിരൂപതാ മാതൃവേദി - മേഖലാ സന്ദർശനം 2021

| **തീയ്യതി** | **മേഖല** | **സമയം** |
|---|---|---|
| നവംബർ 8 | മേരിഗിരി<br>ചെറുപുഴ | 10.00 am - 12.00 pm<br>02.00 pm - 04.00 pm |
| നവംബർ 9 | തോമാപുരം<br>വെള്ളരിക്കുണ്ട് | 10.00 am - 12.00 pm<br>02.00 pm - 04.00 pm |
| നവംബർ 10 | പനത്തടി<br>കാഞ്ഞങ്ങാട് | 10.00 am - 12.00 pm<br>02.00 pm - 04.00 pm |
| നവംബർ 16 | പൈസക്കരി<br>ചെമ്പേരി | 10.00 am - 12.00 pm<br>02.00 pm - 04.00 pm |
| നവംബർ 17 | തളിപ്പറമ്പ്<br>ചെമ്പന്തൊട്ടി | 10.00 am - 12.00 pm<br>02.00 pm - 04.00 pm |

**പങ്കെടുക്കേണ്ടവർ** : മേഖലാ ഭാരവാഹികൾ, മേഖലാ ഡയറക്ടർ, മേഖലാ ആനിമേറ്റർ, യൂണിറ്റ് പ്രസിഡണ്ട്, യൂണറ്റ് ആനിമേറ്റർ
**കൊണ്ടുവരേണ്ടത്** : യൂണിറ്റ് മിനുട്ട്സ് ബുക്ക്, അംഗത്വ രജിസ്റ്റർ ബുക്ക്

## 9. അറിയിപ്പുകൾ

- അന്തർദേശീയ മാതൃവേദി - അതിരൂപതാ മാതൃവേദി - മേഖലാ തല - യൂണിറ്റ് ഭാരവാഹികളുടെ പൊതുവായ തെരഞ്ഞെടുപ്പ് 2022 ഡിസംബറിലായിരിക്കും. ഈ വർഷം തിരഞ്ഞെടുപ്പ് നടത്തുന്നത് ഒരു വർഷത്തേക്ക് താൽക്കാലികമായിട്ടായിരിക്കും. താൽക്കാലികമായി തിരഞ്ഞെടുക്കപ്പെട്ടവർ യൂണിറ്റിലും മേഖലയിലും ഉണ്ടെങ്കിൽ പേരു വിവരങ്ങൾ ഓഫീസിൽ അറിയിക്കുക.

- **ഹരിതം - അടുക്കളകൃഷി - ജൈവപച്ചക്കറിത്തോട്ടം**
    1) ഏറ്റവും കൂടുതൽ അംഗങ്ങൾ പങ്കെടുക്കുന്ന യൂണിറ്റിന് മേഖലാതലത്തിൽ സമ്മാനം കൊടുക്കുക.
    2) മേഖലയിൽ ഏറ്റവും നല്ല ഒരു കൃഷിത്തോട്ടത്തിന് അതിരൂപതാതല സമ്മാനം ഉണ്ടായിരിക്കും.
    3) ഹരിതം-മേഖലാതല പരിശോധന ഡിസംബർ അവസാനത്തെ ആഴ്ച.
    4) രൂപതാതല പരിശോധന - ജനുവരി രണ്ടാമത്തെ ആഴ്ച.

- നവംബർ മാസത്തിൽ നടക്കുന്ന മാതൃവേദി ഓൺലൈൻ വാർഷികാഘോഷത്തിൽ അവതരിപ്പിക്കാനുള്ള കലാപരിപാടികൾ മുൻകൂട്ടി റിക്കോർഡ് ചെയ്ത് തരേണ്ടതാണ്. പ്രോഗ്രാമുകൾ ക്രിസ്തീയ സന്ദേശം നൽകുന്നവയായിരിക്കം. വ്യത്യസ്തതയുള്ള പ്രോഗ്രാമുകളായിരിക്കും വാർഷികത്തിലേക്ക് വേണ്ടി തിരഞ്ഞെടുക്കപ്പെടുന്നത്. ഒരു മേഖലയിൽ നിന്നും ഒരു പ്രോഗ്രാം മാത്രമേ അയക്കാവൂ. മാക്സിമം 5 മിനിറ്റ് പ്രോഗ്രാം മാത്രം. ഗ്രൂപ്പ് പരിപാടികൾ കൂടുതലായി തയ്യാറാക്കുക. സിംഗിൾ പ്രോഗ്രാമുകൾ ആണെങ്കിൽ പ്രൊഫഷണൽ പരിപാടികൾ മാത്രം പരിഗണിക്കുക.

- ഓരോ മേഖലയിൽ നിന്നും നൽകുന്ന പരിപാടികളിൽ തിരഞ്ഞെടുക്കുന്നവയായിരിക്കും വാർഷികത്തിൽ അവതരിപ്പിക്കപ്പെടുക. പങ്കെടുക്കാൻ താൽപര്യമുള്ള മേഖലകൾ **ഒക്ടോബർ 25** നകം ഏത് പ്രേഗ്രാമാണെന്ന് നിശ്ചയിച്ച് ഓഫീസിൽ രജിസ്റ്റർ ചെയ്യുക. **നവംബർ 8** നുള്ളിൽ പ്രോഗ്രാമുകൾ അയച്ചുതരേണ്ടതാണ്.

## IV. അമല പ്രോലൈഫ്

ബഹു. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അച്ചന്റെയും, ആനിമേറ്റർ സി.ജെസ്റ്റീന ഷാജൻ എം.എസ്.എം.ഐ യുടെയും നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും എക്സിക്യൂട്ടീവ് യോഗങ്ങൾ കൂടുകയും ഒക്ടോബർ രണ്ടാം തീയ്യതി പ്രോലൈഫ് സെൻട്രൽ മീറ്റിംഗ് കൂടുകയും ചെയ്തു. ജപമാല മാസമായ ഒക്ടോബർ മാസത്തിൽ, വർത്തമാനകാലത്തിൽ വളരെ ശക്തമായി വ്യാപിച്ചുകൊണ്ടിരിക്കുന്ന സാമൂഹിക വിപത്തായ ലൗ ജിഹാദ്, നാർക്കോട്ടിക് ജിഹാദ് എന്നീ തിന്മകളിൽ അകപ്പെട്ട് ജീവിതവും ദൈവചൈതന്യവും നഷ്ടപ്പെടുത്തിയ നമ്മുടെ സഹോദരങ്ങളുടെ രക്ഷയ്ക്കുവേണ്ടി പ്രോലൈഫ് നേതൃത്വത്തിൽ രൂപതയിലെ എല്ലാ ഇടവകയിലെ അംഗങ്ങളും ഈ തിന്മയ്ക്കെതിരെ നിയോഗം വച്ച് നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലി വരുന്നു. ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെയും പ്രോലൈഫിന്റെയും കൂട്ടായ നേതൃത്വത്തിൽ ഭൂമിയിലെ ദൈവത്തിന്റെ കരങ്ങളായി ആതുരസേവന രംഗത്ത് പ്രവർത്തിക്കുന്ന നഴ്സുമാരുടെ ഒരു ആത്മീയ കൂട്ടായ്മ രൂപീകരി

ക്കുക എന്ന ലക്ഷ്യത്തോടുകൂടി ഒക്ടോബർ 31 ന് വെബിനാർ സംഘടിപ്പി ക്കാൻ തീരുമാനിച്ചിരിക്കുന്നു.

### 1) ജീവോത്സവം - സ്കോളർഷിപ്പ് വിതരണം

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെയും അമല പ്രോലൈഫിന്റെയും ആഭിമുഖ്യത്തിൽ വലിയ കുടുംബങ്ങളിലെ മക്കളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നാലും അതിൽ കൂടുതലും മക്കളുള്ള കുടുംബങ്ങളിലെ Higher Study ക്കായി ലഭിച്ച വിദ്യാഭ്യാസ സഹായ അപേ ക്ഷയിൽ നിന്നും 26 എണ്ണം മാനദണ്ഡമനുസരിച്ച് തിരഞ്ഞെടുക്കുകയും അതിൽ 10 പേർക്ക് 40000 രൂപ വീതവും, ഒരാൾക്ക് 25000 രൂപയും, ബാക്കി 16 പേർക്ക് 10000 രൂപ വീതവും നൽകി. ഏവർക്കും പണം ചെക്ക് മുഖാ ന്തരം നൽകി. ഒക്ടോബർ 3-ാം തീയ്യതി ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് നടന്ന മീറ്റിംഗ് ആൻഡ്രിയ മരിയ ബെന്നിയുടെ പ്രാർത്ഥനാഗാന ത്തോടുകൂടി ആരംഭിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെ ബാസ്റ്റ്യൻ ഇട്ടിയപ്പാറ സ്വാഗതമാശംസിച്ച ചടങ്ങിൽ അതിരൂപതാ മെത്രാൻ മാർ ജോർജ്ജ് ഞറളക്കാട്ട് അദ്ധ്യക്ഷ പ്രസംഗം നടത്തി. സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി സമാപന സന്ദേശവും നടത്തി. തുടർന്ന് സന്ദേശഭ വൻ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, മതബോധന ഡയറക്ടർ ഫാ.ജേക്കബ് വെണ്ണായിപ്പള്ളിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരി ച്ചു. തുടർന്ന് അമല പ്രോലൈഫ് ആനിമേറ്റർ സി.ജെസ്റ്റീന എം.എസ്.എം.ഐ ഏവർക്കും നന്ദിയർപ്പിച്ചതോടെ മീറ്റിംഗിന് സമാപനമായി. പങ്കെടുത്ത ഏവർക്കും കൂടാതെ ആ പദ്ധതി വിജയകരമായി പൂർത്തീകരിക്കാൻ സഹാ യിച്ച ഏവർക്കും നന്ദിയർപ്പിക്കുന്നു.

### 10) നന്ദി - സ്വാഗതം

കുന്നോത്ത് മേഖലാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ സ്ഥാന ത്തുനിന്നും വിരമിക്കുന്ന ബഹു. ജേക്കബ് കരോട്ട് അച്ചന് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദ്യമായ നന്ദിയും സ്നേഹവും അറിയി ക്കുന്നു.

പുതുതായി കുന്നോത്ത് മേഖലാ ഡയറക്ടറായി നിയമിതനായിരിക്കുന്ന ഫാ. ലിൻസ് വെട്ടുവയലിൽ അച്ചന് ഹൃദ്യമായ സ്വാഗതം.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

പ്രിയ പ്രധാനാധ്യാപകരെ, അധ്യാപകരെ അനധ്യാപകരെ,

കേരള പിറവി ദിനത്തിന്റെ ആശംസകൾ നേരുന്നു. നമ്മുടെ നാടിനെ സ്നേഹിക്കാനും പരിപോഷിപ്പിക്കാനും വളർത്താനും നമുക്ക് കഴിയട്ടെ യെന്ന് ആശംസിക്കുന്നു.

2020 മാർച്ച് 12 നു ശേഷം വീണ്ടും സ്കൂൾ തുറക്കുകയാണ്. ഒന്നര വർഷത്തോളം മൊബൈലിന്റെ മുമ്പിലിരുന്ന വിദ്യാർത്ഥികൾ വളരെ പ്രതീക്ഷയോടെയാണ് സ്കൂളിലേക്ക് എത്തുന്നത്. ഇതുവരെ ക്ലാസ് മുറികളിൽ വന്നിരുന്ന് പഠിക്കാതെ രണ്ടാം ക്ലാസിൽ പ്രവേശനം നേടിയവരും അക്കൂട്ടത്തിലുണ്ട്. എല്ലാവരെയും വളരെ കരുതലോടെ സ്വീകരിക്കേണ്ടതാണ്. കോവിഡ് മാനദണ്ഡങ്ങളും സർക്കാർ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കാൻ പ്രധാനാധ്യാപകരും, അധ്യാപകരും, അധ്യാപേകതര ജീവനക്കാരും ശ്രദ്ധിക്കണം.

എല്ലാ അധ്യാപകരും നിശ്ചിത സമയത്തിനുമുമ്പെ സ്കൂളിൽ എത്തണം. ക്ലാസ് ചാർജുള്ള അധ്യാപകർ സെക്കന്റ് ബെൽ അടിച്ചാൽ ഉടൻ തന്നെ ക്ലാസിൽ എത്തിച്ചേരുകയും ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യേണ്ടതാണ്.

ഓരോ ക്ലാസ് അധ്യാപകനും തന്റെ ക്ലാസിൽ പഠിക്കുന്ന എല്ലാ കുട്ടികളെയും സംബന്ധിച്ചുള്ള സമഗ്രവും സമ്പൂർണ്ണവുമായ അറിവുണ്ടായിരിക്കണം. കുട്ടികളെ ഏതെങ്കിലും കാരണത്താൽ വീട്ടിലേക്ക് അയക്കേണ്ടിവന്നാൽ പ്രധാനാധ്യാപകന്റെ അനുവാദത്തോടെ ചെയ്യേണ്ടതാണ്. കുട്ടികളെ പ്രത്യേകിച്ച് പെൺകുട്ടികളെ കഴിവതും തനിച്ച് വീട്ടിലേക്ക് വിടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. രക്ഷിതാക്കളുമായി ഫോണിൽ ബന്ധപ്പെട്ടിട്ടു മാത്രമേ ചെയ്യാവൂ.

നമ്മുടെ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്താൻ സംഘാതമായ പ്രവർത്തനം ആവശ്യമാണ്. മാനേജ്മെന്റ് പ്രധാനാധ്യാപകർ, നോൺടീച്ചിംഗ് സ്റ്റാഫ്, രക്ഷകർത്താക്കൾ, വിദ്യാർത്ഥികൾ പൊതു സമൂഹം എന്നിങ്ങനെ എല്ലാ വിഭാഗങ്ങളുമായി നല്ല മാനുഷിക ബന്ധം രൂപീകരിക്കാൻ അധ്യാപകർക്ക് കഴിയണം. വ്യത്യസ്ത അഭിപ്രായങ്ങൾ സ്വാഭാവികമാണ്. എന്നാൽ സ്കൂളിന്റേയും വിദ്യാർത്ഥികളുടെയും പൊതുനന്മ ലക്ഷ്യമാക്കി ഒരുമയോടെ പ്രവർത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

നന്മ നിറഞ്ഞ അധ്യയന വർഷം ആശംസിക്കുന്നു.

**സന്മാർഗ്ഗ ശാസ്ത്രപഠനം**

മൂല്യബോധമുള്ള ഒരു തലമുറയെ വളർത്തിയെടുക്കേണ്ടത് മാതാപിതാക്കളുടെയും അധ്യാപകരുടെയും കടമയാണ്. അതിനാൽ ഈ അധ്യയനവർഷവും സന്മാർഗശാസ്ത്ര ക്ലാസുകൾ നടത്തേണ്ടതാണ്. ഈ വർഷത്തെ വാർഷിക പരീക്ഷ 07/01/2022 നും ക്ലാസുകളുടെ സ്കോളർഷിപ്പ് പരീക്ഷ 05/02/2022 നും നടത്തുന്നതാണ്.

## അഭിനന്ദനങ്ങൾ

സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കായി എസ്.പി.സി ഡയറക്ടറേറ്റ് സംസ്ഥാനതലത്തിൽ നടത്തിയ പ്രസംഗമത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഹൈസ്കൂൾ ഒമ്പതാംക്ലാസ് വിദ്യാർത്ഥിനി അന്ന പി ടോം അർഹയായി. 19/10/2021 ന് വായാട്ടുപറമ്പ സെന്റ് ജോസഫ്സ് ഹൈസകൂളിൽ നടന്ന അനുമോദന സമ്മേളനത്തിൽ തദ്ദേശസ്വയം ഭരണമന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ സമ്മാനം നൽകി. കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ ആശംസ അറിയിച്ച് സംസാരിച്ചു. അന്ന പി. ടോം ന് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു

ന്യൂയോർക്ക് ആസ്ഥാനമായ ഹാന്റ് റൈറ്റിംഗ് ഫോർ ഹ്യുമാനിറ്റി സംഘടിപ്പിച്ച കൈയ്യെഴുത്ത് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ആൻ മരിയ ബിജുവിന് അഭിനന്ദനങ്ങൾ. ചെമ്പേരി നിർമ്മല ഹയർ സെക്കണ്ടറി സ്കൂൾ പ്ലസ് വൺ വിദ്യാർത്ഥിയായ ആൻ മരിയ ബിജുവിന്റെ കൈയ്യക്ഷരം പോലെ മനോഹരമാവട്ടെ ഭാവി ജീവിതവും എന്ന് ആശംസിക്കുന്നു.

## സഹായനിധി

മണിക്കടവ് സെന്റ് തോമസ് യു.പി സ്കൂളിലെ അധ്യാപികയായിരുന്ന ശ്രീമതി റെജീന ടിഎ ടീച്ചറിന്റെയും ഭർത്താവ് ശ്രീ. ബിജോയിയുടെയും ആകസ്മിക നിര്യാണത്തിൽ അനാഥരായ മക്കളുടെ ഉപരിപഠനത്തിനും ഭാവി കാര്യങ്ങൾക്കുമായി രൂപീകരിച്ച സഹായ നിധിയിലേക്ക് സംഭാവന നൽകിയ എല്ലാവരെയും നന്ദിയോടെ അനുസ്മരിക്കുന്നു. ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നു. ലിസ്റ്റ് താഴെ ചേർക്കുന്നു.

| സ്കൂൾ | എച്ച്.എസ്.എസ് | എച്ച്.എസ് | യു.പി | എൽ.പി |
|---|---|---|---|---|
| 1) അങ്ങാടിക്കടവ് | 23000/- | 15000/- | 16000/- | - |
| 2) ചെമ്പേരി | 25000/- | 29000/- | 17500/- | - |
| 3) എടൂർ | 35000/- | 44500/- | — | 5000/- |
| 4) കിളിയന്തറ | 20000/- | 21000/- | — | 3000/- |
| 5) കെളക്കാട് | 26000/- | 13500/- | 20000/- | - |
| 6) കുന്നോത്ത് | 17000/- | 16000/- | 20000/- | - |

| | | | | | |
|---|---|---|---|---|---|
| 7) | മണിക്കടവ് | 62000/- | 32000/- | 100000/- | - |
| 8) | മേരിഗിരി | 23500/- | 19000/- | - | - |
| 9) | പാലാവയൽ | 3000/ | 40400/- | - | 10000/- |
| 10) | പേരാവൂർ | 10100/- | 34000/- | 24000/- | - |
| 11) | പെരുമ്പടവ് | 18000/- | 19000/- | - | - |
| 12) | തോമാപുരം | 38500/- | 29000/- | - | 12000/- |
| 13) | വായാട്ടുപറമ്പ | 53000/- | 26000/- | 16000/- | - |
| 14) | വെളിമാനം | 20000/- | 22000/- | 21000/- | - |
| 15) | വെള്ളരിക്കുണ്ട് | 17000/- | 22000/- | 8000/- | 12000/- |
| 16) | ചന്ദനക്കാംപാറ | - | 17000/- | 11500/- | 8000 |
| 17) | ചെമ്പന്തൊട്ടി | - | 16000/- | 17000/- | - |
| 18) | ചെറുപുഴ | - | 29000/- | - | - |
| 19) | കടുമേനി | - | 14000/- | - | - |
| 20) | കരിക്കോട്ടക്കരി | - | 16000/- | 14000/- | - |
| 21) | കുടിയാന്മല | - | 15000/- | 15000/- | - |
| 22) | നെല്ലിക്കുറ്റി | - | 14000/- | 10000/- | - |
| 23) | പൈസക്കരി | - | 21000/- | 14000/- | - |
| 24) | പുലിക്കുരുമ്പ | - | 10000/- | 11000/- | - |
| 25) | ജോസ്ഗിരി | - | - | 9000/- | - |
| 26) | കച്ചേരിക്കടവ് | - | - | 6500/- | - |
| 27) | അറബി | - | - | 8500/- | - |
| 28) | കാഞ്ഞിരക്കൊല്ലി | - | - | 6000/- | - |
| 29) | കരിവേടകം | - | - | 8500/- | 7000/- |
| 30) | മണ്ടപം | - | - | 7500/- | - |
| 31) | മഞ്ഞളാപുറം | - | - | 18000/- | - |
| 32) | മാട്ടറ | - | - | 3000/- | - |
| 33) | പാത്തൻപറ | - | - | 4000/- | 2000/- |
| 34) | പേരട്ട | - | - | 9000/- | - |
| 35) | പെരുമ്പുന്ന | - | - | 4000/- | - |
| 36) | പൊട്ടംപ്ലാവ് | - | - | 13000/- | - |
| 37) | ഉദയഗിരി | - | - | 12000/- | - |
| 38) | വയത്തൂർ | - | - | 21000/- | - |
| 39) | അരീക്കമല | - | - | - | 1000/- |
| 40) | ഭീമനടി | - | - | - | 2000/- |
| 41) | ചരൾ | - | - | - | 4000/- |
| 42) | എടക്കോം | - | - | - | 4000/- |
| 43) | കല്ലുവയൽ | - | - | - | 2000/- |
| 44) | കോഴിച്ചാൽ | - | - | - | 5000/- |

| സ്കൂൾ | എച്ച്.എസ്.എസ് | എച്ച്.എസ് | യു.പി | എൽ.പി |
|---|---|---|---|---|
| 45) മാമ്പൊയിൽ | - | - | - | 1000/- |
| 46) മാങ്ങോട് | - | - | - | 10000/- |
| 47) നെല്ലിക്കാംപൊയിൽ | - | - | - | 2000/- |
| 48) നെല്ലിപ്പാറ | - | - | - | 2000/- |
| 49) പാലത്തുംകടവ് | - | - | - | 1000/- |
| 50) രണ്ടാംകടവ് | - | - | - | 4000/- |
| 51) രത്നഗിരി | - | - | - | 3000/- |
| 52) താബോർ | - | - | - | 2000/- |
| 53) വിളക്കന്നൂർ | - | - | - | 5000/- |
| **തുക** | **391100/-** | **534400/-** | **465000/ -** | **107000/-** |

**ആകെ തുക = 1497500/-**

## കാത്തലിക് ടീച്ചേഴ്സ് ഗീൽഡ് ഭാരവാഹികൾ 2021-2024

ഡയറക്ടർ : ഫാ. മാത്യു ശാസ്താംപടവിൽ

പ്രസിഡന്റ് : ബെന്നി മാത്യു -എച്ച്.എം, സെന്റ് ജോസഫ്സ് യു.പി. എസ് വായാട്ടുപറമ്പ - 9605255005

സെക്രട്ടറി : അഗസ്റ്റിൻ കെ ജോസഫ് : സെൻറ് ജോസഫ്സ് എച്ച്.എസ് കുന്നോത്ത് - 9446843322

ട്രഷറർ : ജോജൻ ജോസഫ് - സെന്റ് ജോസഫ്സ് എച്ച്.എസ്.എസ് വായാട്ടുപറമ്പ - 9447952626

**സംസ്ഥാന പ്രതിനിധികൾ**

മാത്യു ജോസഫ് : എച്ച്.എം മഞ്ഞളാംപുറം യു.പി സ്കൂൾ -9446651307

മഞ്ജുഷ കുര്യൻ : സെന്റ് ജോസഫ്സ് എച്ച്.എസ്.എസ് പേരാവൂർ - 9446972382

**മേഖല പ്രതിനിധികൾ**

ബിജു കുറുമുട്ടം : എച്ച്.എം - ഗാന്ധി മെമ്മോറിയൽ യു.പി.എസ് നെല്ലിക്കുറ്റി -9446657605

ശോഭ ടോം : സെന്റ് തോമസ് എച്ച്.എസ്.എസ് മണിക്കടവ് -9562694583

**കമ്മിറ്റി അംഗങ്ങൾ**

ബെന്നി ഫിലിപ്പ് : ചെറുപുഷ്പ എച്ച്.എസ് ചന്ദനക്കാംപാറ - 9400415252

റിൻസി അബ്രഹാം : സെന്റ് ജൂഡ്സ് എച്ച്.എസ്.എസ് വെള്ളരിക്കുണ്ട് -9446439949

ജിമ്മി സൈമൺ : സെന്റ് ജോസഫ്സ് യു.പി.എസ് ജോസ്ഗിരി -9847259098

സംസ്ഥാന ടീച്ചേഴ്സ് ഗിൽഡ് ട്രഷറർ ആയി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. മാത്യു ജോസഫിനും ടീച്ചേഴ്സ് ഗിൽഡ് ഭാരവാഹികൾക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

## ചെമ്പന്തൊട്ടി സെന്റ് ജോർജ് ഹൈസ്കൂളിന് പുതിയ കെട്ടിടം

ചെമ്പന്തൊട്ടി സെന്റ് ജോർജ് ഹൈസ്കൂളിനുവേണ്ടി പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പ് 23/10/2021 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ.ജോർജ്ജ് ഞരളക്കാട്ട് നിർവ്വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനം ഇരിക്കൂർ എം.എൽ.എ അഡ്വ. സജീവ് ജോസഫ് ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ, ശ്രീ.മനോജ് കുമാർ എം.(ഡിഡി കണ്ണൂർ), ശ്രീ.ജയപ്രകാശ് കെ (ഡിഇഒ തളിപ്പറമ്പ) എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. രാഷ്ട്രീയ സാമൂഹിക, സാംസ്കാരിക രംഗത്തെ പ്രഗൽഭരായ വ്യക്തികൾ സന്നിഹിതരായിരുന്നു. മനോഹരമായ സ്കൂൾ കെട്ടിടം നിർമ്മിക്കാൻ നേതൃത്വം നൽകിയ ബഹു. ജോസ് മാണിക്കത്താഴെ അച്ചനും അച്ചനോടൊത്ത് സഹകരിച്ച അധ്യാപകർക്കും രക്ഷകർത്താക്കൾക്കും ഇടവകക്കാർക്കും പ്രത്യേകം നന്ദി

സ്നേഹാശംസകളോടെ,

**ഫാ. മാത്യു ശാസ്താംപടവിൽ**
മാനേജർ

# വിമൽജ്യോതി വാർത്തകൾ

**B.Tech, M.Tech, MBA Admission 2021-22**

ചെമ്പേരി വിമൽ ജ്യോതിയിൽ ഈ വർഷത്തെ (2021-22) അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. Government / Management / NRI ക്വാട്ടയിൽ സീറ്റുകൾ ലഭ്യമാണ്. വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള ബ്രാഞ്ചിൽ സീറ്റുകൾ ബുക്ക് ചെയ്യുവാൻ സൗകര്യമുണ്ട്. നമ്മുടെ ഇടവകയിൽനിന്ന് എൻട്രൻസ് പരീക്ഷ ജയിച്ചവരെയും, ആർച്ച്ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് പൗരോഹിത്യ സുവർണ്ണജൂബിലി സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളെയും വിമൽ ജ്യോതിയിലേക്ക് ഗൈഡ് ചെയ്യുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

മെറിറ്റ് സീറ്റിൽ അഡ്മിഷൻ ആവശ്യമുള്ളവർ ഇപ്പോൾതന്നെ കോളേജ് വെബ്സൈറ്റിൽ (www.vjec.ac.in) ആപ്ലിക്കേഷൻ കൊടുക്കേണ്ടതാണ്. നമ്മുടെ ഇടവകയിൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ ഉണ്ടെങ്കിൽ അവരെ പ്രത്യേകം എഴുത്ത് നൽകി വികാരിയച്ചന്മാർ പറഞ്ഞയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ആർച്ച്ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് പൗരോഹിത്യ സുവർണ്ണ ജൂബിലി സ്കോളർഷിപ്പ്

പ്ലസ് ടു പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങൾക്ക് 95 ശതമാനമോ, അതിലധികമോ മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് ആർച്ച്ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് പൗരോഹിത്യ സുവർണ്ണജൂബിലി സ്കോളർഷിപ്പ് നൽകുന്നു. ഈ സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ വർഷം താഴെ പറയുന്ന വിഷയങ്ങൾക്ക് ഗവൺമെന്റ് ഫീസിൽ പഠിക്കാൻ വിമൽ ജ്യോതിയിൽ അവസരം ലഭിക്കുന്നു. ആദ്യം അപേക്ഷ നൽകുന്ന 80 വിദ്യാർത്ഥികൾക്കാണ് അവസരം ലഭിക്കുക.

1. ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ എൻജിനീയറിംഗ്
2. ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എൻജിനീയറിംഗ്
3. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ്
4. സിവിൽ എൻജിനീയറിംഗ്
5. മെക്കാനിക്കൽ എൻജിനീയറിംഗ്

താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് **9400062918, 9400062919, 8281750777, 0460 2212240, 2213399** എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.

## പ്ലേസ്മെന്റ് വാർത്തകൾ

- പ്രശസ്ത സോഫ്റ്റ്വെയർ പ്രൊഡക്ട് ഡെവലപ്മെന്റ്കമ്പനിയായ QUEST GLOBAL വിമൽ ജ്യോതിയിലെ അവസാനവർഷ ബി.ടെക്

വിദ്യാർത്ഥികൾക്കായി കാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. 8 വിദ്യാർത്ഥികൾ അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

- ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ് എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ALGOMOX TECHGNOLOGIES, BANGALORE കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികൾക്കായി റിക്രൂട്ട്മെന്റ് നടത്തി. ഒരു വിദ്യാർത്ഥിനിക്ക് പ്രതിവർഷം 4 ലക്ഷം രൂപ ശമ്പളവാഗ്ദാനത്തോടെ ജോലി ലഭിച്ചു.
- ടെക്നോപാർക്കിലും, ഇൻഫോപാർക്കിലും പ്രവർത്തിക്കുന്ന ഐ.ടി കമ്പനികളുടെ അസോസിയേഷനായ GTECH -ന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 3-ാം തീയതി മുതൽ 12-ാം തീയതി വരെ 10 പ്രമുഖ കമ്പനികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഓറിയന്റേഷൻ സെമിനാർ സംഘടിപ്പിച്ചു. SUNTEC BUSINESS SOLUTIONS, ZERONE CONSULTING, TRAVANCORE ANALYTICS, ECESIS BPO SERVICES, PIT SOLUTIONS, THINKPALM TECHNOLOGIES, SOFTNOTIONS TECHNOLOGIES, TRIASSIC SOLUTIONS, EXPERION TECHNOLOGIES, TRAVANLEO INFO SOLUTIONS എന്നീ കമ്പനികൾ പങ്കെടുത്തു. ഈ കമ്പനികളിലെ തൊഴിൽ സാധ്യതകളെക്കുറിച്ചും റിക്രൂട്ട്മെന്റ് പ്രൊസസ്സിനെക്കുറിച്ചും വിശദമായി പ്രതിപാദിക്കുകയുണ്ടായി.
- ബഹുരാഷ്ട്ര ഐ.ടി കമ്പനിയായ IBM അവസാനവർഷ വിദ്യാർത്ഥിനികൾക്കായി കാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു. വിമൽ ജ്യോതിയിൽ നിന്നും 50-ലധികം വിദ്യാർത്ഥിനികൾ പങ്കെടുക്കുന്നു.
- ട്രെയിനിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ KONFIDENCE EDUCATION - ന്റെ ആഭിമുഖ്യത്തിൽ അവസാനവർഷ വിദ്യാർത്ഥികൾക്കായി വിവിധ കമ്പനികളുടെ കാമ്പസ് റിക്രൂട്ട്മെന്റിൽ പങ്കെടുക്കുവാൻ സജ്ജരാക്കുന്നതിന് വേണ്ടി സെപ്തംബർ 14 മുതൽ 18 വരെ 15 മണിക്കൂർ ദൈർഘ്യമുള്ള ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചു.
- കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ഐ.ടി കമ്പനിയായ MARLABS, ZERONE CONSULTING എന്നീ കമ്പനികൾ വിമൽ ജ്യോതിയിലെ അവസാനവർഷ വിദ്യാർത്ഥികൾക്കായി കാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു. നവംബർ പകുതിയോടെ റിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


സാൻജോസ് അക്കാഡമിയിൽ നിന്നും സ്നേഹാശംസകൾ. 2021 നവംബർ, ഡിസംബർ മാസങ്ങളിലെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## 1. German Language Coaching

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ജർമ്മൻ ഭാഷാ പരിശീലനം നടന്നുകൊണ്ടിരിക്കുന്നു. A1,A2, B1 കോഴ്സുകളുടെ പുതിയ ബാച്ച് നവംബർ 1 മുതൽ ആരംഭിക്കുന്നു. ഓരോ ബാച്ചിലും 20 കുട്ടികൾക്കാണ് അവസരം ഉണ്ടാവുക. ജർമ്മനി. ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കുമായി പോകുന്നവർക്ക് ഈ കോഴ്സ് പ്രയോജനപ്രദമാണ്. ഓൺലൈനായി പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സാൻജോസ് അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

## 2. IELTS / OET

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ IELTS / OET പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ പ്രഗത്ഭ IELTS പരിശീലകരുടെ ഒരു ടീം അക്കാഡമിയോടൊപ്പമുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങളോടെ പഠിക്കുവാനുള്ള സൗകര്യമാണ് വിമൽ ജ്യോതിയിലുള്ളത്. IELTS / OET പരീക്ഷകൾ പാസ്സാകുന്നവർക്ക് ജോലി സംബന്ധമായ സഹായ സഹകരണങ്ങൾ അക്കാഡമി ചെയ്തുകൊടുക്കുന്നതാണ്. **ഓൺലൈനായി** പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. ഉപരിപഠനത്തിനായി പോകുന്നവർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 8281 750 777, 8281 730 777.

### 3. KCYM - MYSTEP : Online PSC Coaching

ഗവൺമെന്റ് മേഖലയിലെ വിവിധ ജോലികൾക്കുള്ള PSC / UPSC പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ സാൻജോസ് അക്കാഡമിയിൽ KCYM തലശ്ശേരി അതിരൂപതാ ഓഫീസുമായി സഹകരിച്ച് ഓൺലൈനായി ആരംഭിക്കുകയാണ്. ഇതിന്റെ പേര് KCYM - MYSTEP എന്നാണ്. ഇതിനാവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്ത് കഴിഞ്ഞിരിക്കുന്നു.

2500/- രൂപ ഫീസിൽ 2 വർഷം നീണ്ടുനിൽക്കുന്ന പരിശീലനമാണ് നൽകുന്നത്. കുറഞ്ഞ ചിലവിൽ നമ്മുടെ രൂപതയിലുള്ള യുവജനങ്ങൾക്ക് പരിശീലനം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കെ.സി.വൈ.എം അതിരൂപതയുടെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് 1999/- രൂപ ഫീസ് അടച്ചാൽ മതിയാകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 500 പേർക്കാണ് ഈ ആനുകൂല്യം ലഭ്യമാവുക. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദാംശങ്ങൾക്ക് കെ.സി.വൈ.എം ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 9400062918, 8281517660.

## 4. സാൻജോസ് പ്ലസ് വൺ / പ്ലസ് ടു (SAVE +2)

പ്ലസ് വൺ, പ്ലസ്ടുവിൽ പഠിക്കുന്ന കുട്ടികളെ ലക്ഷ്യമാക്കി, വിവിധ എൻട്രൻസ് പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ അക്കാഡമിയിൽ 2021 നവംബർ 1 മുതൽ ആരംഭിക്കുന്നു. ഇന്ത്യയിലെ വിവിധ കലാലയങ്ങളിലേയ്ക്ക് പ്ലസ്ടുവിന് ശേഷം നടക്കാനിരിക്കുന്ന എൻട്രൻസ് പരീക്ഷകൾക്കുവേണ്ടിയുള്ള ഒരുക്കങ്ങളാണിത്. ഇന്ത്യയിലെ പ്രധാന പരിശീലന കേന്ദ്രങ്ങളിലെ അദ്ധ്യാപകരെ ഒരുമിച്ച് ചേർത്തുകൊണ്ടുള്ള പരിശീലനമാണിത്. കേരളത്തിലെതന്നെ ഈ രംഗത്ത് പ്രഗത്ഭരായ അക്കാഡമികളോട് കിടപിടിക്കത്തക്ക ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ബോർഡ് പരീക്ഷയിൽ ഉയർന്ന മാർക്കും കൂടാതെ NEET, JEE, KEAM, CUSAT, NDA തുടങ്ങിയ മത്സര പരീക്ഷകളിലേക്കുമുള്ള പരിശീലനങ്ങളാണ് നൽകുന്നത്. ലൈവ് ഇന്ററാക്ടീവ് ക്ലാസ്സുകളാണ് നൽകുന്നത്. Daily / Weekly / Monthly പരീക്ഷകളും റെമഡിയൽ ക്ലാസ്സുകളും നൽകുന്നതാണ്. മികച്ച സ്റ്റഡി മെറ്റീരിയലുകളും പരീക്ഷകൾക്കാവശ്യമായ ഷോർട്ട് നോട്ടുകളും ലഭ്യമാണ്. സാൻജോസ് അക്കാഡമിയുടെ പ്രത്യേക ആപ്പിലൂടെയാണ് പരിശീലനങ്ങൾ നടത്തപ്പെടുന്നത്.

## +1 Tuition + Entrance Coaching

ഈ വർഷം പ്ലസ് വൺ സയൻസ് വിഷയങ്ങൾ എടുത്ത് പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ഓൺലൈനായിട്ടാണ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ഒരു വർഷം നീണ്ടുനില്ക്കുന്ന ഈ പരിശീലനമാണിത്. ആഴ്ച്ചയിൽ 15 മണിക്കൂറുകളും 350 ആകെ മണിക്കൂറുകളും നൽകുന്ന പരിശീലനമാണിത്. കോഴ്സ് ഫീസ് 7600/- രൂപ.

## +2 Sure A+ Coaching

ഈ വർഷം പ്ലസ്ടു സയൻസ് വിഷയങ്ങൾ എടുത്ത് പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ഓൺലൈനായിട്ടാണ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ഒരു വർഷം നീണ്ടുനില്ക്കുന്ന ഈ പരിശീലനമാണിത്. ആഴ്ച്ചയിൽ 15 മണിക്കൂറുകളും 350 ആകെ മണിക്കൂറുകളും നൽകുന്ന പരിശീലനമാണിത്. കോഴ്സ് ഫീസ് 5000/- രൂപ.

## Entrance Coaching + Tuition + Crash Coaching Camp

ഈ വർഷം പ്ലസ്ടു സയൻസ് വിഷയങ്ങൾ എടുത്ത് പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ഓൺലൈനായിട്ടാണ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ഒരു വർഷം നീണ്ടുനില്ക്കുന്ന ഈ പരിശീലനമാണിത്. ആഴ്ച്ചയിൽ 15 മണിക്കൂറുകളും 350 ആകെ മണിക്കൂറുകളും നൽകുന്ന പരിശീലനമാണിത്. കോഴ്സ് ഫീസ് 11,900/- രൂപ.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ മലബാർ പ്രദേശത്തെ കുട്ടികൾക്ക് ഈ കോഴ്സുകൾ വലിയ അനുഗ്രഹമായിരിക്കും. നമ്മുടെ ഇടവകകളിലെ വിദ്യാർത്ഥികളെ ഈ വിവരം അറിയിക്കുമല്ലോ. അഡ്മിഷനുകൾ ആരംഭിച്ചിരിക്കുന്നു. വിശദവിവരങ്ങൾക്ക് : 8281 750 777, 8281 730 777.

സ്നേഹാശംസകളോടെ,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# എ.കെ.സി.സി

## കുന്നോത്ത് ഫൊറോനയിലെ പെരിങ്കരി ഇടവകയിൽ

കാട്ടാനയുടെ കുത്തേറ്റ് മരിച്ച ജസ്റ്റിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ രൂപതാ ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, ഗ്ലോബൽ വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി, ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി അംഗം അഡ്വക്കേറ്റ് ബിനോയ് തോമസ്, രൂപതാ വൈസ് പ്രസിഡണ്ട് അഡ്വക്കേറ്റ് ഷീജ സെബാസ്റ്റ്യൻ, രൂപതാ സെക്രട്ടറി അൽഫോൻസ് കളപ്പുര, കുന്നോത്ത് ഫൊറോനാ പ്രസിഡണ്ട് മാത്യു വള്ളോംകോട്ട് എന്നിവർ പങ്കെടുത്തു.

കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ മൃതസംസ്കാരത്തിന് ശേഷം അനുശോചന യോഗം നടത്തി. തലശ്ശേരി അതിരൂപതാ ആർച്ചു ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് യോഗം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ, എം.എൽ.എമാരായ അഡ്വക്കേറ്റ് സണ്ണി ജോസഫ്, അഡ്വക്കേറ്റ് സജിവ് ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.

കത്തോലിക്കാ കോൺഗ്രസ് കുന്നോത്ത് ഫൊറോനാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒക്ടോബർ ഒന്നാം തീയ്യതി വള്ളിത്തോട് ടൗണിൽ ജസ്റ്റിന്റെ കുടുംബത്തിന് നീതി ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏകദിന ഉപവാസം നടത്തി. ഉപവാസ സമരത്തിന്റെ ഉദ്ഘാടനം അതിരൂപതാ പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ നിർവ്വഹിച്ചു. സമാപന സമ്മേളനം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. ബിഷപ്പ് എമിരറ്റസ് മാർ ജോർജ് വലിയമറ്റം അനുഗ്രഹ പ്രഭാഷണം നടത്തി. കുന്നോത്ത് ഫൊറോനാ വികാരി ഫാദർ അഗസ്റ്റിൻ പാണ്ട്യാമാക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ അഡ്വക്കേറ്റ് ബിനോയ് തോമസ്, ബേബി നെട്ടനാനി, ചാക്കോച്ചൻ കാരാമയിൽ, അൽഫോൻസ് കളപ്പുര, ഫാ. ജോസഫ് പൂവന്നിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. ഫൊറോനാ ഡയറക്ടർ ഫാ. തോമസ് ആമക്കാട്ട്, രൂപതാ ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, ഫൊറോനാ പ്രസിഡന്റ് മാത്യു വള്ളോംകോട്ട് തുടങ്ങിയവർ ഉപവാസ സമരത്തിന് നേതൃത്വം നൽകി.

ഉപവാസ ദിനത്തിൽ രൂപതാ പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ഫൊറോനാ പ്രസിഡണ്ട് മാത്യു വള്ളോംകോട്ട് രൂപതാ സെക്രട്ടറി അൽഫോൻസ് കളപ്പുര എന്നിവർ ജസ്റ്റിന്റെ വീട് സന്ദർശിച്ച് കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു. ജസ്റ്റിന്റെ ദാരുണ മരണത്തെത്തുടർന്ന് കത്തോലിക്കാ കോൺഗ്രസിന്റെ കരുതൽ ആ കുടുംബത്തിനൊപ്പം ഉണ്ട്. അതിരൂപതാ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ബെന്നി

പുതിയാമ്പുറം, രൂപതാ സെക്രട്ടറി അൽഫോൻസ് കളപ്പുര, ഫൊറോനാ പ്രസിഡന്റ് മാത്യു വള്ളോംകോട്ട് എന്നിവരുടെ സമയോചിതമായ ഇടപെടലുകൾ ജസ്റ്റിന്റെ കുടുംബത്തിന് താങ്ങായി തീർന്നു.

## കത്തോലിക്കാ കോൺഗ്രസ് രൂപതാ നേതൃത്വ സമ്മേളനം

9.10.2021 ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ച് ചേർന്നു. യോഗം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു, അതിരൂപതാ പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ മുഖ്യപ്രഭാഷണം നടത്തി. ഡിസംബർ 31ന് ഉള്ളിൽ രൂപതയിലെ മുഴുവൻ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചു. അതിന് മുന്നോടിയായി ഫൊറോനാ കമ്മിറ്റികൾ വിളിച്ചു ചേർക്കുവാൻ നിർദ്ദേശിച്ചു. യോഗത്തിൽ അതിരൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, ട്രഷറർ ഫിലിപ്പ് വെളിയത്ത്, ഫൊറോനാ വികാരി ഫാ. അബ്രഹാം പോണാട്ട്, ഫൊറോനാ ഡയറക്ടർ ഫാ. മാത്യു ആലംകോട്ട്, ഫൊറോനാ പ്രസിഡന്റ് അഡ്വക്കേറ്റ് കെ.ഡി. മാർട്ടിൻ എന്നിവർ പ്രസംഗിച്ചു.

സ്നേഹപൂർവ്വം,

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
പ്രസിഡണ്ട്

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ

# നിർമ്മലഗിരി വാർത്തകൾ

ഒന്നാംവർഷ ബിരുദ വിദ്യാർത്ഥികൾക്ക് വരവേൽപ്പുനൽകി. വിദ്യാർത്ഥികളുടേയും മാതാപിതാക്കളുടേയും സാന്നിധ്യം കേളേജിനെ സജീവമാക്കി. ഒക്ടോബർ രണ്ടിന് ഗാന്ധിജയന്തിദിനത്തോടനുബന്ധിച്ച് കോളേജ് എൻ.സി.സിയുടെ ആഭിമുഖ്യത്തിൽ കോളേജും പരിസവും ശുചീകരിച്ചു. തുടർന്ന് നടന്ന ഓൺലൈൻ പരിപാടിയിൽ, 'ഗാന്ധിയൻ ദർശനങ്ങളുടെ കാലിക പ്രസക്തി' എന്ന വിഷയത്തിൽ റിട്ടയേർഡ് കേണൽ ജോൺ ജേക്കബ് മുഖ്യ പ്രഭാഷണം നടത്തി. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ വി ഉദ്ഘാടനം ചെയ്തു. കേണൽ എച്ച് പദ്മനാഭൻ ആശംസകളർപ്പിച്ചു. ലഫ്. ഡോ. സുജ മറിയാമ്മ ജോഷാ അധ്യക്ഷത വഹിച്ചു. കേഡറ്റ് അതുല്ല്യ നന്ദി പറഞ്ഞു.

10 ന് ലോക മാനസിക ആരോഗ്യ ദിനത്തോടനുബന്ധിച്ച് 'യുവതയും മാനസിക ആരോഗ്യവും' എന്ന വിഷയത്തിൽ എൻ.സി.സിയുടെ ആഭിമുഖ്യത്തിൽ വെബിനാർ സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ വി വെബിനാർ ഉദ്ഘാടനം ചെയ്തു. ഡോ. ഷബാന സി. ഇ. വി. ക്ലാസ് നയിച്ചു. ലഫ്റ്റനന്റ് ഡോ. സുജ മറിയാമ്മ ജോഷാ അധ്യക്ഷത വഹിച്ചു. കേഡറ്റ് റിഥിന നന്ദി പറഞ്ഞു. 11 നും 12 നും നിർമ്മലഗിരി കോളേജ് നാഷനൽ സർവീസ് സ്കീമും, ഐ.ക്യു എസിയും സ്ത്രീശാക്തീകരണ കമ്മിറ്റിയും കണ്ണൂർ ജില്ലാ കുടുംബശ്രീ മിഷനും സംയുക്തമായി വിദ്യാർത്ഥികൾക്കായി 'ലിംഗാവബോധം' എന്ന വിഷയത്തിൽ ദ്വിദിന സെമിനാർ നടത്തി. കോളേജ് ബർസാറും ലോക്കൽ മാനേജറുമായ ഫാ. ഷാജി തെക്കേമുറി ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി അധ്യക്ഷത വഹിച്ചു. ഐക്യു എസി കോർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ, സ്ത്രീശാക്തീകരണ കമ്മിറ്റി കൺവീനർ ഡോ. ടെസ്സി ജോർജ്, കുടുംബശ്രി കണ്ണൂർ ജില്ലാ പ്രോഗ്രാം ഓഫീസർ നൈൽ കെ എൻ എന്നിവർ പ്രസംഗിച്ചു. എൻ എസ് എസ് പ്രോഗ്രാം ഓഫീസർമാരായ ഡോ. ദീപാമോൾ മാത്യു സ്വാഗതവും ഡോ. ജെയ്സൻ ജോസഫ് നന്ദിയും പറഞ്ഞു. കുടുംബശ്രീ സ്നേഹിത മിഷൻ സർവീസ് പ്രൊവൈഡർ ബേബി രഹന, ദർശന, കൗൺസിലർ റീന ഡി, കുംടുംബശ്രീ ജില്ലാ പ്രോഗ്രാം ഓഫീസർ നൈൽ കെ എൻ എന്നിവർ ക്ലാസെടുത്തു. വോളന്റിയർമാരായ സ്വാതി ബാലകൃഷ്ണൻ, ഗോപിക ടി.സി, മുഹമ്മദ് അമീർ, അലക്സ് കെ. ജോസ്, ആർഷാ ജോണി, മിലൻഷാ, യൂജിൻ, അൽഫോൻസാ ജോസഫ്, ലിഖിത എന്നിവർ ക്ലാസുകൾ വിലയിരുത്തി സംസാരിച്ചു.

13 ന് 'ആസാദി കാ അമൃത്' മഹോത്സവത്തിന്റെ ഭാഗമായി എൻ എസ് എസിന്റെയും തലശ്ശേരി താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റിയുടെയും

സംയുക്താഭിമുഖ്യത്തിൽ 'ലീഗൽ അവയർനസ് ഓഫ് സൈബർ ലോ' എന്ന വിഷയത്തിൽ സെമിനാർ നടത്തി. അഡ്വ. രാഖിത്ത് കെ ക്ലാസ് നയിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. എൻ എസ് എസ് പ്രോഗ്രാം ഓഫീസർ ഡോ. ദീപാമോൾ മാത്യു, ഡോ. ജെയ്സൻ ജോസഫ്, വോളന്റിയറായ ശ്രേയ ബി എന്നിവർ സംസാരിച്ചു. അന്നുതന്നെ നടന്ന ചടങ്ങിൽ നിർമലഗിരി കോളേജ് എൻ എസ് എസ് പ്രോഗ്രാം ഓഫീസറും ഈ വർഷത്തെ സംസ്ഥാനതല എൻ എസ് എസ് അവാർഡ് ജേതാവുമായ ഡോ. ദീപാ മോൾ മാത്യുവിനെ കോളേജിൽ ചേർന്ന യോഗത്തിൽ അനുമോദിച്ചു. കോളേജ് മുൻ രക്ഷാധികാരിയും തലശ്ശേരി ആർച്ച് ബിഷപ്പുമായിരുന്ന മാർ ജോർജ് വലിയമറ്റം ഉപഹാര സമർപ്പണം നടത്തി സംസാരിച്ചു. അനുമോദനചടങ്ങിൽ സ്റ്റാഫ് അസോസിയേഷൻ പ്രസിഡന്റ് ഡോ. സുജാ മറിയാമ്മ ജോഷ്വായും ഉപഹാരം നൽകി. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. കോളേജ് ബർസാറും ലോക്കൽ മാനേജറുമായ ഫാ.ഷാജി തെക്കേമുറി, സീനിയർ ടീച്ചിംഗ് സ്റ്റാഫ് ഡോ. ടെസ്സി ജോർജ്, എൻ എസ് എസ് വോളന്റിയർ സെക്രട്ടറി അബിൻ ബിജു എന്നിവർ സംസാരിച്ചു. ഡോ. ദീപാ മാത്യു മറുപടി പ്രസംഗം നടത്തി. സ്റ്റാഫ് സെക്രട്ടറി റവ. ഡോ. മാർട്ടിൻ ജോസഫ് സ്വാഗതവും അസോ. പ്രൊഫ. ഡോ. സെബാസ്റ്റ്യൻ ടി.കെ നന്ദിയും പറഞ്ഞു. യോഗത്തിനുശേഷം മധുരവിതരണവും നടത്തി. 16-ന് എൻ എസ് എസിന്റെ നേതൃത്വത്തിൽ 'യൂത്ത് സ്പോർട്ട്സ് ആൻഡ് ഫിറ്റ്നസ്സ് കൾച്ചർ ഇൻ ക്യാമ്പസ്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷനായ ചടങ്ങിൽ പ്രോഗ്രാം ഓഫീസർമാരായ ഡോ. ദീപാമോൾ മാത്യുവും ഡോ. ജെയ്സൺ ജോസഫും വോളന്റിയർ സെക്രട്ടറിമാരായ സ്വാതി ബാലകൃഷ്ണൻ, ഗോപിക ടി.സി, ശ്രേയ ബി എന്നിവരും സംസാരിച്ചു. അന്നുതന്നെ എൻ സി.സി യുടെ ആഭിമുഖ്യത്തിൽ 'ഓപ്പർച്യൂണിറ്റീസ് ഓഫ് എൻ സി സി കേഡറ്റ്' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. കേണൽ മാധവൻ വിഷയം അവതരിപ്പിച്ചു.

17 ന് നിർമലഗിരി പൂർവ വിദ്യാർത്ഥി സംഘടനയായ എവർഗ്രീൻ സംഘടിപ്പിച്ച ഗുരുസമക്ഷം പരിപാടി കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. ഉദ്ഘാടനം ചെയ്തു. നിർമലഗിരി കോളേജ് മുൻ അധ്യാപകൻ പ്രൊഫ ഡോ. പി. വി. സദാനന്ദനെ ആദരിക്കുന്ന ചടങ്ങിൽ വിവിധ മേഖലകളിലെ പ്രമുഖർ പങ്കെടുത്തു. 20 ന് നിർമലഗിരി കോളേജ് ഐക്യു എസിയുടെ ആഭിമുഖ്യത്തിൽ 'ഇൻഡലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് വിത്ത് സ്പെഷ്യൽ റഫറൻസ് ടു ഇൻഡ്യൻ പേറ്റന്റ്'റ്' എന്ന വിഷയത്തിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി വെബിനാർ സംഘടിപ്പിച്ചു. അളഗപ്പാ യൂണിവേഴ്സിറ്റി ബയോടെക്നോളജി വിഭാഗം അസി. പ്രൊഫ. ഡോ.എസ്. ഗൗരീശങ്കർ വിഷയാവതരണം നടത്തി. പ്രിൻസിപ്പൽ

ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷനായിരുന്നു. ഐ ക്യു എ സി കോർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ സ്വാഗതവും ഡോ. ചിത്ര എം. മാത്യു നന്ദിയും പറഞ്ഞു.

21 ന് പോലീസ് ദിനാചരണത്തോടനുബന്ധിച്ച് നിർമലഗിരി കോളേജ് ഐക്യു എസി, എൻ എസ് എസ്, എൻ.സി.സി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പോലീസ് ഉദ്യോഗസ്ഥരെ ആദരിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ വി ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു. ബർസാർ ഫാ. മാത്യു തെക്കേമുറി കൂത്തുപറമ്പ് പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരെ പൊന്നാട അണിയിച്ച് ആദരിച്ച് സംസാരിച്ചു. കുത്തുപറമ്പ് പോലീസ് സ്റ്റേഷൻ സർക്കിൾ ഇൻസ്പെക്ടർ ബിനു മോഹൻ പി എ, സബ് ഇൻസ്പെക്ടർ സന്ദീപ് കെ ടി, എ എസ് ഐ അനിൽകുമാർ, സിവിൽ പോലീസ് ഓഫീസർമാരായ അനൂപ്, ബിജിൽ എന്നിവരെയാണ് ആദരിച്ചത്.

ഹോം സയൻസ് വിഭാഗത്തിൽ നിന്നും വിരമിച്ച അധ്യാപിക പ്രഫ. ടെസ്സി ജോസഫിന്റെ നിര്യാണത്തിൽ സ്റ്റാഫ് അസോസിയേഷന്റെ നേതൃത്വത്തിൽ 23 ന് അനുശോചന യോഗം സംഘടിപ്പിച്ചു. ബർസാർ ഫാ.ഷാജി തെക്കേമുറി, മുൻ പ്രിൻസിപ്പൽ ഫാ.ജിയോ പുളിക്കൻ, പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. ഡോ. സിസ്റ്റർ സെലിൻ മാത്യു അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് തോമസ് പി.ജെ. തോമസ് എന്നിവർ ടെസി ടീച്ചറുടെ നിര്യാണത്തിൽ അനുശോചിച്ച് സംസാരിച്ചു. സ്റ്റാഫ് അസോസി യേഷൻ പ്രസിഡന്റ് ഡോ. സുജാ മറിയാമ്മ ജോഷ്വാ അനുശോചന പ്രമേയം അവതരിപ്പിച്ചു.

25 ന് ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികളുടെ ഇൻഡക്ഷൻ മീറ്റിംഗ് നടന്നു. കോളേജ് മാനേജരും തലശ്ശേരി അതിരൂപതാ സഹായ മെത്രാനുമായ മാർ ജോസഫ് പാംപ്ലാനി മുഖ്യ ഭാഷണം നടത്തി. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. ഐ ക്യു എ സി കോർഡിനേറ്റർ ഡോ സാബു സെബാസ്റ്റ്യൻ സംസാരിച്ചു. വൈസ് പ്രിൻസിപ്പലും പോഗ്രാം കമ്മിറ്റി കൺവീനറുമായ റവ. ഡോ. ജോബി ജേക്കബ് സ്വാഗതവും സ്റ്റാഫ് സെക്രട്ടറി റവ. ഡോ. മാർട്ടിൻ ജോസഫ് നന്ദിയും പറഞ്ഞു. പിന്നീട് മാതാപിതാക്കൾക്കായി 'ഇഫക്ടീവ് പേരന്റിംഗ്' എന്ന വിഷയത്തിൽ കോളേജ് ബർസാറും സൈക്കോളജിസ്റ്റുമായ ഫാ. ഷാജി തെക്കേമുറി ക്ലാസെടുത്തു.

**പി ആർ ഒ**
നിർമ്മലഗിരി കോളേജ്

# ഇൻഫാം വാർത്തകൾ

കാർഷിക മേഖല നേരിടുന്ന പ്രതിസന്ധികൾ അനുദിനം വർദ്ധിക്കുകയാണ്. ഉപഭോഗ വസ്തുക്കളുടെ രൂക്ഷമായ വിലക്കയറ്റം, തൊഴിലാളികളുടെ വേതന വർദ്ധന, രാസവളങ്ങളുടെ വിലക്കയറ്റവും ലഭ്യതക്കുറവും, അനുദിനമുള്ള ഡീസൽ - പെട്രോൾ വില വർദ്ധന, ഉയരുന്ന നികുതിഭാരം, സാധാരണക്കാരന്റെ നിലനില്പ്തന്നെ ചോദ്യം ചെയ്യുന്ന ജീവിത സാഹചര്യമാണുള്ളത്. നാണ്യവിളകളുടെ വിലയില്ലായ്മയും വന്യമൃഗശല്യങ്ങളും ബഫർ സോൺ വിഷയങ്ങളും കർഷക പ്രതിസ ന്ധിയ്ക്ക് ആക്കം കൂട്ടുകയാണ്. ഈ സാഹചര്യത്തിൽ കക്ഷിരാഷ്ട്രീയ ത്തിനും, ജാതി മത ചിന്താഗതികൾക്കും അതീതമായി കർഷകർ സംഘടിക്കേണ്ടിയിരിക്കുന്നു. വീണ്ടും ഒരു കർഷക ശാക്തീകരണം ഇൻഫാമിന്റെ നേതൃത്വത്തിൽ ഇന്ന് ആവശ്യമായിരിക്കുന്നു. അതിനായി സംഘടനാ തലത്തിൽ എല്ലാ ഇടവകകളിലും യൂണിറ്റുകൾ ആരംഭിക്കണം. ഒപ്പം ഫൊറോനാ കമ്മറ്റിയും ജില്ലാ കമ്മറ്റിയും നവംബർ മാസത്തോടെ പൂർത്തികരിക്കണം.

## ഇൻഫാം കണ്ണൂർ ജില്ലാ കമ്മിറ്റി

27-9-21 ന് സൂം മീറ്റിംഗിലൂടെ ഇൻഫാം ജില്ല ജനറൽ ബോഡി യോഗം ചേർന്നു. പ്രസിഡൻറ് സ്കറിയ നെല്ലംകുഴി അദ്ധ്യക്ഷത വഹിച്ചു. ഇൻഫാം ദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഇൻഫാം അതിരൂപതാ ഡയറക്ടർ ഫാ. തോമസ് ചെരുവിൽ വിഷയാവതരണം നടത്തി. ഫാ. ജോസഫ് കാവനാടി മുഖ്യപ്രഭാഷണം നടത്തി. സണ്ണി തുണ്ടത്തിൽ, ജോസ് തോണിക്കൽ, ഷാജി തെക്കേക്കര, സണ്ണി പുല്ലുവേലി, ഉണ്ണികൃഷ്ണൻ ചുഴലി, ടോമി ചക്കാലക്കുന്നേൽ, ആന്റണി ജീരകത്തിൽ, ലാലിച്ചൻ കുഴിയാത്ത്, ഡോ. ജോസഫ് തോമസ്, സുരേഷ് ഓടപ്പന്തി എന്നിവർ പ്രസംഗിച്ചു. കാട്ടാനയുടെ അക്രമണം മൂലം മരണമടഞ്ഞ ജസ്റ്റിൻ ചെങ്ങഴശ്ശേരിയുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

- റബ്ബറിന് 250 രൂപ നിശ്ചയിച്ച് ഇൻസന്റീവ് നല്കുക
- നാളികേരം 50 രൂപ വില നിശ്ചയിച്ച് സർക്കാർ സംഭരിക്കുക.
- 60 വയസ് കഴിഞ്ഞവർക്ക് ഉപാധികളില്ലാതെ 10000 രൂപ പെൻഷൻ അനുവദിക്കുക
- വന്യമൃഗ ശല്ല്യങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കുക.
- പ്രകൃതിക്ഷോഭങ്ങൾക്ക് അർഹമായ നഷ്ടപരിഹാരം നല്കുക.
- ബഫർ സോൺ കർഷകർക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുക

തുടങ്ങിയ വിഷയങ്ങളുന്നയിച്ച് കർഷക സമ്മേളനങ്ങൾ സംഘടിപ്പിക്കുക.

- ഇടവകാ, ഫൊറോനാകമ്മറ്റികൾ സമയബന്ധിതമായി പുനഃസംഘടിപ്പിക്കുക.

## ഇൻഫാം മേരിഗിരി മേഖലാ കൺവെൻഷൻ

ഇൻഫാം മേരിഗിരി മേഖലാ കമ്മറ്റി രൂപീകരണവും, മേഖലാ കൺവെൻഷനും പെരുമ്പടവ് പാരീഷ് ഹാളിൽ നടന്നു .ഇൻഫാം മേരിഗിരി ഫൊറോന ഡയറക്ടർ ഡോ. മാണി മേൽവെട്ടം ഉത്ഘാടനം നിർവ്വഹിച്ചു. ഫാ. ജോബി നിരപ്പേൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. ജോസ് തയ്യിൽ ക്ലാസ് നയിച്ചു. ഫാ. അരുൺ പുതിയാപറമ്പിൽ, ശ്രീ. ജോജി ആനിത്തോട്ടത്തിൽ, ശ്രീ.ഷാജി കാടൻചിറ, ശ്രീ. ഡോമിനിക്ക് പാമ്പൂരിക്കൽ എന്നിവർ പ്രസംഗിച്ചു.

## ഇൻഫാം മേരിഗിരി മേഖലാ ഭാരവാഹികൾ

പ്രസിഡന്റ്-ശ്രീ. ഡൊമിനിക്ക് പാമ്പൂരിക്കൽ, സെക്രട്ടറി-ബെന്നി കല്ലഞ്ചിറ, വൈസ് പ്രസിഡന്റ്-ടോമിച്ചൻ വെട്ടിക്കാലായിൽ, ജോയന്റ് സെക്രട്ടറി-ഷിബു പള്ളിത്തോട്ടത്തിൽ, ട്രഷറർ-ജോസ് കാരിക്കകുന്നേൽ.

## ചെറുപുഴ ഫൊറോന ഭാരവാഹികൾ

ഒക്ടോബർ 16 നു ശനിയാഴ്ച ചെറുപുഴ വച്ച് നടന്ന യോഗത്തിന് ഇൻഫാം ചെറുപുഴ ഫൊറോനാ ഡയറക്ടർ ഫാ. അബ്രാഹം വടക്കേമുറി സി.എം.ഐ നേതൃത്വം നല്കി. ഫൊറോന വികാരി ഫാ. ജോസ് വെട്ടിക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന ഇൻഫാം ചെറുപുഴ മേഖല യോഗത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും പ്രോത്സാഹിപ്പിച്ച വികാരിയച്ചൻമാർക്കും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു. പ്രസ്തുത യോഗത്തിൽ ഇൻഫാം ചെറുപുഴ മേഖല ഭാരവാഹികളായി താഴെപറയുന്ന ആളുകളെ തിരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡന്റ് | - ബേബി മാങ്ങോട്ടിൽ (ചെറുപുഴ) |
| വൈസ് പ്രസിഡന്റ് | - ജോസ് പുതുപ്പറമ്പിൽ (പാടിച്ചാൽ) |
| സെക്രട്ടറി | - ജോണി മോളത്ത് (പുളിങ്ങോം) |
| ജോയിന്റു സെക്രട്ടറി | - തോമസ് കൈപ്പനാനിക്കൽ (ചെറുപുഴ) |
| ട്രഷറർ | - സാബു തോമസ് പൊരിയത്ത് (കോഴിച്ചാൽ) |

## കമ്മിറ്റി അംഗങ്ങൾ

1. വിൻസെന്റ് കാരകുന്നേൽ (രാജഗിരി)
2. ഷോജി കുന്നത്തറ (പാടിച്ചാൽ)
3. ജോയ് മംഗലത്ത് (മുളപ്ര)
4. ബിനേഷ് പഴേപറമ്പിൽ (ചൂരപ്പടവ്)

## നെല്ലിക്കാംപൊയിൽ

ഇൻഫാം നെല്ലിക്കാംപൊയിൽ ഫൊറോനാ ഡയറക്ടർ ഫാ. ആശാരിക്കുന്നേൽ ഷാജി അച്ചന്റെ നേതൃത്വത്തിൽ-എല്ലാ ഇടവകകളുടെയും സഹകരണത്തോടെ ശക്തമായ ഒരു മേഖല ടീമിനെ നെല്ലിക്കാംപൊയിൽ മേഖലയ്ക്ക് ലഭിച്ചിരിക്കുന്നു. ഫൊറോന വികാരി. ഫാ. ജോസഫ് കാവനാടിയച്ചനും നേതൃത്വം നല്കിയ ഏവർക്കും അഭിനന്ദനങ്ങൾ!

**ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | - ഷാജി തെക്കേമുറിയിൽ |
| വൈസ് പ്രസിഡന്റ് | - കുര്യാക്കോസ് മണിപ്പാടത്ത് (തേർമല ) |
| സെക്രട്ടറി | - എബി കരാമയിൽ നെല്ലിക്കാം പോയിൽ |
| ജോയിന്റ് സെക്രട്ടറി | - ജോണി നെറ്റിക്കാട്ട് (ഇരിട്ടി ) |
| ട്രഷറർ | - തോമസ് പേരൂക്കുന്നേൽ (പുറവയൽ) |

**എക്സിക്യൂട്ടീവ് അംഗങ്ങൾ**

| | |
|---|---|
| സേവ്യർ പ്ലാക്കുട്ടത്തിൽ | - മണിക്കടവ് |
| സുബാഷ് കൊട്ടാരത്തിൽ | - കാലാങ്കി |
| ഷാജു പാറപ്പുറത്ത് | - മുണ്ടാനൂർ |
| തോമസ് കടുക്കുന്നേൽ | - വിളമന |

സ്നേഹപൂർവ്വം,

**ഫാ. തോമസ് ചെരുവിൽ**
ഡയറക്ടർ

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

## ഒക്ടോബർ

9,16, 23,30 തീയതികളിൽ കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് സൂം ആപ്പ് വഴിയായി വിശുദ്ധ ബലി അർപ്പിച്ചു. വിശുദ്ധ കുർബ്ബാനയ്ക്കുശേഷം ആളുകളുടെ വിശ്വാസപരമായ സംശയങ്ങൾ ചർച്ച ചെയ്തു.

## മരിയൻ ധ്യാനം

29,30 തീയതികളിൽ രാത്രി 8.00 മുതൽ 9. 45 വരെ രണ്ട് ദിവസങ്ങളിലായി ജപമാല സമർപ്പണത്തോകൂടി മരിയൻ ചിന്തകൾ പങ്കുവെച്ചു. കേരളത്തിലെ വിവിധ ബധിര കൂട്ടായ്മയിലെ അംഗങ്ങൾ ധ്യാനത്തിൽ പങ്കുചേർന്നു. ഫാ. പ്രിയേഷ്, ബ്രദർ ജോസഫ് തേർമടം, സിസ്റ്റർ അഭയ എഫ്സിസി തുടങ്ങിയവർ ധ്യാന ചിന്തകൾക്ക് നേതൃത്വം നൽകി.

## കൊന്ത നമസ്കാരം

ഇരുപത്തിരണ്ടാം തീയതി പരിശുദ്ധ കുർബാനയുടെ ആരാധനയോടെ ആഘോഷമായ ജപമാല സമർപ്പണം ആരംഭിച്ചു. മുപ്പത്തിയൊന്നാം തീയതി വരെയുള്ള ദിവസങ്ങളിൽ ഫാ. പ്രിയേഷ് കളരിമുറിയിൽ ബ്ര. ജോസഫ് തേർമടം, സിസ്റ്റർ അഭയ എഫ്സിസി, സിസ്റ്റർ പ്രീജ എഫ്സിസി, സ്റ്റാലിൻ, ആന്റണി വെട്ടിക്കാട്ടിൽ, ജോഷി തുടങ്ങിയവരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഓരോ ദിവസവും വിവിധ ജില്ലകളിലുള്ള ബധിര വിശ്വാസസമൂഹം ജപമാല സമർപ്പണത്തിനു നേതൃത്വം നൽകി. സമാപന ദിനത്തിൽ മുപ്പത്തിയൊന്നാം തീയതി മദർ ഹോം ഡയറക്ടർ ഫാ. അബ്രാഹം തോണിപ്പാറ സന്ദേശം നൽകി. ജപമാല സമർപ്പണത്തിന് ഓൺലൈൻ സൗകര്യമൊരുക്കിയ കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യക്ക് നന്ദി പ്രകാശിപ്പിക്കുന്നു.

## നവംബർ പ്രോഗ്രാം

- 6,13,20,27 വിശുദ്ധ കുർബാന വൈകുന്നേരം 6 30 ന് ഓൺലൈനിൽ.
- **നവംബർ 7** - വിശുദ്ധ കുർബാന, ബൈബിൾ ക്ലാസ്.
- ആലക്കോട് സെൻറ് മേരീസ് ഫൊറോന ദേവാലയം രാവിലെ 11 മണിക്ക്.

സ്നേഹപൂർവം,

**ഫാ. ജോർജ് കളരിമുറിയിൽ**

ഡയറക്ടർ

# കരിസ്മാറ്റിക് നവീകരണം

## നോർത്ത് മലബാർ സബ്റീജിയൻ സന്ദർശനം

തലശ്ശേരി, കണ്ണൂർ, കാസർഗോഡ് സബ്റീജിയൻ സന്ദർശനം 22.9.2021–ന് 8.15 pm മുതൽ 10.15 വരെ സമയങ്ങളിൽ കമ്മീഷൻ പിതാക്കന്മാരുടെ നേതൃത്വത്തിൽ നടന്നു. ചെയർമാൻ സാമുവൽ മാർ ഐറേനിയസ്, വൈസ് ചെയർമാൻ റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല, കോ ഓഡിനേറ്റർ ഫാദർ ജോസഫ് താമരവെളി, വൈസ് കോർഡിനേറ്റർ ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ, സെക്രട്ടറി ശ്രീമതി കൊച്ചുറാണി ജോസഫ്, കെ സി എസ് സി സർവീസ് ടീം അംഗങ്ങൾ എന്നിവരും സോണിൽനിന്ന് സോണൽ ഉപദേശക സമിതി അംഗങ്ങളും പങ്കെടുത്തു. സ്തുതി, ആരാധന, സോണൽ റിപ്പോർട്ടിംഗ്, അനുഗ്രഹഭാഷണം, പ്രചോദനങ്ങളും ഉത്തരങ്ങളും, ദിവ്യകാരുണ്യ ആശിർവാദം എന്നിവയും നടന്നു.

തലശ്ശേരി സോണൽ സർവീസ് ടീം 30. 9.2021 ന് നടന്നു. അന്ന് എടുത്ത തീരുമാനങ്ങൾ അനുസരിച്ച് ഒക്ടോബർ മാസം അഞ്ച് സോണുകൾ വിസിറ്റ് നടത്തി.

## മധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രി

തലശ്ശേരി സോൺ 5 സബ് സോണുകളിൽ ആയി 63 ഇടവകകളിൽ പ്രാർത്ഥന കൂട്ടായ്മ നടത്തുന്നു. എല്ലാ ദിവസവും ആയിരത്തിലധികം കുടുംബങ്ങളിൽ ചെയിൻ പ്രാർത്ഥന നടത്തുന്നു. ഒരു വർഷം നീണ്ടു നിൽക്കുന്ന അഖണ്ഡ വചനപാരായണം നടന്നുവരുന്നു. എല്ലാ വെള്ളിയാഴ്ച കളിലും സോണൽ, സബ് സോൺ മദ്ധ്യസ്ഥപ്രാർത്ഥന 8.30 pm മുതൽ 9.45 pm വരെ ഒന്നിടവിട്ടുള്ള ആഴ്ചകളിൽ നടന്നുവരുന്നു. അതിന് മധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രി നേതൃത്വം നൽകുന്നു.

ജൂബിലി വർഷ ഒരുക്ക പ്രാർത്ഥന ഈ മാസത്തിൽ രാവിലെ 7 മുതൽ 8 മണിവരെയുള്ള സമയങ്ങളിൽ എല്ലാ ദിവസവും നടത്തുന്നു. ഇൻറർസെഷൻ ആർമിയും സജീവമായി പ്രവർത്തിക്കുന്നു.

തൂവാനീസ മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തുന്ന ജൂബിലി ഒരുക്ക പ്രാർത്ഥന രാവിലെ 10.00 മുതൽ 11.00 വരെയുള്ള സമയങ്ങളിൽ നടത്തുന്നു. അമ്മമാർ ജപമാലയ്ക്ക് നേതൃത്വം നൽകി വരുന്നു. കിടപ്പുരോഗികളും ഈ ജപമാല പ്രാർത്ഥനയിൽ പങ്കെടുക്കുന്നു.

പാരീഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടക്കുന്ന ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ അഞ്ചാം ബാച്ച് ആരംഭിച്ചു. ഒക്ടോബർ 10–ാം തീയതി മുതൽ 5 സോണുകളായി ഇടവക തലത്തിൽ രണ്ടാമത്തെ ബാച്ച് ഓഫ് ലൈനായും ഓൺലൈനായും തുടങ്ങി. ഇരുന്നൂറോളം റിസോർസ് ഇതിന് നേതൃത്വം നൽകുന്നു.

സോണൽ തലത്തിലുള്ള Youth ministery മീറ്റിംഗ് 29.9.2021–ന് നടന്നു. തീരുമാനം അനുസരിച്ച്, ഇടവകതലത്തിൽ യൂത്ത് മിനിസ്ട്രി ഒക്ടോബർ 9–ാം തീയതി മുതൽ ആരംഭിച്ചു. ഒരുമാസം, സബ്സോൺ, സോൺ കെ സി എസ് സി എന്നിങ്ങനെ നാല് ആഴ്ചകളിലായി യൂത്ത് മിനിസ്ട്രി കൂട്ടായ്മകൾ നടന്നുവരുന്നു.

ക്രിസ്റ്റീൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഒക്ടോബർ 10 ന് അഖണ്ഡ ജപമാല നടത്തി. ഒക്ടോബർ 14, 15, 16 തീയതികളിലായി ക്രിസ്റ്റീൻ ധ്യാനം നടത്തി. പരിശുദ്ധാത്മാവേ വരിക എന്ന വിഷയത്തെ അടിസ്ഥാന മാക്കിയായിരുന്നു ധ്യാനം. നൂറിലധികം കുട്ടികൾ പങ്കെടുത്തു. ക്രിസ്ത്യൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഇതിൽ സോണൽ തല ഗ്രൂപ്പു കൂട്ടായ്മ എല്ലാ ശനിയാഴ്ചയും ഉച്ചകഴിഞ്ഞ് 3.00 മണിക്ക് നടക്കുന്നു. എല്ലാ ഞായറാഴ്ചയും സബ്സോൺ തലത്തിൽ 5.00 മണി മുതൽ ആറു വരെ സമയം കൂട്ടായ്മ നടക്കുന്നു. എല്ലാ തിങ്കളാഴ്ചയും 9.30 pm ന് സോണൽ കോർ നടത്തുന്നു. പ്രാർത്ഥിക്കുന്നു, തീരുമാനങ്ങൾ എടുക്കുന്നു, നടപ്പിൽ വരുത്തുന്നു.

കെറിഗ്മ മിനിസ്ട്രി എല്ലാ ഞായറാഴ്ചകളിലും രാത്രി 9 മണിക്ക് ഒന്നിച്ചു ചേർന്ന് പ്രാർത്ഥിച്ച് തീരുമാനങ്ങൾ എടുക്കുന്നു. നടപ്പിൽ വരുത്തുന്നു. ലോഡ്സ് കപ്പിൾസ് മിനിസ്ട്രി സോണൽ തലത്തിൽ ഞായറാഴ്ച നടക്കുന്നു. സബ് സോൺ കൂട്ടായ്മകളും നടക്കുന്നു.

ജീവജ്വാല പ്രവർത്തനങ്ങൾക്ക് സോണൽ തലത്തിൽ ശ്രീ ദേവസ്യ തൈപ്പറമ്പിൽ, കോഡിനേറ്റർ ജോസഫ് ആലപ്പാട്ട് എന്നിവർ നേതൃത്വം നൽകുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളും വളരെ കാര്യക്ഷമമായ രീതിയിൽ സോൺ, സബ് സോൺ ഇടവകതലത്തിൽ നടത്തുന്നു.

## സിസ്റ്റേഴ്സ് മിനിസ്ട്രി

കെ സി എസ് സി സെക്രട്ടറിയും നോർത്ത് മലബാർ സബ് റീജിയൻ കോർഡിനേറ്ററുമായ സി. മേരി സി.എം.സിയുടെ നേതൃത്വത്തിൽ. സബ് റീജിയൻ സംഗമം നടത്തി. തലശ്ശേരി സോൺ കമ്മിറ്റി രൂപീകരിച്ചു. കോഡിനേറ്റർ സി. വിക്ടോറിയ എസ്എബിഎസ്, സെക്രട്ടറി സിസ്റ്റർ റ്റീന എസ്എബിഎസ് ട്രഷറർ സിസ്റ്റർ ആലീസ് എസ്എച്ച് എന്നിവരാണ്. ഒൻപത് അംഗ ഭാരവാഹികളാണ് കമ്മിറ്റിയിൽ ഉള്ളത്.

അമ്മയോടൊപ്പം ഭാരതാംബക്കായി ഒക്ടോബർ മൂന്നിന് തിരുവനന്തപുരത്തു നിന്നാരംഭിച്ച മാതാവിന്റെ തിരുസ്വരൂപ പ്രദക്ഷിണം ഒക്ടോബർ 5 ന് രാവിലെ 9 മണിക്ക് കോഴിക്കോട് സോണിൽ നിന്ന് ഏറ്റുവാങ്ങി. തലശ്ശേരി റോസറി ദേവാലയത്തിൽ വച്ച് ജപമാലയും വിമലഹൃദയ പ്രതിഷ്ഠയും നടത്തിയതിനുശേഷം തലശ്ശേരി സോൺ 12 മണിക്ക് കണ്ണൂർ സോണിന് കൈമാറി.

**ഡയറക്ടർ**

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ, എഡിഎസ്‌യു, പ്രതീക്ഷാ മദ്യപ ചികിത്സാകേന്ദ്രം

## ലഹരിവിരുദ്ധ ബോധവൽക്കരണ പര്യടനം ഒക്ടോബർ 2 മുതൽ 11 വരെ കണ്ണൂർ -കാസറഗോഡ് ജില്ലകളിലെ ഗ്രാമങ്ങളിലൂടെ പര്യടനം ഉദ്ഘാടനം പൈസക്കരിയിൽ

കെസിബിസി മദ്യവിരുദ്ധ സമിതിയും മുക്തിശ്രീയും സംയുക്തമായി നടത്തുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പര്യടനത്തിന് പൈസക്കരിയിൽ തുടക്കമായി. ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. തങ്കച്ചൻ കിഴക്കയിൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ മുഖ്യപ്രഭാഷണം നടത്തി. ഫൊറോനാ വികാരി ഫാ. സിബി പാലാക്കുഴി, വിൻസെന്റ്, ജോയി, സിസിലി എന്നിവർ പ്രസംഗിച്ചു. ടൗണിൽ നടന്ന സമ്മേളനം ലഹരിവിരുദ്ധ പ്രതിജ്ഞയെടുത്ത് സമാപിച്ചു.

## ചെമ്പേരിയിൽ ഏകദിന ഉപവാസം

ഒക്ടോബർ 2-ന് രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ ലഹരിവിരുദ്ധ കേരളത്തിന് വേണ്ടി പ്രവർത്തകർ ഏകദിന ഉപവാസം നടത്തി. പ്രാർത്ഥനകൾക്ക് ഫാ. ചാക്കോ കുടിപ്പറമ്പിൽ ഫൊറോന വികാരി ഫാ. ജോർജ് കാഞ്ഞിരക്കാട്ട്, ജോസ് ചിറ്റേട്ട്, അപ്പച്ചൻ കാഞ്ഞിരക്കാട്ട് തൊട്ടിയിൽ, ജിൻസി കുഴിമുള്ളിൽ, ഷെൽസി കാവനാടി എന്നിവർ നേതൃത്വം നല്കി.

**ലഹരിവിരുദ്ധ സന്ദേശം :** ചെമ്പന്തൊട്ടി ആടാംപാറ പാടാംകവല, ശാന്തിനഗർ, മാങ്ങോട്, കുന്നുംകൈ, കാലിച്ചാനടുക്കം എന്നീ ഇടവകകളിൽ വി. കുർബ്ബാന അർപ്പിക്കുകയും ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് നല്കുകയും ചെയ്തു. ഫാ. ജോസ് മാണിക്കത്താഴെ, ഫാ. ഡെന്നീസ് നെല്ലിത്താനം, ഫാ. ജിസ് കളപ്പുരയ്ക്കൽ, ഫാ. വിന്റോ ചക്യാരത്ത്, ഫാ. ജോർജ് കളരിമുറിയിൽ, ഷിനോ പാറയ്ക്കൽ, വിൻസെന്റ് മുണ്ടാട്ടുചുണ്ടയിൽ, ആന്റണി മേൽവെട്ടം, സാബു ചിറ്റേത്ത്, ബിന്നി കിഴക്കേക്കര എന്നിവർ നേതൃത്വം നല്കി.

## ലഹരി വിരുദ്ധ ബോധവൽക്കരണ പര്യടനം കണ്ണൂർ ജില്ലാ സമാപനം എടൂരിൽ

ഒക്ടോബർ 2 മുതൽ 7 വരെ നടന്ന ജില്ലാ പര്യടനത്തിന് എടൂരിൽ സമാപനം കുറിച്ചു. എടൂരിൽ നടന്ന സമ്മേളനം ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ഫാ. ജെയിംസ് മൂന്നാനപ്പള്ളി അദ്ധ്യക്ഷത വഹിച്ചു സമ്മേളനത്തിൽ ആന്റണി മേൽവെട്ടം, മേരി ആലയ്ക്കാമറ്റം, സാബു ചിറ്റേത്ത്, ബിന്നി സണ്ണി, എന്നിവർ നേതൃത്വം നല്കി.

## കാസറഗോഡ് ജില്ലാ പര്യടന സമാപനം ചിറ്റാരിക്കാലിൽ

ഒക്ടോബർ 11-ന് പത്ത് ദിവസം നീണ്ടുന്ന നിന്ന ബോധവൽക്കരണ പര്യടനത്തിന് കാസറഗോഡ് ജില്ലയിലെ ചിറ്റാരിക്കാലിൽ സമാപനമായി. മാർ ജോസഫ് പാംപ്ലാനി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. സെമിനാർ ഫാ. ചാക്കോ കുടിപ്പറമ്പിൽ നയിച്ചു. ഫൊറോന വികാരി ഫാ. മാർട്ടിൻ കിഴക്കേത്തലയ്ക്കൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ഫാ. പോൾ മാഞ്ഞൂരാൻ എന്നിവർ പ്രസംഗിച്ചു.

## അവാർഡ് ജേതാവിനേയും ജൂബിലേറിയൻസിനേയും ആദരിച്ചു

ജൈവകൃഷിയിൽ ജില്ലയിലെ മികച്ച കർഷകനുള്ള അവാർഡ് ലഭിച്ച കെസിബിസി മദ്യവിരുദ്ധ സമിതി, മുക്തിശ്രീ ഉപദേശകസമിതി അംഗം ഡോ. ജോസ്‌ലെറ്റ് മാത്യുവിനെയും സുവർണ്ണജൂബിലി ആഘോഷിക്കുന്ന ചീഫ് ആനിമേറ്റർമാരായ റവ. സി. നോബിൾ എഫ്.സി.സി. റവ. സി. ജോസ്മരിയ സിഎംസി രജതജൂബിലി ആഘോഷിക്കുന്ന റവ.സി. ലൂസീന എസ്. എച്ച്. എന്നിവരെ ആദരിച്ചു. ഇരിട്ടിയിൽ നടന്ന ചടങ്ങിൽ അഡ്വ. സണ്ണി ജോസഫ് എംഎൽഎ ഉദ്ഘാടകനായിരുന്നു.

## ട്രെയിനിംഗ്പ്രോഗ്രാം

പ്രതീക്ഷയുടെ ആഭിമുഖ്യത്തിൽ വിവിധ പരിശീലനപരിപാടികൾ നടത്തി. ഒരു മാസം നീണ്ട് നിന്ന പരിപാടികൾ വിവിധ കോളേജുകളിൽ. MSW, BSW, Msc Psychology പഠിക്കുന്ന കുട്ടികളെ ഉദ്ദേശിച്ചുള്ളതായിരുന്നു. രാജഗിരി കോളേജ് എറണാകുളം, സെന്റ് അലോഷ്യസ് കോളേജ് മംഗലാപുരം, ഹൃദയാരാം കണ്ണൂർ തുടങ്ങിയ കോളേജുകളിൽ നിന്നായി 40 ഓളം കുട്ടികൾ പങ്കെടുത്തു. ഫാ. ചാക്കോ കുടിപ്പറമ്പിൽ, ഫാ. മാത്യു കാരിക്കൽ പ്രതീക്ഷയിൽ നേതൃത്വം നൽകി.

## ഗാന്ധിജയന്തി

ഒക്ടോബർ 2 ഗാന്ധിജയന്തി വിവിധ പരിപാടികളോടെ പ്രതീക്ഷയിൽ ആഘോഷിച്ചു. ഗാന്ധി അനുസ്മരണം, ശുചീകരണ പ്രവർത്തനങ്ങൾ ഇവ നടത്തി. സ്റ്റാഫംഗങ്ങൾ ഒന്നുചേർന്ന് പ്രതീക്ഷയുടെ പരിസരത്ത് കൂടെ കടന്ന്പോകുന്ന റോഡ് വൃത്തിയാക്കി, ചെടിനട്ട് പിടിപ്പിച്ചു.

ആദരവോടെ,

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ
ഡയറക്ടർ, എഡിഎസ്‌യു

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# ഏയ്ഞ്ചൽ ട്രസ്റ്റ്

## ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് കരുവഞ്ചാലിൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ ഏയ്ഞ്ചൽ (ANGEL-Archbishop Njaralakatt George's Envision for Life) ഡയാലിസിസ് സെന്റർ പ്രവർത്തനമാരംഭിച്ചു. സമൂഹത്തിലെ ഏറ്റവും കഷ്ടതയനുഭവി ക്കുന്നവർക്കായി ആവിഷ്ക്കരിക്കുന്ന ഈ ഡയാലിസിസ് സെന്ററിലൂടെ വർദ്ധിച്ചുവരുന്ന നിരവധി വൃക്ക രോഗികളെ സഹായിക്കാനുള്ള കർമ്മപദ്ധതിയാണ് പ്രാവർത്തികമാകുന്നത്. മെഡിക്കൽ വെന്റിലേറ്റർ ഉൾപ്പെടെ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ 15-ൽ പരം മെഷീനുകളുടെയും, വിദഗ്ധരായ ആരോഗ്യപ്രവർത്തകരുടെയും സേവനം 24 മണിക്കൂറും ഡയാലിസിസ് സെന്ററിൽ ലഭ്യമാക്കുകയും, കരുവഞ്ചാലിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള വൃക്കരോഗികൾക്ക് അവരുടെ സമീപത്തുള്ള ഡയാലിസിസ് സെന്ററുകളുമായി ബന്ധപ്പെട്ട് സൗജന്യ ഡയാലിസിസിന് സൗകര്യങ്ങളൊരുക്കുകയും, സൗജന്യ ഡയാലിസിസിന് അർഹരായ രോഗികളെ കണ്ടെത്തുന്നതിന് ഫൊറോന തലത്തിൽ കമ്മറ്റികൾ രൂപീകരിക്കുകയും ചെയ്യുന്നു. നിശ്ചിത തുക ഈ സത്കർമ്മത്തിനായി സംഭാവന ചെയ്യാൻ സന്നദ്ധതയുള്ള എല്ലാ സുമനസ്സുകളുടെയും ഫൊറോനകളുടേയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇങ്ങനെ ലഭിച്ച തുക ഉപയോഗിച്ച് മെഷീനുകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഡയാലിസിസ് സെന്ററിൽ പൂർത്തീകരിക്കാൻ സാധിച്ചു. അതിനായി സഹകരിച്ച എല്ലാവരേയും സ്നേഹപൂർവ്വം ഓർക്കുന്നു.

**ഈ പുണ്യപ്രവൃത്തിക്കായി സംഭാവന നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.** (2021 ഒക്ടോബർ 18 വരെയുള്ള കണക്കുകൾ)

| | | |
|---|---|---|
| 1. | Jose P J | 6,000/- |
| 2. | Mathew K J | 1,000/- |
| 3. | St. George Forane Church Chempanthotti | 5,74,000/- |
| 4. | Fr. Vicar And Trustee, Thaliparamba | 1,00,000/- |
| 5. | Rarichan | 500/- |
| 6. | Rojin Jacob | 1,000/- |
| 7. | Fr. Vicar St. Mary's Church, Kiliyanthara | 1,00,000/- |
| 8. | St. Mary's Forane Church Edoor | 5,00,000/- |
| 9. | St.Jude's Church Karunapuram | 1,00,000/- |
| 10. | MSMI Provincial house, Kannur | 1,00,000/- |
| 11. | Mother Superior & Procurator, Kuthuparamba | 10,000/- |

| | | |
|---|---|---|
| 12. | Fr. Vicar St. Alphonsa Church, Kolayad | 1,00,000/- |
| 13. | IC Mary, Kannur | 25,000/- |
| 14. | Fr. Vicar St.Joseph Church, Permpadavu | 50,000/- |
| 15. | St. Joseph Forane Church Vayattuparamba | 1,00,000/- |
| 16. | Fr. Vicar St. Thomas Forane Church Thomapuram | 60,000/- |
| 17. | Fr. Vicar St. Josephs Church Pulingom | 65,000/- |
| 18. | Greeshma V Rose | 1,000/- |
| 19. | Robin Jose | 500/- |
| 20. | Ani Stanley | 1,000/- |
| 21. | Jince Joseph | 1,000/- |
| 22. | Rajesh Karakkattu | 1,00,000/- |
| 23. | St. Thomas Church Puncha | 5,000/- |
| 24. | Lourde Matha Chemperi | 50,000/- |
| 25. | St.Joseph Church Vayattuparamba | 50,000/- |
| 26. | Little Flower Church karuvanchal | 50,000/- |
| 27. | St. Sebastians Church Vattiyara | 5,000/- |
| 28. | CMC Provincial House Nellikkampoyil | 25,000/- |
| 29. | MSMI Provincial House,Kulathuvayal | 25,000/- |
| 30. | SABS Provincial House, Dwaraka | 10,000/- |
| 31. | CMC Provincial House, Nadavayal | 15,000/- |
| 32. | St. Antony's Church, Kalluvayal | 10,000/- |

**ഏയ്ഞ്ചൽ – ബാങ്ക് ഇടപാടുകൾ**

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഫൊറോനകൾ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി ഓരോ മേഖലകളിലും പുതിയ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചു. പുതുതായി ആരംഭിച്ച സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടുകൾ അതാത് മേഖലകളിൽ നിന്നുതന്നെ ഓപ്പറേറ്റ് ചെയ്യുവാൻ സാധിക്കുന്നു. അതോടൊപ്പം ഓരോ മേഖലകളിലും പ്രത്യേകം ചെക്ക് ബുക്കുകൾ ആയതിനാൽ സാമ്പത്തിക ഇടപാടുകൾ എളുപ്പത്തിൽ നടത്തുവാനും ക്രമീകരിക്കുവാനും സാധിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്

**ഫാ. ബെന്നി നിരപ്പേൽ**
മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി

### (ടി.എസ്.എസ്.എസ്.)

**കാൻസർരോഗ പ്രതിരോധ പ്രവർത്തനത്തിന് അമല മെഡിക്കൽ കോളേജിന്റെ അംഗീകാരം...**

**കേശദാനം=സ്നേഹദാനം**-തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടേയും കാരിത്താസ് ഇന്ത്യയുടേയും സഹകരണത്തോടെ കേശദാനം സ്നേഹദാനം പദ്ധതിക്ക് അമല മെഡിക്കൽ കോളേജിന്റെ അംഗീകാരം ലഭിച്ചിരിക്കുന്നു. കീമോതെറാപ്പിക്ക് വിധേയമാകുന്ന കാൻസർ രോഗികളുടെ കൊഴിയുന്ന മുടികൾക്ക് പകരമായി സ്വാഭാവികമുടി കൊണ്ടുതന്നെ വിഗ്ഗ് തയ്യാറാക്കി സൗജന്യമായി നൽകി അവർക്ക് പ്രതീക്ഷ നൽകുകയാണ് കേശദാനത്തിലൂടെ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ലക്ഷ്യമാക്കുന്നത്. അവയവദാനം പോലെതന്നെ മഹത്തായ ഒരു സന്ദേശം കേശദാനത്തിലൂടെ നൽകുവാൻ ഇതിലൂടെ സാധിക്കുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ആത്മാർത്ഥമായി പ്രവർത്തിക്കുകയും കൂടെ നിൽക്കുകയും ചെയ്ത എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു... തങ്ങളുടെ സൗന്ദര്യത്തിൽ ഒരു പ്രധാനപങ്ക് വഹിക്കുകയും, ഇത്രയും നാൾ പൊന്നുപോലെ സംരക്ഷിച്ചു വന്നിരുന്നതുമായ മുടി കാൻസർ രോഗികൾക്ക് വിഗ്ഗ് നിർമ്മാണത്തിനായി ദാനം ചെയ്തതിലൂടെ കരുണയുടേയും സ്നേഹത്തിന്റേയും സന്ദേശം സമൂഹത്തിന് പകർന്നു നൽകിയ എല്ലാവർക്കും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അഭിനന്ദനങ്ങൾ...

**ആഗ്രഹസാഫല്യത്തിന്റെ പൂർത്തീകരണത്തിന് ഒരു കൈത്താങ്ങായി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി**

കണ്ണൂർ ജില്ലയിലെ മമ്പറം എന്ന പ്രദേശത്ത് വർഷങ്ങളായി താമസിച്ചു വന്നിരുന്ന കുടുംബത്തിന്റെ കഷ്ടപ്പാടും ദുരിതവും നിറഞ്ഞ ജീവിതം പത്രവാർത്തയിലൂടെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അവരുടെ ദീർഘ നാളത്തെ ആഗ്രഹമായിരുന്ന ഭവനനിർമ്മാണം പൂർത്തീകരിച്ചു നൽകുവാൻ സാധിച്ചു. മറ്റു സുമനസ്സുകളുടെ സഹായത്തോടെ ഭവന നിർമ്മാണം ഘട്ടം ഘട്ടമായി നടന്നിരുന്നുവെങ്കിലും പൂർത്തീകരിക്കുവാൻ സാധിച്ചിരുന്നില്ല. ഈ ഘട്ടത്തിൽ ഇവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നേരിട്ടുകണ്ട് അവർക്കുവേണ്ട സഹായങ്ങൾ വാഗ്ദാനം ചെയ്യുവാനും, വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ ഭവനത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു

നൽകുവാനും സാധിച്ചത് വളരെയേറെ സന്തോഷകരമാണ്. ഏതൊരു കുടുംബത്തിന്റെയും അടിസ്ഥാന ആവശ്യമായ ഒരു ഭവനം ഈ കുടുംബത്തിനും സാധ്യമാക്കുവാൻ സാധിച്ചതിൽ നമുക്കേവർക്കും അഭിമാനിക്കാം. വിജയും ഭാര്യ പല്ലവിയും കൈക്കുഞ്ഞുൾപ്പെടെ നാല് മക്കളും ഇനി സുരക്ഷിതമായ ഒരു അന്തരീക്ഷത്തിൽ സന്തോഷത്തോടെ പുതിയൊരു ജീവിതത്തിലേക്ക് കാലെടുത്തു വയ്ക്കട്ടെ...

## വൈദികർക്കിടയിലെ കർഷകർ

2020 മാർച്ച് 01 മുതൽ 2021 സെപ്റ്റംബർ 30 വരെയുള്ള കോവിഡ് കാലഘട്ടത്തിൽ മികച്ച രീതിയിൽ കൃഷി ചെയ്ത തലശ്ശേരി അതിരൂപതയിലെ തെരഞ്ഞെടുക്കപ്പെടുന്ന വൈദികരെ അതിരൂപതാ തലത്തിലും മേഖലാ തലത്തിലുമായി ആദരിക്കുകയും പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. അതിരൂപതാ തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വൈദിക കർഷകർക്ക് ഒന്നാം സമ്മാനമായി 5000 രൂപയും പ്രശസ്തിപത്രവും, രണ്ടാം സമ്മാനമായി 3000 രൂപയും പ്രശസ്തിപത്രവും, മേഖലാതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വൈദിക കർഷകർക്ക് ഒന്നാം സമ്മാനമായി 2000 രൂപയും പ്രശസ്തിപത്രവും, രണ്ടാം സമ്മാനമായി 1000 രൂപയും പ്രശസ്തിപത്രവും നൽകുന്നു.

## ടിഎസ്എസ്എസിന്റെ നേതൃത്വത്തിൽ കോവിഡ് പ്രതിരോധ കിറ്റുകളുടെ രണ്ടാംഘട്ട വിതരണം നടത്തി

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഭിന്നശേഷി കുട്ടികൾക്കായി ഹൈജീൻ കിറ്റുകൾ വിതരണം ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഉപയോഗിക്കേണ്ട അവശ്യസാധനങ്ങൾ ഉൾപ്പെടുത്തിയ കിറ്റുകൾ തെരഞ്ഞെടുത്ത വിവിധ കേന്ദ്രങ്ങളിൽവച്ച് വിതരണം ചെയ്തു.

## TSSS വാർഷിക പൊതുയോഗം 2021 നവംബർ മാസത്തിൽ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വാർഷിക പൊതുയോഗം 2021 നവംബർ 20 – 30 തീയതികൾക്കുള്ളിലായി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിർദ്ദേശിച്ചിരിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കും പരിപാടികൾ സംഘടിപ്പിക്കുക. കൃത്യമായ തീയതിയും സ്ഥലവും വരും ദിവസങ്ങളിൽ അറിയിക്കുന്നതായിരിക്കും. വാർഷിക പൊതുയോഗത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

* ഏറ്റവും മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന GRAMIKA, MSS, CREDIT UNION യൂണിറ്റുകളെ തെരഞ്ഞെടുക്കുന്നു.

* ഓരോ മേഖലയിൽ നിന്നും മികച്ച സെക്രട്ടറിയെ തെരഞ്ഞെടുക്കുകയും അതിൽ നിന്നും രൂപതയിലെ ഏറ്റവും മികച്ച സെക്രട്ടറിയെ ആദരിക്കുകയും ചെയ്യുന്നു.
* തലശ്ശേരി അതിരൂപതയിലെ ഏറ്റവും മികച്ച വൈദിക കർഷകനെ ആദരിക്കുന്നു.
* എല്ലാ മേഖലകളിൽ നിന്നും തെരഞ്ഞെടുക്കുന്ന ഏറ്റവും മികച്ച ഓരോ കർഷകനേയും കർഷകയേയും ആദരിക്കുന്നു.
* യൂണിറ്റ് വിലയിരുത്തലും, മികച്ച യൂണിറ്റുകളെ തെരഞ്ഞെടുക്കലും. (അതാത് മേഖലാ ഓഫീസുകളിൽ നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങളിലായി മേഖലാ ഡയറക്ടറച്ചന്റേയും ഭാരവാഹികളുടേയും നേതൃത്വത്തിൽ യൂണിറ്റ് വിലയിരുത്തലുകൾ നടത്തുന്നതായിരിക്കും.)

**ആവശ്യമായ രേഖകൾ**

- 2020 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്
- 2020 വർഷത്തെ യൂണിറ്റ് പ്രവർത്തന റിപ്പോർട്ട്
- 2020 വർഷത്തിലെ സബ്സിഡിയറി
- മിനുട്സ് ബുക്ക്
- ലോൺ ലെഡ്ജർ
- അക്കൗണ്ട്സ് ബുക്ക് (അതാത് മാസത്തെ വരവ്-ചെലവ് കണക്കുകൾ)
- 2020 വർഷം യൂണിറ്റുകൾ ഇടപാടുകൾ നടത്തിയ ആഴ്ചകൾ
- ജനറൽ ലെഡ്ജർ
- 2020 വർഷത്തെ വായ്പാ ഫോം & എഗ്രിമെന്റ്
- സസ്പെൻസ് അംഗങ്ങളുടെ ലിസ്റ്റ് (OR ബുക്ക്)
- ബാങ്ക് പാസ്ബുക്ക്
- സംഘനിധി പാസ്ബുക്ക്

## ആടുകളെ വിതരണം ചെയ്തു

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കാത്തലിക് ഹെൽത്ത് അസോസിസേഷൻ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ ആടുകളെ വിതരണം ചെയ്തു. മലയോര മേഖലയിലെ നിർധനരായ കുടുംബങ്ങൾക്ക് ഉപജീവനമാർഗ്ഗം നൽകുക എന്ന ലക്ഷ്യത്തോടെയാണ് തെരഞ്ഞെടുത്ത കുടുംബങ്ങൾക്ക് ആടുകളെ വിതരണം ചെയ്തത്.

## കാൻസർ പരിശോധനാക്യാമ്പുകൾ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ

നടത്തി. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ സൗജന്യ പരിശോധന നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങളിൽ ചിറ്റാരിക്കാൽ, ആലക്കോട്, നെല്ലിക്കാംപൊയിൽ എന്നിവിടങ്ങളിൽ നടത്തുന്നതായിരിക്കും.

## യൂണിറ്റ് തെരഞ്ഞെടുപ്പ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ എല്ലാ യൂണിറ്റുകളിലും തെരഞ്ഞെടുപ്പുകൾ പൂർത്തിയായി. മികച്ച തയ്യാറെടുപ്പുകളോടെ നടത്തിയ തെരഞ്ഞെടുപ്പിൽ പുതിയ ഭാരവാഹികളായി ചുമതലയേറ്റ എല്ലാവർക്കും ആശംസകൾ നേരുന്നു. ഇതുവരെ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവ്വഹിച്ച എല്ലാ യൂണിറ്റ് മുൻഭാരവാഹികളേയും നന്ദിയോടെ ഓർക്കുന്നു. തെരഞ്ഞെടുപ്പുകൾ ഭംഗിയായി നടത്തുവാൻ സഹകരിച്ച TSSS മേഖലാ ഡയറക്ടർമാരായ ഫാ. സാബു പുതുശ്ശേരി അച്ചനും, ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം അച്ചനും, ഫാ. ജോൺസൺ വേങ്ങപറമ്പിൽ അച്ചനും, ഫാ. ജോസഫ് കുരിശുമൂട്ടിൽ അച്ചനും TSSS മേഖലാ ഭാരവാഹികൾക്കും സ്റ്റാഫ് അംഗങ്ങൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ. മേഖലാ-യൂണിറ്റ് ഭാരവാഹികൾ തെരഞ്ഞെടുപ്പിൽ വിജയിച്ച ഭാരവാഹികളുടെ കൃത്യമായ ലിസ്റ്റ് തലശ്ശേരി TSSS കേന്ദ്ര ഓഫീസിൽ എത്രയും വേഗം എത്തിക്കേണ്ടതാണ്.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### സെപ്റ്റംബർ 2021

രാവിലെ 7.30 ന് കോളയാട് അൽഫോൻസാ പള്ളിയിൽ വി. ബലിയർപ്പിക്കുകയും നവീകരിച്ച സിമിത്തേരി വെഞ്ചരിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന വിൻസന്റ് ഡി പോൾ വാർഷിക സമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു.

27 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 7 മണിക്ക് ഓൺലൈനിലൂടെ നടന്ന എയ്ഞ്ചൽ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

28 രാവിലെ പെരിങ്കരി ഇടവകയിൽ കാട്ടാനയുടെ ആക്രമണത്തിൽ മരിച്ച ചെങ്ങനാച്ചേരി ജസ്റ്റിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
വൈകുന്നേരം തൊക്കിലങ്ങാടി ക്രിസ്തുരാജ ഹോസ്പറ്റിലിൽ നടന്ന ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ചു.

29 രാവിലെ പാലാരിവട്ടം പി.ഒ.സിയിൽ നടന്ന കെ.സി.ബി.സി സമ്മേളനത്തിൽ പങ്കെടുത്തു.

30 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കണ്ണൂർ ദീപിക ഓഫീസിൽ പുതിയതായി സ്ഥാപിച്ച പ്രിന്റിംഗ് മെഷീൻ വെഞ്ചരിച്ചു. തുടർന്ന് മദർഹോം ധ്യാനകേന്ദ്രത്തിൽ ബസാലേൽ എന്ന ഓൺലൈൻ ആരാധന പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

### ഒക്ടോബർ 2021

1 കുന്നോത്ത് സെമിനാരിയിൽ ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് പരീക്ഷ നടത്തി.

2 രാവിലെ 8 മണിക്ക് പൈസക്കരി ടൗണിൽ കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ലഹരി വിരുദ്ധാചരണം

ഉദ്ഘാടനം ചെയ്തു. 10 മണിക്ക് പൈസക്കരി ഇടവകയിൽ ജോയൽ തൊട്ടിയിലിന്റെ ഭവനം വെഞ്ചരിച്ചു. 11 മണിക്ക് അരീക്കമല ഇടവകയിൽ പ്ലാത്തോട്ടത്തിൽ മാർട്ടിൻ-വെറോനിക്ക ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് മാമ്മോദീസ നല്കി.

വൈകുന്നേരം 4 മണിക്ക് പെരുമ്പടവ് ഇടവകയിൽ നവീകരിച്ച മദ്ബഹയുടെ കൂദാശകർമ്മം നിർവഹിച്ചു.

3 രാവിലെ 10 മണിക്ക് തലശ്ശേരി സന്ദേശഭവനിൽ നടന്ന ചെറുപുഷ്പ മിഷൻ ലീഗ് പ്ലാറ്റിനം ജൂബിലി ഉദ്ഘാടന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് ഫാമിലി അപ്പസ്റ്റോലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ അവാർഡ്ദാനം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം മാനന്തവാടി തോണിച്ചാൽ ഇടവകയിൽ നിര്യാതനായ കുരിശിങ്കൽ പൗലോസ് സാറിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

4-6 മണ്ഡ്യരൂപത സന്ദർശിച്ചു. രാവിലെ 10 മണിക്ക് മണ്ഡ്യ രൂപതയിലെ ഹുൻസൂർ ഇടവക സന്ദർശിച്ചു. ഉച്ചക്ക് ഹിങ്കൽ ഇടവക സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് ഹിങ്കലിലുള്ള എസ്.ഡി കോൺവെന്റ് സന്ദർശിച്ചു. വൈകുന്നേരം മണ്ഡ്യ ബിഷപ്സ് ഹൗസിൽ വി. ബലിയർപ്പിച്ച് ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

5 രാവിലെ 9 മണിക്ക് ഹസ്സൻ മിഷൻ സെന്റർ സന്ദർശിച്ചു. 12 മണിക്ക് സകലേശ്പുർ മിഷൻ സെന്റർ സന്ദർശിച്ചു. വൈകുന്നേരം രുദ്രാക്ഷിപുര മിഷൻ സെന്റർ സന്ദർശിച്ചു.

6 രാവിലെ രുദ്രാക്ഷിപുര ഇടവകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ഗുത്തലു മിഷൻ സെന്റർ സന്ദർശിച്ചു. 12 മണിക്ക് മണ്ഡ്യയിലുള്ള എം.എസ്.റ്റി റീജിയണൽ ഹൗസ് സന്ദർശിച്ചു. തുടർന്ന് മണ്ഡ്യ സാൻ ജോസ് ഹോസ്പിറ്റൽ സന്ദർശിച്ചു. വൈകുന്നേരം 6 മണിക്ക് ദ്വാരക എസ്.എച്ച് സ്റ്റഡി സെന്ററിൽ വി.ബലിയർപ്പിച്ചു. തുടർന്ന് 9 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോ മലബാർ സ്ഥിരം സിനഡിൽ പങ്കെടുത്തു.

7 രാവിലെ 10 മണിക്ക് കുന്നോത്ത് എഫ്.സി.സി ഫോർമേഷൻ ഹൗസിൽ നടന്ന സന്യാസിനിമാരുടെ സഭാവസ്ത്ര സ്വീകരണത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് വെമ്പുവ എച്ച്.ജി.എൻ. ആശ്രമത്തിൽ നിർമ്മിച്ച ഗ്രോട്ടോ വെഞ്ചരിച്ചു. തുടർന്ന് പയ്യാവൂർ ഇടവക സന്ദർശിച്ചു.

08 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

09 9.30 ന് ചെമ്പേരി വിമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ ജർമ്മൻ ഭാഷ പഠിക്കുന്ന കുട്ടികളുമായി സംവദിച്ചു. 11 മണിക്ക് കോളേജിൽ നടന്ന ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

10 വൈകുന്നേരം മാഹി അമ്മത്രേസ്യാ തീർത്ഥാലയത്തിൽ തിരുന്നാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. 9 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

11 പുറവയലിൽ വൈ.എം.സി.എ.യുടെ പുതിയ ഓഫീസ് കെട്ടിടം വെഞ്ചരിച്ചു.

12 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

13 രാവിലെ 6.45 ന് കുന്നോത്ത് നസ്രത്ത് ജനറലേറ്റിൽ സിനാക്സിസിനോടനുബന്ധിച്ച് വി.ബലിയർപ്പിക്കുകയും പുതിയ ജനറാളിന്റെ തിരെഞ്ഞെടുപ്പിന് മേൽനോട്ടം വഹിക്കുകയും ചെയ്തു. 12 മണിക്ക് തളിപ്പറമ്പിൽ പുതിയതായി നിർമ്മിച്ച കവീസ് ഹോട്ടലിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. 4 മണിക്ക് ഓൺലൈനിലൂടെ നടന്ന ദീപിക അപ്പെക്സ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

14 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

15 രാവിലെ തൃശ്ശൂർ മൈനർ സെമിനാരിയിൽ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിനെ സന്ദർശിച്ചു

17 രാവിലെ 10 മണിക്ക് നടവയൽ പള്ളിയിൽ മിഷൻ ഞായർ ദിനത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് ഞറളക്കാട്ട് തറവാട്ടിൽ മാനന്തവാടി രൂപതയിലെ മിഷൻലീഗിലേയും മതബോധനത്തിലെയും ആദ്യകാല സഹപ്രവർത്തകരുടെ ഒത്തുച്ചേരലിന് ആദിഥ്യമരുളി.

18 രാവിലെ നടവയൽ പള്ളിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ഇടവകയിലെ തന്റെ ഗുരുഭൂതരെ സന്ദർശിച്ചു. തുടർന്ന് ദ്വാരക പ്രീസ്റ്റ് ഹോം സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് 4 മണിക്ക് ദ്വാരക എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു.

19 രാവിലെ 6.30 ന് നടവയൽ സി.എം.സി മഠത്തിൽ വി. ബലിയർപ്പിച്ചു. 10.30 ന് നടവയൽ പള്ളിയിൽ ചാച്ചന്റെയും സഹോദരന്റെയും ചരമവർഷിക ദിനത്തിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം 4 മണിക്ക് നടവയൽ സി.എം.സി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു.

20 രാവിലെ 10 മണിക്ക് മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തിയ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. 3 മണിക്ക് കല്ലോടി ഫൊറോന പള്ളിയിൽ നടന്ന മിഷൻ സംഗമത്തിൽ പങ്കെടുത്തു. തുടർന്ന് ദ്വാരക എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ചു.

21 രാവിലെ അതിരൂപത കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് പരപ്പ ഇടവകയിൽ മറ്റത്തിൽ മനു-ജിജി ദമ്പതികളുടെ നാലാമത്തെ കുട്ടി സേറയ്ക്ക് മാമ്മോദീസ നല്കി. തുടർന്ന് വി. ബലിയർപ്പിച്ചു. 6 മണിക്ക് പുതിയതായി നിർമ്മിച്ച വൈദിക മന്ദിരം വെഞ്ചരിച്ചു. തുടർന്ന് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ സന്ദർശിച്ചു.

22 രാവിലെ അതിരൂപത കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് കുന്നോത്ത് സെമിനാരിയിൽ ഡീക്കന്മാരുമായി സംവദിച്ചു. വൈകുന്നേരം സന്ദേശഭവനിൽ വി. ബലിയർപ്പിച്ചു.

## Programme of the Archbishop
## Mar George Njaralakatt

### November 2021

| | | | |
|---|---|---|---|
| 1-5 | | - | Annual Retreat |
| 06 | 10.30 am | - | Marriage - Payyannur |
| | 04.00 pm | - | Holy Qurbana - Kanichar |
| 07 | 07.00 am | - | Holy Qurbana - Kolakkad |
| 08 | 10.30 am | - | Holy Qurbana - DPM Provincial House-Kozhikode |
| | 05.30 pm | - | Holy Qurbana MSJ Provincial House-Kozhikode |
| 09 | 10.00 am | - | SABS Convent blessing - Nirmalagiri |
| 10 | 10.00 am | - | Holy Qurbana - SMS Provincial House, Pariyaram |
| 11-14 | | - | Bhadravathy |
| 15 | 10.30 am | - | Marriage - Arivilanjapoil |
| 16 | 05.00 pm | - | Jubilee- CMI Provincial House, Kozhikode |
| 17 | 04.00 pm | - | Jubilee- GSMS Kunnoth |
| 18 | 09.00 am | - | Ordination - Chempanthotty |
| | 06.00 pm | - | Minor Seminary |
| 19 | 06.30 am | - | Holy Qurbana - Minor Seminary |
| 20 | 09.00 pm | - | Ordination - Josemount |

| | | | |
|---|---|---|---|
| | 05.00 pm | - | Altar consecration - Pulikurumba |
| 21 | 06.45 pm | - | Holy Qurbana- FCC Provincial House- Kannur |
| | 06.00 pm | - | Holy Qurbana - DPM Convent - Perumpunna |
| 22 | 09.00 am | - | Ordination-Kunnoth |
| 23 | | - | POC, Palarivattam |
| 24 | | - | Jubiliarians meet- Archbishop's House |
| 25 | 06.30 am | - | Holy Qurbana - Cathedral Thalassery |
| | 12.30 pm | - | Dwaraka |
| 26 | | - | Nadavayal |
| 27 | | - | Presbyterium |
| 28 | 07.00 am | - | Holy Qurbana - Cathedral Thalassery |
| 29 | 10.30 am | - | Holy Qurana - Thamarassery |
| | 06. 00 am | - | Holy Qurana - SKD Generalate Kozhikode |

**December 2021**

| | | | |
|---|---|---|---|
| 04 | | - | Alpha Convocation Thalassery |
| 05 | | - | Arattuthara |
| 7-9 | | - | KCBC |
| 11 | | - | Mathruvedhi General body - Sandesabhavan |

**Secretary to the Archbishop**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### സെപ്റ്റംബർ 2021

28 രാവിലെ 6.30 ന് ധർമ്മടം ഹോളിഫാമിലി കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് പെരിങ്ങാല ഇടവകയിൽ പടിഞ്ഞാറേക്കര മേരിക്കുട്ടി വർഗ്ഗീസിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

30 വൈകുന്നേരം 5 മണിക്ക് കണ്ണൂർ ദീപിക ഓഫീസിൽ പുതിയതായി സ്ഥാപിച്ച പ്രിന്റിംഗ് മെഷീന്റെ വെഞ്ചരിപ്പ് കർമ്മത്തിൽ പങ്കെടുത്തു.

### ഒക്ടോബർ 2021

01 രാവിലെ 10.30 ന് അങ്ങാടിക്കടവ് ഇടവകയിൽ നിര്യാതനായ നിധിയിരിക്കൽ ഒ.എം. തോമസ് സാറിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് വള്ളിത്തോട് ടൗണിൽ എകെസിസിയുടെ ആഭിമുഖ്യത്തിൽ നടത്തിയ വന്യമൃഗശല്ല്യത്തിനെതിരെയുള്ള ഉപവാസ സമരത്തിൽ പ്രസംഗിച്ചു.

04 രാവിലെ 8 മണിക്ക് ചീക്കാട് ഇടവകയിൽ നിര്യാതനായ കാക്കത്തുരുത്തേൽ സെബാസ്റ്റ്യന്റെ ഭവനത്തിലെത്തി ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു. 12 മണിക്ക് മാനന്തവാടി തോണിച്ചാൽ ഇടവകയിൽ നിര്യാതനായ കുരിശുങ്കൽ പൗലോസിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

11 രാവിലെ 6.30 ന് കോടഞ്ചേരി പള്ളിയിൽ അമ്മയുടെ ചരമവാർഷിക ദിനത്തിൽ വി. ബലിയർപ്പിച്ചു.

13 ഉച്ചകഴിഞ്ഞ് 3 മണിക്ക് നിർമ്മലഗിരി കോളേജിൽ എൻഎസ്എസിന്റെ മികച്ച കോർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ട ദീപ ടീച്ചറിനെ അനുമോദിക്കുന്ന ചടങ്ങിൽ ആശംസകളറിയിച്ചു സംസാരിച്ചു.

15 രാവിലെ 6.30ന് തലശ്ശേരി എസ്.എച്ച്. കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

17 വൈകുന്നേരം 6.30 ന് സന്ദേശഭവനിൽ കൊന്തനമസ്ക്കാരത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

18 രാവിലെ 11.30ന് ഇരിട്ടി ഇടവകയിൽ നടന്ന വലിയമറ്റം ദിവ്യ-കാഞ്ഞിരത്തിങ്കൽ ഡോൺ ദമ്പതികളുടെ മനസമ്മതത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

21 രാവിലെ 10.30 ന് ശ്രീകണ്ഠാപുരം ഉണ്ണിമിശിഹാ പള്ളിയിൽ കാഞ്ഞിരത്തിങ്കൽ ഡോൺ വലിയമറ്റം ദിവ്യ ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

◈◈◈◈◈

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

**മാർ ജോസഫ് പാംപ്ലാനി**

## സെപ്റ്റംബർ 2021

27 ഷംഷാബാദ് രൂപതയിലെയും ഗോരഖ്പൂർ രൂപതയിലെയും വൈദിക രുടെ ഓൺലൈനിലൂടെ നടന്ന വാർഷിക ധ്യാനത്തിന് നേതൃത്വം കൊടുത്തു.

വൈകുന്നേരം 8 മണിക്ക് പെരിങ്കരി ഇടവകയിൽ കാട്ടാനയുടെ ആക്ര മണത്തിൽ മരിച്ച ജസ്റ്റിൻ ചെങ്ങനാശ്ശേരിയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

29 രാജഗിരി ഇടവകയിൽ നിര്യാതയായ അയലുകുന്നേൽ മേരിയുടെ മൃത സംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

30. 12 മണിക്ക് നിർമ്മലഗിരി കോളേജിലെ എൻ.എസ്. എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു വിദ്യാർത്ഥിക്ക് നിർമ്മിച്ച് നല്കിയ ഭവനത്തിന്റെ താക്കോൽ ദാനം നിർവ്വഹിച്ചു. വൈകുന്നേരം 5 മണിക്ക് കണ്ണൂർ ദീപിക ഓഫീസിൽ സ്ഥാപിച്ച പുതിയ പ്രിന്റിംഗ് മെഷീന്റെ വെഞ്ചരിപ്പ് കർമ്മ ത്തിൽ പങ്കെടുത്തു.

## ഒക്ടോബർ 2021

01 10.30 ന് അതിരൂപതാ കേന്ദ്രത്തിലുള്ള വിവിധ ഡിപ്പാർട്ടുമെന്റ് ഡയറ ക്ടർ അച്ചന്മാരുടെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. 2 മണിക്ക് അങ്ങാ ടിക്കടവ് ഇടവകയിൽ നിര്യാതനായ നിധിയിരിക്കൽ ഒ.എം. തോമസ് സാറിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് 3.30ന് എകെസിസിയുടെ ആഭിമുഖ്യത്തിൽ വള്ളിത്തോട് ടൗണിൽ നടന്ന വന്യമൃഗശല്യത്തിനെതിരെയുള്ള ഉപവാസസമര സമാ പന സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം 5 മണിക്ക് ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളെജ് ഭരണസമിതിയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

2 രാവിലെ 9 മണിക്ക് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ സന്ദർശിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തി. തുടർന്ന് ശാന്തി ഭവൻ സന്ദർശിച്ചു. 12 മണിക്ക് കരുവഞ്ചാൽ ടൗണിൽ വൈഎംസി എ യുടെ ആഭിമുഖ്യത്തിൽ നടന്ന ഉപവാസസമരത്തിൽ പ്രസംഗിച്ചു. 1 മണിക്ക് നെല്ലിക്കാംപൊയിൽ ഫൊറോനയിലെ വൈദികരുടെ സമ്മേള നത്തിൽ പങ്കെടുത്തു. വൈകുന്നേരം ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമു ഖ്യത്തിൽ ഓൺലൈനിലൂടെ നടത്തിയ ദിവ്യകാരുണ്യ കോൺഗ്രസ് അവലോകന മീറ്റിംഗിൽ മുഖ്യാതിഥിയായി സംസാരിച്ചു.

03 തലശ്ശേരി സന്ദേശഭവനിൽ നടന്ന ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി വർഷാരംഭം സമ്മേളനത്തിൽ പങ്കെടുത്തു. 3 മണിക്ക് ഫാമിലി അപ്പസ്റ്റോലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ അവാർഡ് ദാന ചടങ്ങിൽ പങ്കെടുത്തു. വൈകുന്നേരം 7 മണിക്ക് അതിരൂപതാകേന്ദ്രത്തിൽ നടന്ന എയ്ഞ്ചൽ ട്രസ്റ്റ് ഭരണസമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു.

04 നീലേശ്വരം മലബാർ മിഷനറി ബ്രദേഴ്സിന്റെ ആശ്രമത്തിൽ പുതിയ തായി നിർമ്മിച്ച ബലിപീഠം കൂദാശചെയ്തു.

05 പാലാ രാമപുരം ഇടവകയിൽ നിര്യാതനായ ജെയിംസ് വെണ്ണായപ്പിള ളിലച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

06 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് ചരൾ ഇടവകയിൽ നിര്യാതയായ പുളിച്ചമാക്കൽ അന്നമ്മയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

08 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

09 കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ നിർമ്മാണപ്രവർത്തന അവലോകനയോഗത്തിൽ അധ്യക്ഷതവഹിച്ചു. 3 മണിക്ക് തളിപ്പറമ്പിൽ നടന്ന എകെസിസിയുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് കെഎഎസ് റാങ്ക് ജേതാവ് കരിങ്ങടയിൽ അഖില ചാക്കോയുടെ ഭവന ത്തിലെത്തി അഭിനന്ദനമറിയിച്ചു. തുടർന്ന് ഫിലിപ്പ് കവിയിലച്ചന്റെ മാതാ പിതാക്കളെ സന്ദർശിച്ചു.

10\. അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 9 മണിക്ക് അതിരൂപതാ കേന്ദ്രത്തിൽ നടന്ന കൂരിയാ സമ്മേളനത്തിൽ പങ്കെടുത്തു.

11\. 10 മണിക്ക് കുന്നോത്ത് നസ്രത്ത് ജനറലേറ്റിൽ സിനാക്സിസിനോടനു ബന്ധിച്ച് സിസ്റ്റേഴ്സിന് ക്ലാസ്സെടുത്തു. 4 മണിക്ക് തോമാപുരം ഇടവക യിൽ കെസിബിസി മദ്യവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന ലഹരി വിരുദ്ധ വാരാചരണ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

12 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. 12 മണിക്ക് ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്റ്റാഫ് മീറ്റിംങ്ങിൽ പങ്കെടുത്തു.

13 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അരമനയിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

14 രാവിലെ 8 മണിക്ക് കള്ളാർ ഇടവകയിൽ കുട്ടികളുടെ ആഘോഷമായ ആദ്യകുർബാന സ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. 11 മണിക്ക് പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 8 മണിക്ക് ഓൺലൈനിലൂടെ ജീസസ് യൂത്ത് അംഗങ്ങൾക്ക് ക്ലാസ്സെടുത്തു.

15 രാവിലെ കുന്നോത്ത് സെമിനാരിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് മമ്പറം ഇന്ദിരാഗാന്ധി പബ്ലിക് സ്കൂളിൽ നടന്ന വിദ്യാരംഭം സമ്മേളനത്തിൽ പങ്കെടുത്ത് അവാർഡുകൾ വിതരണം ചെയ്തു.

16 12 മണിക്ക് ഒൺലൈനിലൂടെ നടന്ന ചെമ്പേരി എഞ്ചിനിയറിംഗ് കോളേജ് സ്റ്റാഫ് മീറ്റിംഗിൽ അധ്യക്ഷതവഹിച്ചു. വൈകുന്നേരം മിംസ് ഹോസ്പിറ്റിൽ ബ്രദർ അനാനിയുറമ്പേൽ ആൽവിന്റെ ചാച്ചനെ സന്ദർശിച്ചു.

17-22 കുന്നോത്ത് സെമിനാരിയിലെ ഡീക്കന്മാർക്ക് പട്ടത്തിനൊരുക്കമായുള്ള ധ്യാനത്തിന് നേതൃത്വം കൊടുത്തു.

18-22 കാനഡയിലെ മിസിസാഗ രൂപതയിലെ വൈദികരുടെ ഓൺലൈനിലൂടെ നടന്ന വാർഷികധ്യാനത്തിന് നേതൃത്വം കൊടുത്തു.

◈◈◈◈◈

# Programme of the Auxiliary Bishop
## MAR JOSEPH PAMPLANY

**November 2021**

| | | | |
|---|---|---|---|
| 1-5 | | - | Annual Retreat |
| 04-12 | | - | Annual Retreat of Priests – Rajkot Diocese |
| 13 | 11.00 am | - | Mother Home |
| | 01.30 pm | - | KCYM Directors' Meet - Thaliparamba |
| 14 | 10.00 am | - | KCBC Media Commission Meeting |
| 16 | 09.00 am | - | Ordination – Kunnumkai |
| | 02.30 pm | - | Ordination - Mandapam |
| 17 | 09.00 am | - | Ordination – Balal |
| | 02.30 pm | - | Ordination - Konnakkad |
| 18 | 06.00 pm | - | Minor Seminary |
| 20 | 09.00 pm | - | Ordination – Melechovva |
| 21-26 | | - | Annual Retreat of Priests – Diphu Diocese |
| 23 | 04.00 pm | - | Monthly Recollection – Great Britian Diocese |
| 27 | | - | Presbyterium |
| 28 | | - | Pulikurumba |
| 28- Dec. 03 | | - | Annual Retreat of Priests – Mangalore Diocese |

**Secretary to the Auxiliary Bishop**

◈◈◈◈◈



സിഎംസി സെന്റ് ജോസഫ്സ് പ്രൊവിൻസിന്റെ
പുതിയ പ്രൊവിൻഷ്യൽ ടീമംഗങ്ങൾ



നസ്രത്ത് സന്യാസിനി സമൂഹത്തിന്റെ പുതിയ സാരഥികൾ

## എഫ്. സി. സി സഭ സമൂഹത്തിലെ നവ സന്യാസിനിമാർക്ക് അനുമോദനങ്ങൾ



സി. ജെറിന
എഫ്.സി.സി



സി. മെർലിൻ അഗസ്റ്റിൻ
എഫ്.സി.സി



സി. എയ്ഞ്ചൽ
എഫ്.സി.സി



സി. അനിറ്റ ജോണി
എഫ്.സി.സി



സി. അനുഗ്രഹ
എഫ്.സി.സി



സി. അനി വർഗ്ഗീസ്
എഫ്.സി.സി



സി. ദിവ്യ അൽഫോൻസ
എഫ്.സി.സി



സി. ജിൻസി ജോണി
എഫ്.സി.സി

RNI Reg. No. *5910/18* Date of Publication: *28/10/2021*

**Registered KL/TLY/20/19-21**

Licensed to post without prepayment of postage

No. KL/PMG/NR/WPP/2/TLY/2019-21



2021 സെപ്റ്റംബർ 8 ന് അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവ്
കൂദാശചെയ്ത കള്ളാർ ഇൻഫെന്റ് ജീസസ് ദൈവാലയം

Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Hollow Way Road
Thalassery - 670 101. Published from Archbishop's House, Hollow Way Road,
Thalassery - 670 101 Kerala. Editor- Fr. Sajan George Thengumpally.